**എഡിറ്റോറിയൽ**

# ക്രൂശിന്റെ അർത്ഥ തലങ്ങൾ



ധനികനായ ഒരു യുവാവായിരുന്നു കൗണ്ട് സിൻസെൻ ഡോർഫ്. ഒരിക്കൽ ജർമ്മനിയിലെ ആർട്ട് ഗാലറി സന്ദർശിക്കവേ ഒരു ചിത്രത്തിന്മേൽ അദ്ദേഹത്തിന്റെ കണ്ണുകൾ ഉടക്കി. യേശുക്രിസ്തുക്രൂശിക്കപ്പെട്ടു കിടക്കുന്ന ഒരു പെയിന്റിങ്. ആ ചിത്രത്തെക്കാൾ അദ്ദേഹത്തെ പിടിച്ചു നിർത്തിയത് അതിന്റെ അടിക്കുറിപ്പാണ്: "ഞാൻ നിനക്കുവേണ്ടി ഇതു ചെയ്തു; നീ എനിക്കുവേണ്ടി എന്തു ചെയ്തു?"

സിൻസെൻ ഡോർഫ് ആ ചിത്രത്തിൽ വീണ്ടും സൂക്ഷിച്ചു നോക്കി. ക്രൂശിൽ കിടക്കുന്ന യേശുവിന്റെ ജലാർദ്രമായ കണ്ണുകൾ തന്നോടു മൂകമായി അതു തന്നെ ചോദിക്കുന്നതായി അദ്ദേഹത്തിനു തോന്നി: ഞാൻ നിനക്കുവേണ്ടി ഈ പങ്കപ്പാടുകൾ ഏറ്റു; നീ എനിക്കുവേണ്ടി എന്തു ചെയ്യും?

സിൻസെൻ ഡോർഫ് അന്നുതന്നെ പൂർണമായി ദൈവത്തിനായി തന്നെത്തന്നെ സമർപ്പിച്ചു. അദ്ദേഹത്തിന്റെ ജീവിതലക്ഷ്യം തന്നെ അതോടെ മാറിപ്പോയി. തുടർന്ന് ലോകപ്രശസ്തമായ മൊറേവിയൻ മിഷനറിപ്രസ്ഥാനം അദ്ദേഹം ആരംഭിച്ചു.

സിൻസെൻ ഡോർഫിന്റെ ജീവിതത്തിന്റെ ദിശ വ്യത്യാശപ്പെടുത്തിയ ഈ പെയിന്റിങ് വരച്ചതും അടിക്കുറിപ്പ് എഴുതിയതും ജർമ്മൻ ചിത്രകാരനായ സ്റ്റേൺ ബർഗ് ആയിരുന്നു. അതിന്റെ പിന്നിലുമുണ്ട് ഒരു കഥ.

ഒരു നാമധേയക്രിസ്ത്യാനിയായിരുന്നെങ്കിലും സ്റ്റേൺ ബർഗ് ഒരിക്കൽ യേശു പീഡനമേറ്റുക്രൂശിൽ കിടക്കുന്ന ചിത്രം വരയ്ക്കാൻ തുടങ്ങി. പക്ഷേ പെയിന്റിങ് പൂർത്തിയാക്കുന്നതിനു മുൻപ് അദ്ദേഹത്തിന് അതിലുള്ള താത്പര്യം നഷ്ടപ്പെട്ടു. ചിത്രം സ്റ്റുഡിയോയുടെ ഒരു മൂലയിൽ ഉപേക്ഷിച്ചിട്ട് അദ്ദേഹം 'നൃത്തം ചെയ്യുന്ന ഒരു ജിപ്സി പെൺകുട്ടി'യുടെ പടം വരയ്ക്കുവാൻ ആരംഭിച്ചു. ചിത്രത്തിന് മോഡലായി ആഴ്ചകളോളം ഒരു ജിപ്സി പെൺകുട്ടി സ്റ്റുഡിയോയിൽ വരുമായിരുന്നു. അവളുടെ ശ്രദ്ധ പൂർത്തിയാകാതെ കിടന്ന യേശുവിന്റെ പെയിന്റിങിൽ യാദൃച്ഛികമായി പതിഞ്ഞു. യേശുവിനെക്കുറിച്ചു കേട്ടിട്ടുപോലും ഇല്ലാതിരുന്ന ആ നാടോടി പെൺകുട്ടി സ്റ്റേൺ ബർഗിനോടു ചോദിച്ചു: "സർ, ഇയാളെ ഇങ്ങനെ ക്രൂരമായി ക്രൂശിൽ തറച്ചുകൊല്ലണമെങ്കിൽ ഇയാൾ ഒരു നീചമനുഷ്യനായിരുന്നിരിക്കണം അല്ലേ?"

യേശുവിനെ വ്യക്തിപരമായി അറിഞ്ഞിരുന്നില്ലെങ്കിലും സ്റ്റേൺ ബർഗ് തന്റെ ധാരണയിൽ നിന്ന് ഇങ്ങനെ മറുപടി നൽകി: "അല്ലല്ല. അദ്ദേഹം ഒരിക്കലും ഒരു നീചമനുഷ്യനായിരുന്നില്ല. അദ്ദേഹം ഒരു നല്ല മനുഷ്യൻ ആയിരുന്നു. ജീവിച്ചിരുന്നവരിലേക്കും വച്ച് ഏറ്റവും നല്ല മനുഷ്യൻ. അദ്ദേഹം എല്ലാവർക്കുംവേണ്ടിയാണ് മരിച്ചത്". "ഉവ്വോ?" ആ ജിപ്സി പെൺകുട്ടി നിഷ്ക്കളങ്കമായി പെട്ടെന്ന് ഇങ്ങനെ പറഞ്ഞു "എങ്കിൽ അദ്ദേഹം സാറിനും വേണ്ടി കൂടിയാണല്ലോ മരിച്ചത്" ആ വാക്കുകൾ അസ്ത്രം പോലെ സ്റ്റേൺ ബർഗിന്റെ ഹൃദയത്തിൽ തറച്ചു. ഒടുവിൽ യേശുവിനെ നാഥനും കർത്താവുമായി സ്വീകരിച്ചു. പുതിയ ഒരു ഉണർവ്വോടെ അദ്ദേഹം യേശുവിന്റെ ക്രൂശീകരണത്തിന്റെ പെയിന്റിങ് പൂർത്തിയാക്കി. ചിത്രം തീർന്നപ്പോൾ ഏറെ ആലോചിച്ച് അടിക്കുറിപ്പും എഴുതിവച്ചു.

ഈ പെയിന്റിങാണ്, അടിക്കുറിപ്പാണ്, സിൻസെൻ ഡോർഫിനെ സമർപ്പിതമായ ഒരു ജീവിതത്തിലേക്കു തൊട്ടുവിളിച്ചത്; മൊറേവിയൻ മിഷനറിസമൂഹത്തിനു ബീജാവാപം ചെയ്തത്. ഒരു മൊറേവിയൻ മിഷനറിയാണു പിന്നീട് ലോകം കണ്ട ഏറ്റവും വലിയ ദൈവഭൃത്യന്മാരിൽ ഒരാളായ ജോൺ വെസ്ലിയെ രക്ഷാനിർണയത്തിലേക്കു നയിച്ചതെന്ന് ഓർക്കുമ്പോൾ സ്റ്റേൺ ബർഗിന്റെ പെയിന്റിങും 'ഞാൻ നിനക്കായി ഇതു ചെയ്തു; നീ എനിക്കായി എന്തു ചെയ്തു?' എന്ന അടിക്കുറിപ്പും ചെയ്ത ദൈവപ്രവൃത്തിയുടെ വ്യാപ്തിയെക്കുറിച്ചു നാം അമ്പരന്നുപോകും!.

യേശു നമുക്കായി എന്തുചെയ്തു? അവിടുന്നു നമ്മെ സ്നേഹിച്ചു ക്രൂശിൽ മരിച്ചു. എന്തിനാണ് അവിടുന്നു ക്രൂശിൽ മരിച്ചത്? പാപികളെ രക്ഷിപ്പാൻ, നഷ്ടപ്പെട്ട ലോകത്തെ വീണ്ടുടുക്കാൻ, സഭയെ പണിയാൻ എന്നെല്ലാം നമുക്കു പറയാൻ കഴിയും. എല്ലാം ശരിയാണ്. പക്ഷേ അവിടുത്തെ ആത്യന്തികലക്ഷ്യം ബൈബിളിലെ അവസാനപുസ്തകമായ വെളിപ്പാടിലെത്തുമ്പോൾ മറനീക്കി പുറത്തുവരുന്നു–തനിക്ക് ഒരു കാന്തയെ (Bride) വേണം. ഈ കാന്ത മറ്റാരുമല്ല നമ്മളാണ്. യേശുവിന്റെ ഈ ആത്യന്തികലക്ഷ്യത്തെക്കുറിച്ചു നമുക്കു ബോധ്യം ഉണ്ടെങ്കിൽ, യേശു നമുക്കു വേണ്ടി ക്രൂശിൽ മരിച്ചതിനു പ്രതിഫലമായി നമുക്ക് അവിടുത്തേക്കുവേണ്ടി ചെയ്യാൻ കഴിയുന്നത് ഒരു കാര്യമാണ്. വെളിപ്പാടു പുസ്തകത്തിൽ ഒരു കൊച്ചു വാക്യത്തിൽ അതിങ്ങനെ സംക്ഷേപിച്ചിരിക്കുന്നു–'അവന്റെ കാന്തയും തന്നെത്താൻ ഒരുക്കിയിരിക്കുന്നു' (19:7). പരിശുദ്ധനായ യേശുവിന്റെ മണവാട്ടിയാണുനാമെങ്കിൽ നാം 'എത്ര വിശുദ്ധജീവിതവും ഭക്തിയും' ഉള്ളവരായിരിക്കണം (1 പത്രോസ് 3:12). മനോഭാവത്തിൽ, ചിന്തകളിൽ, ജീവിതത്തിൽ ഉള്ള ഈ വിശുദ്ധിയുടെ അടിസ്ഥാനം ക്രൂശാണ്.

നമ്മോടുള്ള ബന്ധത്തിൽ ക്രൂശിന്റെ പ്രവർത്തനത്തിനു മൂന്നു തലങ്ങളുണ്ട്. അതിൽ ഒന്നാമത്തേത് ക്രൂശിൽ പൂർത്തിയായ ഒരു കാര്യമാണ്. (Accomplished fact)അതു റോമർ 6:6, ഗലാത്യർ 2:20 എന്നീ ഭാഗങ്ങളിൽ കാണുന്നു: "നാം ഇനി പാപത്തിന് അടിമപ്പെടാതവണ്ണം പാപശരീരത്തിനു നീക്കം വരേണ്ടതിന് നമ്മുടെ 'പഴയ മനുഷ്യൻ' (പാപത്തോടു കെട്ടപ്പെട്ടുകിടക്കുന്ന നമ്മുടെ മനസ്സും പ്രകൃതിയും) അവനോടു കൂടെ ക്രൂശിക്കപ്പെട്ടു. "ഞാൻ ക്രിസ്തുവിനോടുകൂടി ക്രൂശിക്കപ്പെട്ടിരിക്കുന്നു".

രണ്ടാമത്തേത് ആ പൂർത്തിയാക്കപ്പെട്ടകാര്യം നമ്മുടെ ജീവിതത്തിൽ നടപ്പിൽ കൊണ്ടുവരുന്നതാണ്. (Application)ഗലാത്യർ 5:24 ൽ അതു കാണാം. 'ക്രിസ്തു യേശുവിനുള്ളവർ ജഡത്തെ അതിന്റെ രാഗമോഹങ്ങളോടുകൂടെ ക്രൂശിച്ചിരിക്കുന്നു."

മൂന്നാമത്തേത് ഈ ക്രൂശ് നമ്മുടെ ദൈനംദിനജീവിതത്തിലെ അനുഭവമായി (Experience)മാറുന്നതാണ്. "എന്നെ അനുഗമിപ്പാൻ ഒരുത്തൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ നിഷേധിച്ച് നാൾ തോറും തന്റെ ക്രൂശ് എടുത്തുകൊണ്ട് എന്നെ അനുഗമിക്കട്ടെ" (ലൂക്കോസ് 9:23)

സ്വന്തഇഷ്ടത്തിനു ദിനംതോറും മരിക്കുന്നതാണു ക്രൂശിന്റെ പ്രായോഗികജീവിതത്തിലെ അനുഭവതലം. യേശു ഭൂമിയിലായിരുന്നപ്പോൾ അവസാനം കാൽവറിയിൽ അക്ഷരികമായി ക്രൂശിക്കപ്പെടുന്നതുവരെ അവിടുന്നും ആന്തരികമായി ഈ ക്രൂശുവഹിച്ചു. (ഞാൻ എന്റെ ഇഷ്ടത്തെ നിഷേധിച്ചു എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്യാനാണു സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്നിരിക്കുന്നതെന്നു പറയുന്നഭാഗം നോക്കുക. യോഹന്നാൻ 6:38). യേശു ജീവിതത്തിൽ ക്രൂശുവഹിച്ചു; ഒടുവിൽ ക്രൂശിൽ മരിച്ചു. നാമാകാട്ടെ ആദ്യം ക്രൂശിൽ മരിക്കുന്നു; പിന്നെ ക്രൂശു വഹിക്കുന്നു (ഗലാത്യർ 2:20, ലൂക്കോസ് 9:23).

ദിനംതോറും സ്വന്തഇഷ്ടത്തെ നിഷേധിക്കുന്ന ക്രൂശ് എടുത്ത് യേശുവിനെ അനുഗമിക്കുന്ന കാര്യം ഇന്നത്തെ ക്രിസ്തീയലോകത്തിന് ഏറെക്കുറെ അപരിചിതമായിക്കഴിഞ്ഞു. നമുക്കുവേണ്ടി യേശുക്രൂശിൽ മരിച്ചെങ്കിൽ തനിക്കുവേണ്ടി (തനിക്ക് ഒരു കാന്തയെ ലഭിക്കുന്നതിനുവേണ്ടി) നാമും ക്രൂശിനെ ആശ്ലേഷിക്കുകയല്ലേ വേണ്ടത്? ഇതല്ലേ നമുക്ക് ഈ കാലഘട്ടത്തിൽ തനിക്കുവേണ്ടി അർത്ഥപൂർണമായി ചെയ്യാൻ കഴിയുന്നത്?

വചനം

# ഞാൻ ക്രിസ്തുവിനോടുകൂടി ക്രൂശിക്കപ്പെട്ടിരിക്കുന്നു

ഏലിയാസ് ആസ്‌ലാക്സൻ

**യേ**ശുക്രിസ്തു ക്രൂശിക്കപ്പെട്ടു എന്നത് ഒരു കാര്യം. നാം ക്രിസ്തുവിനോടുകൂടി ക്രൂശിക്കപ്പെട്ടിരിക്കുന്നു എന്നത് അതിൽ നിന്നും വിഭിന്നമായ മറ്റൊരു കാര്യം. യേശു ദൈവഹിതം ചെയ്തു എന്നതിൽ നിന്നും അത്യന്തം വിഭിന്നമായ മറ്റൊരു കാര്യമാണല്ലോ നാം ദൈവഹിതം ചെയ്യണം എന്നത്. ക്രൂശിക്കപ്പെടുക എന്ന അനുഭവത്തിൽ നിന്ന് നമ്മെ ഒഴിച്ചുനിറുത്തുവാൻ വേണ്ടിയല്ല യേശു ക്രൂശിക്കപ്പെട്ടത്; പിന്നെയോ തന്നോടുകൂടി നാമും ക്രൂശിക്കപ്പെടുവാൻ വേണ്ടിത്തന്നെയാണ് അവിടുന്നു ക്രൂശുമരണം വരിച്ചത്.

'ക്രിസ്തു നമ്മുടെ പാപങ്ങൾക്കു വേണ്ടി തിരുവെഴുത്തുകളിൻ പ്രകാരം മരിച്ചു' (1 കൊരി: 15:3). 'അവൻ നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേറ്റും നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നുമിരിക്കുന്നു; നമ്മുടെ സമാധാനത്തിനായുള്ള ശിക്ഷ അവന്റെ മേൽ ആയി' (യെശയ്യാവ് 53:5). ഈ വാക്യങ്ങളിൽ പറയുന്ന കാര്യം നമ്മെ സംബന്ധിച്ചു ശരിയാണെന്ന് നമുക്കെല്ലാമറിയാം: എന്നാൽ നാം അവനോടു



ക്രിസ്തുവിന്റെ കാൽപ്പാടുകൾ പിൻതുടരാതെ സ്വന്തവഴിക്ക് തിരിയുവാനാണ് നമുക്കുവേണ്ടി ജീവിക്കുന്ന കാലത്തോളം നമ്മുടെ താത്പര്യം

**നാം അവനോടുകൂടി ക്രൂശിക്കപ്പെട്ടിരിക്കുന്നുവെന്നും നമ്മുടെ ജീവിതത്തിൽ ഈ കാര്യം വിശ്വാസത്താൽ ഇപ്പോൾ തന്നെ ഒരു യാഥാർത്ഥ്യമാക്കിത്തീർക്കാവുന്നതും തീർക്കേണ്ടതുമാണെന്നും ഉള്ള വസ്തുത മിക്കവാറും അജ്ഞാതവും മറഞ്ഞിരിക്കുന്നതുമായ ഒന്നത്രേ. ഭൂരിപക്ഷം പേരും ഇക്കാര്യം കേട്ടിട്ടേയില്ല. ചുരുക്കം ചിലർ അതിനെപ്പറ്റി അല്പമൊക്കെ കേട്ടിട്ടുണ്ട്; വളരെ അപൂർവം പേർക്ക് മാത്രമേ കൃപയാൽ അതു തങ്ങളുടെ ജീവിതത്തിൽ ഒരു സത്യമാക്കിത്തീർക്കുവാൻ സാധിച്ചിട്ടുള്ളൂ.**

കൂടി ക്രൂശിക്കപ്പെട്ടിരിക്കുന്നുവെന്നും നമ്മുടെ ജീവിതത്തിൽ ഈ കാര്യം വിശ്വാസത്താൽ ഇപ്പോൾ തന്നെ ഒരു യാഥാർത്ഥ്യമാക്കിത്തീർക്കാവുന്നതും തീർക്കേണ്ടതുമാണെന്നും ഉള്ള വസ്തുത മിക്കവാറും അജ്ഞാതവും മറഞ്ഞിരിക്കുന്നതുമായ ഒന്നത്രേ. ഭൂരിപക്ഷം പേരും ഇക്കാര്യം കേട്ടിട്ടേയില്ല. ചുരുക്കം ചിലർ അതിനെപ്പറ്റി അല്പമൊക്കെ കേട്ടിട്ടുണ്ട്; വളരെ ചുരുക്കം പേർ അത് യാഥാർത്ഥ്യമാക്കുവാൻ ശ്രമം ചെയ്തിട്ടുണ്ട്; എന്നാൽ വളരെ വളരെ അപൂർവം പേർക്ക് മാത്രമേ കൃപയാൽ അതു തങ്ങളുടെ ജീവിതത്തിൽ ഒരു സത്യമാക്കിത്തീർക്കുവാൻ സാധിച്ചിട്ടുള്ളു.

**ഞാൻ ക്രൂശിക്കപ്പെട്ടിരിക്കുന്നു**

'ഞാൻ ക്രിസ്തുവിനോടു കൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നത് ഞാനല്ല, ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു. ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ച് എനിക്കുവേണ്ടി തന്നെത്താൻ ഏല്പിച്ചുകൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രേ ജീവിക്കുന്നത്' (ഗലാത്യർ 2:20). '...ജീവിക്കുന്നവർ ഇനി തങ്ങൾക്കായിട്ടല്ല, തങ്ങൾക്കുവേണ്ടി മരിച്ച് ഉയിർത്തവനായിട്ടുതന്നെ ജീവിക്കേണ്ടതിന് അവൻ എല്ലാവർക്കും വേണ്ടി മരിച്ചു' (2കോരി: 5:15).

ഇതാണ് വാസ്തവത്തിൽ ക്രിസ്തുമാർഗത്തിന്റെ കേന്ദ്രം; ക്രിസ്തുവിലുള്ള വിശ്വാസത്തിന്റെ ഇളകാത്ത അടിസ്ഥാനം. ഒരു വ്യക്തിയുടെ അനുഭവത്തിൽ ഇതു സത്യമായിത്തീരുന്നതുവരെ അവൻ നിരന്തരമായ പരാജയത്തിൽ ജീവിക്കേണ്ടിവരും; അതു സമ്പൂർണ്ണമായ പരാജയമായിത്തീരുകയും ചെയ്യും. നാം നമുക്കുവേണ്ടി ജീവിക്കുന്ന കാലത്തോളം ജീവിതം ദുരിതപൂർണ്ണമായേ ഇരിക്കൂ. കാരണം, നമ്മിൽ എന്നുവച്ചാൽ നമ്മുടെ ജഡത്തിൽ യാതൊരു നന്മയും വസിക്കുന്നില്ല. സ്വന്ത പരിശ്രമം മൂലം യാതൊരുവനും ക്രിസ്തുവിന്റെ കാൽപ്പാടുകൾ പിന്തുടരുവാനും ദൈവഹിതം ചെയ്‌വാനും ദൈവകൽപനകൾ പ്രമാണിക്കുവാനും സാധ്യമല്ലതന്നെ.

നാമെല്ലാം ജഡസ്വഭാവമുള്ളവരാണ്; തന്മൂലം പൂർണ്ണമായും അധഃപതിച്ചവരും ഗതിയറ്റവരും നിസ്സഹായരും നന്നാവാൻ സാധ്യതയില്ലാത്തവരുമാണ്. നന്മചെയ്യുവാൻ ഒരുവൻ കൂടുതൽ കൂടുതൽ ശ്രമിക്കുന്തോറും അതിൽ യാതൊരാശയ്ക്കും വഴിയില്ലെന്നുള്ള വസ്തുത അവന് കൂടുതൽ കൂടുതൽ ബോധ്യമാകും. അടിമുതൽ മുടിവരെ ദുഷിച്ച് യാതൊരാശയ്ക്കും വഴിയില്ലാത്ത ഒരുവന്റെ കാര്യത്തിൽ നമുക്ക് പിന്നീട് എന്താണ് ചെയ്‌വാൻ കഴിയുക? ഈ യാഥാർത്ഥ്യം എല്ലാ രൂക്ഷതയോടുംകൂടി നാം അറിയുകയും അനുഭവപ്പെടുത്തുകയും ചെയ്യുമ്പോൾ നാം ക്രിസ്തുവിനോടുകൂടി ക്രൂശിക്കപ്പെട്ടിരിക്കുന്നുവെന്നും നമ്മുടെ കടപ്പത്രം മാത്രമല്ല, കടക്കാരായ നാം തന്നെയും ക്രിസ്തുവിന്റെ ക്രൂശിനോടു ചേർത്ത് ആണികളിൽ തറയ്ക്കപ്പെട്ടിരിക്കുന്നവെന്നുമുള്ള സത്യം കാണു





**ഈ ലോകത്തിൽ തികച്ചും വിജയകരമായ ഒരു ജീവിതം നയിക്കുന്നതാര്? വിശ്വാസത്താൽ ക്രിസ്തുവിനോടു കൂടി ക്രുശിക്കപ്പെട്ടിരിക്കുന്ന ഏതൊരുവനും തന്നെ. ഇനി മേലാൽ ഞാനല്ല ജീവിക്കുന്നത് എന്ന അനുഭവത്തിലേക്കു പ്രവേശിച്ച ഒരുവൻ, അവൻ മാത്രം.**

**പ്രിയപ്പെട്ട വായനക്കാരാ, ഈ നിലപാടിലേക്ക് കൃപയാൽ വന്നുചേരേണ്ടതും അതിൽ നിലനിൽക്കേണ്ടതും പരമപ്രധാനമായ ഒരു കാര്യം തന്നെയാണ്.**

വാൻ ദൈവം നമ്മുടെ കണ്ണുകൾ തുറന്നു തരും (കൊലോ:2:14).

ഇതെല്ലാം ക്രിസ്തു ചെയ്ത പ്രവൃത്തിയിൽ ഉൾപ്പെട്ടതാണ്. അത് അപ്രകാരമെന്ന് ദൈവം പരിഗണിച്ചിരിക്കുന്നു. അതിനാൽ അത് അപ്രകാരം തന്നെ. എന്നാൽ ബഹുഭൂരിപക്ഷമാളുകളും ഇക്കാര്യം അറിയുകയോ അനുഭവത്തിലാക്കുകയോ ചെയ്തിട്ടില്ല. പൗലോസിനെപ്പോലെ 'ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി മേലാൽ ഞാൻ ജീവിക്കുന്നില്ല' എന്നു പറയാൻ കഴിയുന്ന ഒരവസ്ഥയിലേക്ക് അവർ ഒരിക്കലും വന്നുചേർന്നിട്ടില്ല. വിജയകരമായ ഒരു ക്രിസ്തീയ ജീവിതം നയിക്കുവാൻ ഒരുവനു കഴിയുന്നില്ലെങ്കിൽ അവന് ഇപ്രകാരം പറയാൻ സാധ്യമല്ല.

ഈ ലോകത്തിൽ തികച്ചും വിജയകരമായ ഒരു ജീവിതം നയിക്കുന്നതാര്? വിശ്വാസത്താൽ ക്രിസ്തുവിനോടു കൂടി ക്രുശിക്കപ്പെട്ടിരിക്കുന്ന ഏതൊരുവനും തന്നെ. ഇനി മേലാൽ ഞാനല്ല ജീവിക്കുന്നത് എന്ന അനുഭവത്തിലേക്കു പ്രവേശിച്ച ഒരുവൻ, അവൻ മാത്രം.

പ്രിയപ്പെട്ട വായനക്കാരാ, ഈ നിലപാടിലേക്ക് കൃപയാൽ വന്നുചേരേണ്ടതും അതിൽ നിലനിൽക്കേണ്ടതും പരമപ്രധാനമായ ഒരു കാര്യം തന്നെയാണ്. മഹത്വപൂർണ്ണവും അഗാധവുമായ ഒരു സത്യമാണിത്. ദൈവം മഹത്വപൂർണ്ണനാണ്; അത്ഭുതദൈവമെന്നാണ് അവിടത്തെ നാമം. ഇത്രമാത്രം മഹത്വപൂർണ്ണമായ ഒരു പദവിയിലേക്കു തന്റെ കരുണയാൽ നമ്മെ വിളിക്കുവാൻ ഇഷ്ടം തോന്നിയവനും അവിടുന്നു തന്നെ. ഈ അത്ഭുതാവഹമായ കാര്യം അവിടുന്ന് നമ്മിൽ നിറവേറ്റുകയും ചെയ്യും (1 തെസ്സ: 5:23,24).

**നമ്മുടെ പഴയ മനുഷ്യൻ ക്രുശിക്കപ്പെട്ടിരിക്കുന്നു**

'നാം ഇനി പാപത്തിന് അടിമപ്പെടാതവണ്ണം പാപശരീരത്തിനു നീക്കം വരേണ്ടതിന് നമ്മുടെ പഴയ മനുഷ്യൻ അവനോടു കൂടെ ക്രൂശിക്കപ്പെട്ടു എന്ന് നാം അറിയുന്നു. റോമർ 6:6 ഇപ്രകാരം 'നാം അറിയുന്നു' എന്ന് റോമിലുള്ള ക്രിസ്ത്യാനികൾക്ക് പൗലോസ് എഴുതുന്നു. എന്നാൽ ഇന്ന് എവിടെയുള്ള ക്രിസ്ത്യാനികളോടാണ് ഒരാൾക്ക് ഇപ്രകാരം എഴുതാൻ കഴിയുക? തന്റെ പഴയ മനുഷ്യൻ സത്യമായും ക്രിസ്തുവിനോടുകൂടി ക്രൂശിക്കപ്പെട്ടിരിക്കുന്നു എന്ന് അറിയുന്ന ഒരുവൻ ഇന്ന് എവിടെ?

അതിനാൽ ഈയൊരു അറിവിലേക്കും അനുഭവത്തിലേക്കും യാഥാർത്ഥ്യത്തിലേക്കും നിവൃത്തിയുള്ളിടത്തോളം ആളുകൾ വന്നുചേരണം . ക്രിസ്തു ക്രൂശിൽ മരിച്ചപ്പോൾ നമ്മുടെ പഴയ മനുഷ്യനും അവനോടുകൂടെ ക്രൂശിക്കപ്പെട്ടു. കാൽവറിയിൽ യേശു യാഥാർത്ഥ്യമാക്കിത്തീർത്ത മരണം-നമ്മുടെ പഴയ മനുഷ്യന്റെ മരണം- ഇപ്പോൾ നമ്മിലോരോരുത്തരിലും ഒരു യാഥാർത്ഥ്യമായിത്തീരണം. ഇരിക്കട്ടെ, നമ്മുടെ പഴയ മനുഷ്യൻ എന്നുപറഞ്ഞാൽ എന്താണർത്ഥം? പാപമെന്നു നാമറിയുന്ന കാര്യങ്ങളോട്

> **ഇപ്പോൾ വരെയും പാപമെന്ന് നാം അംഗീകരിച്ചിട്ടില്ലാത്ത കാര്യങ്ങളെ സ്വാഭാവികമായും ക്രൂശിൽ തറയ്ക്കുവാനോ ഉരിഞ്ഞുകളവാനോ നമുക്ക് സാധ്യമല്ല. ഇതു കേവലം സാമാന്യ ബുദ്ധികൊണ്ടു തന്നെ ഗ്രഹിക്കാവുന്നതാണ്. എന്നാൽ നമ്മുടെ പാപങ്ങളെക്കുറിച്ചു പുതിയ വെളിച്ചം നമുക്കു ലഭിച്ചാലുടൻ തന്നെ അവയെ നാം ക്രൂശിന്മേൽ തറയ്ക്കേണ്ടതാണ്. അത് സാധ്യവുമത്രേ.**

കെട്ടപ്പെട്ടു കിടക്കുന്ന നമ്മുടെ മനസ്സും ആ മനസ്സിന്റെ ഇച്ഛയെ നിറവേറ്റുന്ന നമ്മുടെ ശരീരവുമാണ് നമ്മുടെ പഴയ മനുഷ്യൻ. ഈ വ്യക്തി മുഴുവനായും ക്രൂശിക്കപ്പെടുകയും ഇവനെ നമ്മിൽ നിന്ന് നിശ്ശേഷം ഉരിഞ്ഞുകളയുകയും വേണം. അതു സാധ്യവുമാണ് (എഫേ. 4:22, കൊലോ.3:8). ഇപ്പോൾ വരെയും പാപമെന്ന് നാം അംഗീകരിച്ചിട്ടില്ലാത്ത കാര്യങ്ങളെ സ്വാഭാവികമായും ക്രൂശിൽ തറയ്ക്കുവാനോ ഉരിഞ്ഞുകളവാനോ നമുക്ക് സാധ്യമല്ല. ഇതു കേവലം സാമാന്യബുദ്ധികൊണ്ടു തന്നെ ഗ്രഹിക്കാവുന്നതാണ്. എന്നാൽ നമ്മുടെ പാപങ്ങളെക്കുറിച്ചു പുതിയ വെളിച്ചം നമുക്കു ലഭിച്ചാലുടൻ തന്നെ അവയെ നാം ക്രൂശിന്മേൽ തറയ്ക്കേണ്ടതാണ്. അത് സാധ്യവുമത്രേ.

പാപപ്രവൃത്തിയെന്നു നാം മനസ്സിലാക്കുന്ന ഏതൊരു കാര്യവും പഴയ മനുഷ്യനിൽ നിന്നുളവാകുന്നതാണ്. അതിനാൽ പഴയ മനുഷ്യനെ സമ്പൂർണ്ണമായും ഉരിഞ്ഞുകളയുക എന്നു പറഞ്ഞാൽ നമുക്ക് വെളിച്ചം ലഭിച്ചിടത്തോളം പാപത്തിന്മേൽ ജയം നേടുക എന്നാണ് അതിന്റെയർത്ഥം.

**ജഡത്തെ അതിന്റെ രാഗമോഹങ്ങളോടുകൂടെ ക്രൂശിക്ക (ഗലാ. 5:24)**

എന്തിനെയാണ് നാം ക്രൂശിക്കേണ്ടത്? വിശ്വാസത്തെയും സത്യത്തെയും പറ്റി പഠിപ്പിക്കുന്ന ദിവ്യജ്ഞാനിയായ പൗലോസ് മറുപടി പറയുന്നു: 'ജഡത്തെ-അതിന്റെ എല്ലാ രാഗമോഹങ്ങളോടും കൂടെ'. ഈ ക്രൂശീകരണത്താൽ നശിക്കുന്നതെന്ത്? ജഡം. തൽഫലമായി ഏതുതരം പ്രവൃത്തികളാണ് നാശമടയുന്നത്? ജഡത്തിന്റെ പ്രവൃത്തികൾ, മേലുദ്ധരിച്ച വാക്യത്തിനു തൊട്ടുമുമ്പായി ഗലാതൃർ 5:19-21 വാക്യങ്ങളിൽ ഈ പ്രവൃത്തികളെ എടുത്തു കാണിച്ചിട്ടുണ്ട്. നോക്കുക:

'ജഡത്തിന്റെ പ്രവൃത്തികളോ ദുർന്നടപ്പ്, അശുദ്ധി, ദുഷ്കാമം, വിഗ്രഹാരാധന, ആഭിചാരം, പക, പിണക്കം, ജാരശങ്ക, ക്രോധം, ശാഠ്യം, ദ്വന്ദ്വപക്ഷം, ഭിന്നത, അസൂയ, മദ്യപാനം, വെറിക്കുത്ത് മുതലായവ എന്ന് വെളിവാകുന്നു. ഈവക പ്രവർത്തിക്കുന്നവർ ദൈവരാജ്യം അവകാശമാക്കുകയില്ല എന്നു ഞാൻ മുമ്പേ പറഞ്ഞതുപോലെ ഇപ്പോഴും നിങ്ങളോടു മുൻകുട്ടിപ്പറയുന്നു.'

മുതലായവ എന്ന പദം എന്തു വ്യക്തമാക്കുന്നു? ജഡത്തിന്റെ പ്രവൃത്തികളിൽ ഇതുപോലെ മറ്റനേകം കാര്യങ്ങളുമുണ്ട്. മുകളിൽപ്പറഞ്ഞവ ഏതാനും ദൃഷ്ടാന്തങ്ങൾ മാത്രം എന്നതാണതിന്റെ അർത്ഥം. നമുക്ക് എടുത്തു കാണിക്കുവാൻ കഴിയുന്ന പലതരം ജഡികപ്രവൃത്തികളിൽ കള്ളം പറച്ചിൽ, മോഷണം, മുഖസ്തുതി, കാപട്യം, പരദൂഷണം, അന്യായം, കരുണയില്ലായ്മ, അക്ഷമ, വിട്ടുവീഴ്ചയില്ലായ്മ, പിറുപിറുപ്പ്, പരാതിപ്പെടൽ, നിഗളം, സ്വാർത്ഥമോഹം അത്യാഗ്രഹം, ദുശ്ശങ്ക എന്നിവയെല്ലാം ഉൾപ്പെടുന്നു.

എവിടെയാണിതിന്റെ പരിധി? ഓരോ വ്യക്തിയെ സംബന്ധിച്ചുമുള്ള പരിധി അയാൾക്ക് ഏതെങ്കിലുമൊരു





> **മതഭക്തരായ ആളുകൾക്ക് ഇടർച്ചയുണ്ടാക്കുന്ന കാര്യം ക്രിസ്തു നമുക്കുവേണ്ടി ക്രൂശിക്കപ്പെട്ടു എന്നതല്ല, പിന്നെയോ ആ വസ്തുതയുടെ വിപുലമായ അർത്ഥമാണ്. അതായത് നാം അവനോടുകൂടി ക്രൂശിക്കപ്പെട്ടു എന്നതു തന്നെ. നമ്മുടെ സ്വന്ത വ്യക്തിത്വം ഒന്നാകെ നിഷ്കരുണം നിഷേധിക്കപ്പെട്ടു; അതിന്റെ ഏതെങ്കിലും ഒരു ഭാഗംപോലും ഒന്നിനും ഉപകരിക്കുന്നില്ല. ഈ സത്യമാണ് അവർക്ക് ഇടർച്ച വരുത്തുന്നത്.**

പ്രത്യേക സമയത്ത് തന്റെ മനസ്സാക്ഷിയിലൂടെ ലഭിച്ചിട്ടുള്ള വെളിച്ചമാണ്. ഈ വെളിച്ചം അയാൾക്കു നൽകുന്ന നീതിബോധത്തിനെതിരായി അയാൾ ചെയ്യുന്നതെന്തും ജഡത്തിന്റെ അഥവാ പഴയ മനുഷ്യന്റെ പ്രവൃത്തിയാണ്.

ഉദാഹരണമായി ഒരുവൻ ഏതെങ്കിലും കാരണവശാൽ കോപിക്കുന്നു, അഥവാ ധനികനായ ഒരാളുടെ മുമ്പിൽ സ്വാർത്ഥലാഭത്തിനുവേണ്ടി മുഖസ്തുതി പ്രയോഗിക്കുന്നു എന്നിരിക്കട്ടെ. അപ്പോൾ ഇതു രണ്ടും പാപമാണെന്നുള്ള ബോധം അയാൾക്കുണ്ട് എന്ന സങ്കല്പത്തിന്റെ അടിസ്ഥാനത്തിൽ നമുക്കു പറയാം- അയാൾ ജഡത്തെ ക്രൂശിച്ചിട്ടില്ല, പഴയ മനുഷ്യനെ ഉരിഞ്ഞുകളഞ്ഞിട്ടില്ല എന്ന്.

**മരത്തിൻമേൽ തൂങ്ങുന്നവൻ എല്ലാം ശപിക്കപ്പെട്ടവൻ**

നമ്മുടെ പഴയ മനുഷ്യൻ ക്രിസ്തുവിനോടുകൂടി ക്രൂശിക്കപ്പെടുമ്പോൾ നാം ദൈവദൃഷ്ടിയിൽ (ജഡപ്രകാരം, പ്രാകൃത മനുഷ്യരെന്ന നിലയിൽ) ശാപയോഗ്യരായിരിക്കുന്നു എന്നാണതിനർത്ഥം. മാത്രമല്ല, നമ്മുടെ ദൃഷ്ടിയിലും (ജഡപ്രകാരം) നാം ശാപയോഗ്യരായി എന്നതും മറക്കാവുന്നതല്ല, തൽഫലമായി നമ്മുടെ സ്വയത്തെ ഒന്നാകെ നാം ക്രൂശിൽത്തറച്ച് ഉപേക്ഷിക്കുന്നു. നമ്മുടെ അറിവിലോ, വികാരങ്ങളിലോ നാം ആശ്രയിക്കാതെയും ഇരിക്കുന്നു.

ഈ കാരണത്താൽ നമ്മുടെ സങ്കല്പത്തിലുള്ള എല്ലാ വലിപ്പവും, ഉന്നതഭാവവും നീങ്ങിപ്പോകുന്നു. അതുപോലെ തർക്കിക്കുകയും വാദിക്കുകയും ചെയ്യുന്ന സ്വഭാവവും. ജഡപ്രകാരം ഒരു ശാപയോഗ്യനെന്ന് സ്വയം കാണുന്ന ഏതൊരുമനുഷ്യനും യഥാർത്ഥത്തിൽ സത്യവഴി കണ്ടെത്തിയിരിക്കുന്നു. ദൈവത്തിന്റെയും, മനുഷ്യരുടെയും ദൃഷ്ടിയിൽ പ്രസാദകരമായ അവസ്ഥയിൽ എത്തുവാൻ അത് അവനെ സഹായിക്കും. എല്ലാറ്റിലും ഉപരിയായി യഥാർത്ഥത്തിൽ ക്രിസ്തുവിനോടുകൂടി ക്രൂശിക്കപ്പെടുവാൻ അത് അവന് അവസരം നൽകുകയും ചെയ്യും.

**അവനാൽ ലോകം എനിക്കും ഞാൻ ലോകത്തിനും ക്രൂശിക്കപ്പെട്ടിരിക്കുന്നു**

'എനിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശിലല്ലാതെ പ്രശംസിക്കുവാൻ ഇടവരരുത്; അവനാൽ ലോകം എനിക്കും ഞാൻ ലോകത്തിനും ക്രൂശിക്കപ്പെട്ടിരിക്കുന്നു' (ഗലാ: 6:14). വാസ്തവത്തിൽ യേശുവിന്റെ ക്രൂശു മാത്രമാണ് ഫലവത്തായ പ്രശംസയ്ക്കുള്ള ഏക വസ്തു. കാരണം, ഈ ക്രൂശിന്മേൽ നമ്മുടെ പഴയ മനുഷ്യൻ ഒരിക്കൽ ക്രൂശിക്കപ്പെട്ടു. ഈ ക്രൂശിന്മേൽ നമുക്കെല്ലാവർക്കും ക്രൂശിക്കപ്പെടുവാൻ അവസരം ലഭിക്കുന്നു. അവസരം വരുമ്പോൾ നാം അത് ഉപയോഗിച്ചാൽ മാത്രം മതിയാകും.

ഈ വിധത്തിൽ ഏറ്റവും ഫലവത്തായ, ഇരട്ടിപ്പടിയായ, ഒരു ക്രൂശീകരണം സംഭവിക്കുന്നു. ഞാൻ ലോകത്തെ ക്രൂശിക്കുന്നു, അതിനെ

*(ശേഷം പേജ് 15 ൽ)*

അനുഭവം

# എന്റെ പ്രസംഗശൈലി

സാക്പുന്നൻ

**ദൈ**വം അവിടുത്തെ മഹാജ്ഞാനത്തിൽ മനുഷ്യരെ ' പ്രസംഗത്തിന്റെ ഭോഷത്തത്താൽ രക്ഷിക്കുവാൻ തീരുമാനിച്ചു. (1 കൊരി. 1:21) ഒരു മനുഷ്യന് ചെയ്യാവുന്നതിൽ ഏറ്റവും മഹത്തരമായ പ്രവൃത്തി ദൈവവചനം പ്രസംഗിക്കുക എന്നതാണ്. ഈ ശുശ്രൂഷയ്ക്കായി ദൈവം എന്നെ വിളിച്ചു എന്നതിൽ ഞാൻ അത്യധികം കൃതാർത്ഥനാണ്. പണസ്നേഹികളായ പ്രസംഗകരാലും, വഞ്ചകന്മാരാലും ഏറ്റവും അധികം ദുരുപയോഗം ചെയ്യപ്പെട്ടിരിക്കുന്ന ഒരു ശുശ്രൂഷയാണ് ഇതെന്ന കാര്യം മറന്നു കൂടാ.

'പ്രവചനവരം വാഞ്ഛിപ്പീൻ' എന്ന് തിരുവചനം നമ്മോട് കല്പിച്ചിരിക്കുന്നു. (1 കൊരി 14:1,3) ഇവിടെ പ്രവചനം എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത് കേൾവിക്കാരെ ഉത്സാഹിപ്പിക്കുകയും, വെല്ലുവിളിക്കയും, ആത്മീയവർദ്ധന വരുത്തുകയും ചെയ്യുന്നവിധത്തിൽ ദൈവവചനം സംസാരിക്കാനുള്ള പ്രത്യേക വരമാണ്. 21-ാം വയസ്സിൽ സ്നാനപ്പെട്ട ഉടൻ ഈ വരത്തിനായി ഞാൻ ദൈവത്തോട് അപേക്ഷിച്ചുകൊണ്ടിരുന്നു. 23-ാം വയസ്സിൽ ദൈവം പരിശുദ്ധാത്മാവിനാൽ എന്നെ അഭിഷേകം ചെയ്തപ്പോൾ ഈ വിധത്തിലുള്ള പ്രവചനവരവും നൽകി. തുടക്കത്തിൽ എന്റെ പ്രസംഗത്താൽ ജനത്തെ ആകർഷിക്കാനും വൈകാരികമായി അവരെ ഇളക്കാനും ഞാൻ പരീക്ഷിക്കപ്പെടുകയുണ്ടായി. എന്നാൽ ഒരിക്കൽ കർത്താവ് എന്നോട് ചോദിച്ചു:"നിനക്ക് യഥാർത്ഥത്തിൽ ജനത്തെ സഹായിക്കാനാണോ അതോ അവരിൽ മതിപ്പ് ഉളവാക്കാനാണോ താത്പര്യം? "അവരെ സഹായിക്കാൻ തന്നെയാണ് എന്റെ ആഗ്രഹം എന്ന് ഞാൻ വ്യക്തമാക്കി. "അങ്ങനെയെങ്കിൽ അവരുടെ കൈയടിക്കായി ഒന്നും ചെയ്യാതിരിക്കുക''. ജനത്തെ ആകർഷിക്കാനുള്ള പരീക്ഷ അതിജീവിക്കുക എളുപ്പമായിരുന്നില്ല. എന്നാൽ ഞാൻ ആ പ്രലോഭനത്തിനെതിരെ പോരാടി ക്രമേണ വിജയിക്കുക തന്നെ ചെയ്തു.

**അല്പകാര്യങ്ങളുടെ ദിവസം -40**

ഒരോ പ്രസംഗകനും തനതായ പ്രസംഗശൈലിയുണ്ട്. മിക്ക ഭാരതീയ ക്രിസ്തീയ പ്രസംഗകരും അമേരിക്കൻ കാരിസ്മാറ്റിക് പ്രസംഗകരെ അനുകരിക്കുന്നവരാണ്. യേശുക്രിസ്തുവിന്റെ പ്രസംഗശൈലി അനുകരിക്കുകയാണ് ഏറ്റവും അഭികാമ്യം എന്ന് ഞാൻ തീരുമാനിക്കയും യേശുവിന്റെ പ്രസംഗശൈലി സശ്രദ്ധം പഠിക്കാൻ ആരംഭിക്കയും ചെയ്തു.

ആദ്യം തന്നെ എന്റെ ശ്രദ്ധയിൽപ്പെട്ടകാര്യം, യേശു ജീവിതത്തിൽ പ്രാവൃത്തികമാക്കിയ കാര്യങ്ങൾ മാത്രമേ പഠിപ്പിച്ചിരുന്നുള്ളൂ എന്നതാണ്. 'യേശു ചെയ്തതും ഉപദേ





ശിച്ചതും' എന്ന് പ്രവൃത്തികൾ 1:1 ൽ കാണുന്നതു ശ്രദ്ധിക്കുക. യേശുവിന്റെ പ്രസംഗത്തിന് എപ്പോഴും ഒരു പ്രായോഗികതലം ഉണ്ടായിരുന്നു. പ്രവചിക്കുന്നവൻ 'വിശ്വാസത്തിന്റെ അളവിനൊത്തവണ്ണം' പ്രവചിക്കണം എന്നാണ് ബൈബിൾ പഠിപ്പിക്കുന്നത്. (റോമർ 12:6). മറ്റൊരു വിധത്തിൽ പറഞ്ഞാൽ എന്റെ ആത്മീയ അനുഭവത്തിന് ആനുപാതികമായി വേണം ഞാൻ സംസാരിക്കുവാൻ. ആളുകളെ ആകർഷിക്കാനുള്ള പരീക്ഷയിൽ ഞാൻ വീണതിനാൽ ഈ പറഞ്ഞ പ്രമാണം അനുസരിക്കുന്നതിൽ ഞാൻ പരാജയപ്പെട്ടിരുന്നു. ചില വർഷങ്ങൾക്കുള്ളിൽ ഒരു പിൻമാറ്റഅവസ്ഥയിൽ ഞാൻ എത്തിച്ചേർന്നു. എന്നാൽ 1975 ൽ കർത്താവ് എന്നേ അവിടുത്തെ മഹാകരുണയാൽ വീണ്ടും നിറയ്ക്കയും എന്നെ യഥാസ്ഥാനപ്പെടുത്തുകയും ചെയ്തു. ജീവിതത്തിൽ അനുഭവിക്കുന്ന കാര്യങ്ങളെപ്പറ്റിമാത്രമേ മേലാൽ പ്രസംഗിക്കയുള്ളൂ എന്ന് ഞാൻ തീരുമാനിച്ചു. കുറഞ്ഞ പക്ഷം ആത്മാർത്ഥമായി ഞാൻ അന്വേഷിച്ചുകൊണ്ടിരിക്കുന്ന കാര്യങ്ങളെപ്പറ്റി മാത്രമേ പറയാവൂ എന്ന് ഞാൻ നിർബ്ബന്ധം പിടിച്ചു. ദൈവം അവിടുത്തെ വഴികളെ പഠിപ്പിക്കുവാനും വിവിധ സാഹചര്യങ്ങളിൽ എങ്ങനെ അവിടുത്തെ വിശ്വസിക്കണം എന്ന് ഗ്രഹിപ്പിക്കുവാനുമായി എന്നെ വിവിധങ്ങളായ പരിശോധനകളിലൂടെ നടത്തി. അങ്ങനെ ഞാൻ വിശ്വാസത്തിലും പരിജ്ഞാനത്തിലും വളർച്ചപ്രാപിക്കയും പ്രസംഗത്തിലൂടെ ഈ വിശ്വാസവും പരിജ്ഞാനവും മറ്റുള്ളവർക്ക് പകർന്നു കൊടുക്കാൻ ഇടയാകയും ചെയ്തു.

രണ്ടാമതായി, യേശു എല്ലായ്പ്പോഴും പരിശുദ്ധാത്മാവിന്റെ ശക്തിയിലത്രേ പ്രസംഗിച്ചത്. എമ്മവുസിലേക്ക് യാത്രചെയ്ത രണ്ട് ശിഷ്യന്മാരോടൊപ്പം നടന്ന് രണ്ടുമണിക്കൂറോളം സമയം അവരോട് സംസാരിച്ചപ്പോൾ അവരുടെ 'ഉള്ളംകത്തിക്കൊണ്ടിരുന്നു' എന്ന് അവർ തന്നേ സാക്ഷിക്കുന്നു. ഈ ദൃഷ്ടാന്തം എപ്പോഴും എന്റെ മുമ്പിൽ വയ്ക്കുവാനും അവ്വണ്ണം പ്രസംഗിപ്പാനും ഞാൻ ആഗ്രഹിച്ചു. ശീതികരണ അറയിൽ നിന്നും പുറത്തെടുത്ത ഒരു കോഴിയിറച്ചിക്കഷണം ആർക്കും വിശപ്പുണ്ടാക്കുകയില്ല. എന്നാൽ അതേ മാംസക്കഷണം തീയിൽ പാകപ്പെടുത്തിയാൽ ആരുടേയും വായിൽ വെള്ളമൂറും എന്നത് തീർച്ചയാണ്. തണുപ്പൻ സത്യവും, പരിശുദ്ധാത്മാവിന്റെ തീയിൽ സംസാരിക്കപ്പെടുന്ന സത്യവും തമ്മിലുള്ള വ്യത്യാസം ഇതാണ്. ഓരോ തവണ ദൈവവചനം സംസാരിക്കുമ്പോഴും ശ്രോതാക്കളുടെ ഹൃദയം കത്തിക്കൊണ്ടിരിക്കണം എന്നാണ് എന്റെ പ്രാർത്ഥന.

**ശീതികരണ അറയിൽ നിന്നും പുറത്തെടുത്ത ഒരു കോഴിയിറച്ചിക്കഷണം ആർക്കും വിശപ്പുണ്ടാക്കുകയില്ല. എന്നാൽ അതേ മാംസക്കഷണം തീയിൽ പാകപ്പെടുത്തിയാൽ ആരുടേയും വായിൽ വെള്ള മൂറും എന്നത് തീർച്ചയാണ്. തണുപ്പൻ സത്യവും, പരിശുദ്ധാത്മാവിന്റെ തീയിൽ സംസാരിക്കപ്പെടുന്ന സത്യവും തമ്മിലുള്ള വ്യത്യാസം ഇതാണ്. ഓരോ തവണ ദൈവവചനം സംസാരിക്കുമ്പോഴും ശ്രോതാക്കളുടെ ഹൃദയം കത്തിക്കൊണ്ടിരിക്കണം എന്നാണ് എന്റെ പ്രാർത്ഥന.**

മൂന്നാമതായി, യേശുവിന്റെ വാക്കുകൾ പ്രാഥമികമായും ജനത്തിന്റെ വികാരങ്ങളോടല്ല, മനസ്സുകളോടായിരുന്നു. തന്റെ പ്രസംഗങ്ങൾ ജനത്തെ വെല്ലുവിളിക്കുകയും, പാപബോധം വരുത്തുകയും, വിശ്വാസത്തിലേക്കും അനുസരണത്തിലേക്കും അവരെ ഉണർത്തുകയും ചെയ്തു. ഈ കാലത്ത് പല പ്രസംഗകരും ചെയ്യുന്നതുപോലെ ജന

**എന്റെ സന്ദേശങ്ങൾ നന്നായി പാകം ചെയ്ത ഭക്ഷണമായിരിക്കണം എന്ന് എനിക്ക് നിർബ്ബന്ധമുണ്ടായിരുന്നു. അവ പോഷകദായകമായിരിക്കുമ്പോൾ തന്നെ രുചികരവും ആയിരിക്കണം! സ്വാദിഷ്ടമായ ഒരു ഭക്ഷണം തയ്യാറാക്കാൻ ഏതൊരു വീട്ടമ്മയും ബുദ്ധിമുട്ടുന്നതിനേക്കാൾ അധികം ഒരു പ്രസംഗം തയ്യാറാക്കാൻ ഞാൻ അദ്ധ്വാനിക്കേണ്ടതുണ്ടെന്ന് വ്യക്തമായിരുന്നു.**

ത്തിന്റെ വികാരങ്ങളെ ഇളക്കാൻ യേശു ഒരിക്കലും ശ്രമിച്ചില്ല. ദൈവത്തെ പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടുംകൂടെ സ്നേഹിക്കാനാണ് നമ്മോട് കല്പിച്ചിരിക്കുന്നത്. എന്റെ സന്ദേശങ്ങൾ നന്നായി പാകം ചെയ്ത ഭക്ഷണമായിരിക്കണം എന്ന് എനിക്ക് നിർബ്ബന്ധമുണ്ടായിരുന്നു. അവ പോഷകദായകമായിരിക്കുമ്പോൾ തന്നെ രുചികരവും ആയിരിക്കണം! സ്വാദിഷ്ഠമായ ഒരു ഭക്ഷണം തയ്യാറാക്കാൻ ഏതൊരു വീട്ടമ്മ ബുദ്ധിമുട്ടുന്നതിനേക്കാളും അധികം ഒരു പ്രസംഗം തയ്യാറാക്കാൻ ഞാൻ അദ്ധ്വാനിക്കേണ്ടതുണ്ടെന്ന് വ്യക്തമായിരുന്നു. സമർത്ഥയായ ഒരു വീട്ടമ്മ ഭക്ഷണമേശയിൽ ഭക്ഷണപദാർത്ഥങ്ങൾ ആകർഷകമായ വിധത്തിൽ നിരത്തുന്നതുപോലെ ഞാൻ പ്രസംഗിക്കുന്നതിനുമുമ്പ് എന്റെ ചിന്തകളെ ഞാൻ ക്രമീകരിക്കേണ്ടത് അത്യാവശ്യമാണെന്നും ഞാൻ കണ്ടു. പലരും ഇപ്രകാരം ചെയ്യാതെ പ്രസംഗമദ്ധ്യേ കാടുകയറുകയും ശ്രോതാക്കളുടെ വിലപ്പെട്ട സമയം പാഴാക്കുകയും ചെയ്യുന്നു. ദൈവം കലക്കത്തിന്റെ ദൈവമല്ല ക്രമീകരണത്തിന്റെ ദൈവമത്രേ. (1 കൊരി. 14:33,40). ഒരു സന്ദേശം ക്രമീകൃതമായി സുഗ്രാഹ്യമായവിധത്തിൽ പ്രസംഗിക്കപ്പെടുമ്പോഴാണ് ദൈവം മഹത്വപ്പെടുന്നത്.

നാലാമതായി, യേശുവിന് ഓരോ സന്ദർഭത്തിനു അനുയോജ്യമായ വാക്കുകൾ ഉണ്ടായിരുന്നു. ഇതിന് രണ്ടുകാരണങ്ങൾ ഉണ്ടായിരുന്നു. ഒന്നാമത് നിരന്തരം തന്റെ പിതാവിനെ യേശു ശ്രദ്ധിച്ചിരുന്നു. (യെശയ്യാ.50:4). രണ്ടാമത്, ജനത്തോട് യേശുവിന് അത്യധികമായ സ്നേഹം ഉണ്ടായിരുന്നു. തന്മൂലം എന്റെ ഒഴുവുസമയങ്ങളിലെല്ലാം ദൈവത്തിന്റെ മനസ്സ് കൃത്യമായി അറിയുവാനായി ഞാൻ ദൈവവചനം പഠിക്കാൻ ശ്രമിച്ചു. തിരുവെഴുത്തുകൾ പഠിക്കാൻ പല പ്രസംഗകരും ഗ്രീക്കും ലാറ്റിനും പഠിക്കാറുണ്ട്. എന്നാൽ എനിക്ക് ആവശ്യം ഈ മൂല ഭാഷകൾ പഠിക്കുകയല്ല മറിച്ച് തിരുവെഴുത്തുകളുടെ രചയിതാവായ പരിശുദ്ധാത്മാവിന്റെ വെളിപ്പാടാണ് എന്ന് വ്യക്തമായിരുന്നു. ഒരു മനുഷ്യനിൽ നിന്നും ഞാൻ കേട്ടിട്ടില്ലാത്ത മഹത്തരമായ സത്യങ്ങൾ പരിശുദ്ധാത്മാവ് എന്നെ ഗ്രഹിപ്പിച്ചു. ഈ സത്യങ്ങൾ ദൈവവുമായി കുറേക്കൂടെ ചേർന്നു നടക്കാൻ എന്നെ സഹായിക്കയും, ഇന്ന് ക്രൈസ്തവലോകത്തിൽ വർദ്ധിച്ചുവരുന്ന വഞ്ചനകളിൽ നിന്നും വ്യാജാനുകരണങ്ങളിൽ നിന്നും എന്നെ രക്ഷിക്കയും ചെയ്തു. ഈ സത്യങ്ങൾ മറ്റുള്ളവരെ പഠിപ്പിക്കാൻ ആത്മാവ് എന്നെ സഹായിച്ചു. ദൈവജനത്തോടുള്ള സ്നേഹത്താലും കരുണയാലും പരിശുദ്ധാത്മാവ് എന്റെ ഹൃദയത്തെ നിറച്ചു. (റോമർ 5:5). ക്രമേണ എന്റെ ശുശ്രൂഷ, ന്യായപ്രമാണത്തിന്റെയും കുറ്റംവിധിയുടെയും ശുശ്രൂഷയാകാതെ, ആത്മീയമായ ഉത്സാഹവും ബോദ്ധ്യവും വർദ്ധിപ്പിക്കുന്ന ഒന്നായി ത്തീർന്നു.

അഞ്ചാമതായി, യേശുവിന്റെ പ്രസംഗം ഒരിക്കലും മടുപ്പുളവാക്കാതെ രസകരമായിരുന്നു. ശ്രോതാക്കളുടെ





സമയം പാഴാക്കുന്നത് പാപമാണ്. ജനത്തിന്റെ പണം മോഷ്ടിക്കുന്നതിന് തുല്യമാണ് അവരുടെ വിലയേറിയ സമയം മോഷ്ടിക്കുന്നത് എന്ന് മിക്ക പ്രസംഗകരും ഗ്രഹിച്ചിട്ടില്ല. 200 പേരുള്ള ഒരു സദസ്സിനെ നാം 15 മിനിട്ട് ബോറടിപ്പിക്കുമ്പോൾ അവരുടെ പ്രവർത്തനക്ഷമമമായ50 മണിക്കൂറുകളാണ് പാഴാക്കുന്നത് എന്ന കാര്യം മറന്നുപോകുന്നു. മണിക്കൂറിൽ ശരാശരി 50 രൂപാ വരുമാനം ഉള്ളവരാണ് ശ്രോതാക്കളെങ്കിൽ 2500 രൂപ അവരിൽ നിന്നും മോഷ്ടക്കുകയാണ് 15 മിനിറ്റ് വിരസമായി പ്രസംഗിക്കുന്ന ഒരാൾ ചെയ്യുന്നത്. രസകരമായ വിധം സംസാരിക്കാനും ആരെയും ബോറടിക്കാതിരിക്കാനും എന്നെ എപ്പോഴും സഹായിക്കണം എന്ന് ഞാൻ പ്രാർത്ഥിക്കാറുണ്ട്. തുടക്കത്തിൽ ഹ്രസ്വമായ സമയം മാത്രമേ വിരസതയില്ലാതെ സംസാരിക്കാൻ എനിക്ക് കഴിഞ്ഞിരുന്നുള്ളൂ. തന്മൂലം ഹ്രസ്വമായി മാത്രമേ സംസാരിച്ചിരുന്നുള്ളൂ. ദൈവപരിജ്ഞാനത്തിൽ ഞാൻ വളർച്ച പ്രാപിച്ചതനുസരിച്ച് കൂടുതൽ സമയം സംസാരിക്കാൻ ദൈവം സഹായിച്ചു.

ആറാമതായി, തന്റെ സന്ദേശങ്ങൾ വ്യക്തമാക്കാനായി യേശു ലളിതമായ നിരവധി ദൃഷ്ടാന്തങ്ങൾ ഉപയോഗിച്ചിരുന്നു. അപ്പം, മീൻ, പക്ഷികൾ, വൃക്ഷങ്ങൾ, പൂക്കൾ, മുത്തുകൾ, കൃഷിക്കാർ, കെട്ടിടങ്ങൾ തുടങ്ങി സുപരിചിതമായ നിരവധി കാര്യങ്ങളെപ്പറ്റി യേശു സംസാരിച്ചു. താൻ സംസാരിച്ച ആഴമായ സത്യങ്ങൾ ഗ്രഹിക്കാൻ ലളിതമായ ദൃഷ്ടാന്തങ്ങൾ സഹായകമായി. കുശാഗ്രബുദ്ധി ഉള്ളവർക്കുമാത്രം ഗ്രഹിപ്പാൻ കഴിയുന്ന പ്രസംഗകൻ എന്ന പേര് ഒരിക്കലും യേശു ആഗ്രഹിച്ചില്ല. യേശുവിന്റെ മാതൃക ഈ വിഷയത്തിലും പിൻപറ്റാൻ ഞാൻ ആഗ്രഹിച്ചു. ചിലപ്പോൾ എന്റെ മുമ്പിൽ ഇരിക്കുന്ന സഭയിലെ ഏറ്റവും കുറച്ച് വിദ്യാഭ്യാസം ഉള്ള വ്യക്തിയേ നോക്കി ആ നിലവാരത്തിൽ സംസാരിക്കാൻ ഞാൻ ശ്രമിച്ചിരുന്നു. അങ്ങനെ ചെയ്യുമ്പോൾ ശ്രോതാക്കൾ എല്ലാവർക്കും സന്ദേശം ഗ്രഹിക്കാൻ കഴിയുന്നതായി ഞാൻ കണ്ടെത്തി. പ്രസംഗത്തിനുശേഷം ചിലപ്പോൾ കൊച്ചുകുട്ടികളോട് ഞാൻ സംസാരിച്ച കാര്യങ്ങൾ മനസ്സിലായോ എന്ന് ചോദിക്കുമായിരുന്നു. അവർക്ക് മനസ്സിലായില്ലെങ്കിൽ എന്റെ പ്രസംഗം ഇനിയും ലളിതമാകേണ്ടതുണ്ടെന്ന് ഞാൻ മനസ്സിലാക്കിയിരുന്നു.

ഏഴാമതായി, ചില സന്ദർഭങ്ങളിലെങ്കിലും യേശു നർമ്മവും, അതിശയോക്തിയും തന്റെ പ്രസംഗങ്ങളിൽ ഉപയോഗിച്ചിരുന്നു. ഒട്ടകം സൂചിക്കുഴയിലൂടെ കടക്കുന്നതും, കൊതുകിനെ അരിച്ചെടുത്ത് ഒട്ടകത്തെ വിഴുങ്ങുന്നതും, സ്വന്ത കണ്ണിൽ കോൽ ഇരിക്കെ മറ്റുള്ളവരുടെ കണ്ണിലെ കരട് എടുക്കാൻ ബദ്ധപ്പെടുന്നതും ഒക്കെ യേശുവിന്റെ പ്രഭാഷണങ്ങളിൽ നാം കാണുന്നു. കപടഭക്തിയേയും ആത്മീയനിഗളത്തെയും തുറന്നുകാട്ടാൻ യേശു ഒരിക്കലും മടിച്ചില്ല. മസാല ഭക്ഷണത്തിന് സ്വാദേകുന്നതുപോലെ, നർമ്മം ഒരു സന്ദേശത്തിന് മൂർച്ച നൽകാനും, രസകരമാക്കാനും ഉപകരിക്കുന്നു. എന്നാൽ ചിലപ്രസംഗകർ ഫലിതപ്രിയരെന്ന ഖ്യാതി നേടാൻ സദാസമയം ശ്രോതാക്കളെ ചിരിപ്പിക്കുന്ന അനാരോഗ്യകരമായ നിലയിലേക്ക് വഴുതിവീഴുന്നു എന്നകാര്യവും മറന്നുകൂടാ. അത്തരം പ്രസംഗകർ സർക്കസിലെ കോമാളികളെപ്പോലെയാണ്. ഞാൻ ഫലിതം ഒരിക്കലും ശ്രോതാക്കളെ രസിപ്പിക്കാൻ ഉപയോഗിക്കാറില്ല. ദീർഘമായ ഒരു പ്രസംഗത്തിൽ അവരുടെ ശ്രദ്ധ നിലനിർത്താനും ഒരു പ്രത്യേക കാര്യം വ്യക്തമാക്കാനും ഒക്കെയാണ് ഞാൻ ഫലിതം ഉപയോഗിക്കാറുള്ളത്.

എട്ടാമതായി, യേശു തന്റെ സന്ദേ

**കൂടെക്കൂടെ പ്രസംഗമദ്ധ്യേ 'ഹാലേലൂയ്യാ' പറയുന്ന രീതിയും യേശുവിന് ഇല്ലായിരുന്നു. ഇവിടെയും യേശുവിന്റെ മാതൃക ഞാൻ അനുകരിക്കാൻ ശ്രമിച്ചു. പ്രസംഗകർ ഒച്ചയിട്ട് സംസാരിക്കുമ്പോൾ മിക്കപ്പോഴും പരിശുദ്ധാത്മാവിന്റെ അഗ്നിമൂലമല്ല അങ്ങനെ ചെയ്യുന്നത്, മറിച്ച് ശ്രോതാക്കളെ ഇളക്കാൻ മാത്രമാണ്. 'ഹാല്ലേലൂയ്യാ' കൂടെക്കൂടെ പറയുന്നത് വെറും പരിചയമോ, അല്ലെങ്കിൽ അടുത്തതായി എന്താണ് പറയേണ്ടതെന്ന് ചിന്തിക്കുമ്പോൾ ഇടവേളകണ്ടെത്താനുള്ള പദമായോ ആകാം!**

ശങ്ങൾ പലതവണ ആവർത്തിച്ചിരുന്നു. ഓരോ സന്ദർഭത്തിലും പുത്തൻ സന്ദേശങ്ങൾ നൽകുന്ന ഒരു പ്രഭാഷകൻ എന്ന ഖ്യാതി യേശു ആഗ്രഹിച്ചില്ല. ഒരു ദൈവികസത്യം ഹൃദയങ്ങളിൽ വേരുറയ്ക്കാൻ അനേകതവണ ആളുകൾ അത് കേൾക്കേണ്ടതുണ്ട്. ഓരോ പ്രസംഗത്തിലും പുതുമ്മയുള്ള എന്തെങ്കിലും പറഞ്ഞ് ശ്രോതാക്കളെ ത്രസിപ്പിക്കാൻ ഞാൻ തയ്യാറല്ല. ഒരേ സന്ദേശം തന്നെ പലതവണ ഞാൻ ആവർത്തിച്ചിട്ടുണ്ട്. പക്ഷേ ആത്മാവിന്റെ നിയോഗത്താൽ ഓരോ തവണയും പുതുമയോടെ അതേ സന്ദേശം അവതരിപ്പിക്കാൻ എനിക്ക് കഴിയാറുണ്ട്.

ഒമ്പതാമത്, യേശു കുറിപ്പുകൾ ഒന്നും കൂടാതെയാണ് സംസാരിച്ചത്. പിതാവിനോടൊപ്പം ഉള്ള തന്റെ നടപ്പ് അത്രയധികം ആഴവും ദൃഢവും ആയിരുന്നുതിനാൽ ആത്മാവ് തനിക്ക് സംസാരിക്കാൻ വചനങ്ങൾ നൽകിക്കൊണ്ടിരുന്നു. ദൈവത്തോട് ഇപ്രകാരം ചേർന്ന് നടക്കാത്ത മിക്കപ്രസംഗകർക്കും ഇങ്ങനെ പ്രസംഗിക്കാൻ കഴികയില്ല. അതിനാൽ 99 ശതമാനം പ്രസംഗകരും അവരുടെ പ്രസംഗം ശ്രദ്ധയോടെ തയ്യാറാക്കുകയും, കുറിപ്പുകൾ ഉപയോഗിക്കയും ചെയ്യുന്നതാണ് അഭികാമ്യം. തുടക്കത്തിൽ ഞാൻ ഇതുതന്നെയാണ് ചെയ്തുവന്നത്. എന്നാൽ ഇപ്പോൾ മിക്കസമയത്തും കുറിപ്പുകൾ കൂടാതെ സംസാരിക്കാൻ എനിക്ക് കഴിയുന്നുണ്ട്. എന്നാൽ ബൈബിൾ പഠിപ്പിക്കുന്ന സമയത്ത് ഞാൻ കുറിപ്പുകൾ ഉപയോഗിക്കയും വാക്യങ്ങൾ തെറ്റാതെ പറയാനായി എഴുതി സൂക്ഷിക്കയും ചെയ്യാറുണ്ട്. നോട്ടുകൾ ഉപയോഗിക്കയോ ഉപയോഗിക്കാതിരിക്കയോ ചെയ്യാൻ ഞാൻ സ്വാതന്ത്ര്യം എടുക്കാറുണ്ട്. ഫലപ്രദമായി നോട്ടുകൾ കൂടാതെ പ്രസംഗിക്കണമെങ്കിൽ താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്:

1) ജീവിതാനുഭവങ്ങളിൽ നിന്നും സംസാരിക്കാൻ കഴിയുമാറ് ദീർഘവർഷങ്ങൾ ദൈവത്തോടൊപ്പം നടന്ന അനുഭവം ഉണ്ടായിരിക്കണം.

2) പരിശുദ്ധാത്മാവിന്റെ അഭിഷേകത്തിൽ ജീവിക്കുന്ന വ്യക്തിയും, പ്രവചനവരം ഉള്ള ആളുമായിരിക്കണം.

3) ഏതൊരു വിഷയത്തെപ്പറ്റിയും ബൈബിൾ എന്തുപഠിപ്പിക്കുന്നു എന്ന് ഗ്രാഹ്യം ഉണ്ടാകുമാറ് നന്നായി ദൈവവചനം പഠിച്ച വ്യക്തിയായിരിക്കണം.

4) ഏതു വിഷയത്തെപ്പറ്റിയും ബൈബിൾ വാക്യങ്ങൾ ഓർക്കാൻ കഴിയുമാറ് നല്ല ഓർമ്മശക്തി ഉണ്ടായിരിക്കണം.

5) സന്ദേശത്തിന്റെ മുഴുസമയം ശ്രോതാക്കളുടെ ശ്രദ്ധ പിടിച്ചുപറ്റാൻ തക്കവണ്ണം ആശയവിനിമയത്തിനുള്ള കഴിവ് ഉണ്ടായിരിക്കണം.

മേൽപ്പറഞ്ഞ അഞ്ച് കാര്യങ്ങൾ ഒരുവന് ഇല്ലെങ്കിൽ പ്രസംഗമദ്ധ്യേ നോട്ടുകൾ ഉപയോഗിക്കുന്നതാണ് അഭികാമ്യം.

ഒടുവിലായി, യേശു ഒരിക്കലും ഒച്ചയിട്ട് സംസാരിച്ചിരുന്നില്ല. (മത്തായി 12:19). അതുപോലെ കൂടെക്കൂടെ





## ഞാൻ ക്രിസ്തുവിനോടുകൂടി... *പേജ് 9 ൽ നിന്ന് തുടർച്ച*

പരിത്യജിക്കുന്നു. ഇപ്രകാരം ഞാൻ ലോകത്തിൽ നിന്ന് വിടുതൽ നേടുന്നു; ലോകം എന്നിൽനിന്ന് വേണ്ടത്ര പര്യാപ്തമായ ഒരു അകലത്തിലായിത്തീരുകയും ചെയ്യുന്നു. അങ്ങനെ ലോകവും അതിന്റെ മോഹവും ഒരു വശത്തായും, എന്റെ പുതിയ താൽപര്യങ്ങൾ മറുവശത്തായും നിന്ന് ഇവയ്ക്കിടയിൽ ഒരു വിടവ് സൃഷ്ടിക്കപ്പെടുന്നു. എന്റെ താൽപര്യങ്ങൾ ഇപ്പോൾ ഭൗമികമായതിനെ ഉപേക്ഷിച്ച്, ദൈവികവും, നിത്യവുമായവയെ അന്വേഷിക്കുന്നു.

ഹാ! ഈ ക്രൂശീകരണം എത്ര നല്ലത്! അത് എനിക്ക് എത്ര ആവശ്യം! എന്നാൽ സത്യമായും ഈ ക്രൂശീകരണം സംഭവിക്കാത്തതിന്റെ ഫലമായി ദൈവമക്കളിൽ ഭൂരിപക്ഷം പേരുടെയും ഹൃദയത്തിലും, ജീവിതത്തിലും വർണ്ണിക്കാനാവാത്ത ദുരിതങ്ങളും, കഷ്ടപ്പാടുകളും ഉണ്ടായിത്തീരുന്നു. പൗലോസിനുണ്ടായിരുന്ന കാഴ്ചപ്പാട് ആളുകൾക്ക് തീർച്ചയായും ലഭിക്കുന്നില്ല. നേരേ മറിച്ച് ഭയങ്കരമായൊരു തെറ്റിദ്ധാരണയിലാണ് അവർ ജീവിക്കുന്നത്. 'പൂർണ്ണമായി നാം ലോകത്തിന്റെ പിടിയിൽ വീണുപോകരുതെന്നേ ഉള്ളൂ; കഴിവുള്ളടത്തോളം ലോകത്തോടു ചേർന്നു ജീവിക്കാം' എന്നതാണ് ആ തെറ്റിദ്ധാരണ. ഇങ്ങനെ ചെയ്യുന്നതുകൊണ്ടു പല മെച്ചങ്ങൾ ലഭിക്കുമെന്നും അവർ സങ്കല്പിക്കുന്നു. അയ്യോ! കഷ്ടം! സത്യം ഇതിനു നേരെ വിരുദ്ധമാണെന്ന് അവർ അറിയുന്നില്ലല്ലോ.

**ക്രൂശിന്റെ ഇടർച്ച അഥവാ ക്രൂശ് സൃഷ്ടിക്കുന്ന പ്രകോപനം**

അങ്ങനെയെങ്കിൽ ക്രൂശിന്റെ ഇടർച്ച നീങ്ങിപ്പോയല്ലോ (ഗലാത്യർ 5:11). ക്രൂശു മുഖാന്തരം ഉണ്ടാകുന്ന അപമാനം, നിന്ദ, പീഡനം എന്നിവ നാം സഹിച്ചേ തീരൂ (ഗലാ: 6:12). 'ഞങ്ങളോ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നു; യഹൂദന്മാർക്ക് ഇടർച്ചയും....' (1 കോരി. 1:23). മതഭക്തരായ ആളുകൾക്ക് ഇടർച്ചയുണ്ടാക്കുന്ന കാര്യം ക്രിസ്തു നമുക്കുവേണ്ടി ക്രൂശിക്കപ്പെട്ടു എന്നതല്ല, പിന്നെയോ ആ വസ്തുതയുടെ വിപുലവും, കൂടുതൽ ശക്തവുമായ അർത്ഥമാണ്. അതായത് നാം അവനോടുകൂടി ക്രൂശിക്കപ്പെട്ടു എന്നതു തന്നെ. നമ്മുടെ സ്വന്ത വ്യക്തിത്വം ഒന്നാകെ നിഷ്ക

***(ശേഷം പേജ് 42 ൽ)***

പ്രസംഗമദ്ധ്യേ 'ഹാലേലൂയ്യാ' പറയുന്ന രീതിയും യേശുവിന് ഇല്ലായിരുന്നു. ഇവിടെയും യേശുവിന്റെ മാതൃക ഞാൻ അനുകരിക്കാൻ ശ്രമിച്ചു. പ്രസംഗകർ ഒച്ചയിട്ട് സംസാരിക്കുമ്പോൾ മിക്കപ്പോഴും പരിശുദ്ധാത്മാവിന്റെ അഗ്നിമൂലമല്ല അങ്ങനെ ചെയ്യുന്നത്, മറിച്ച് ശ്രോതാക്കളെ വൈകാരികമായി ഇളക്കാൻ മാത്രമാണ് 'ഹാല്ലേലൂയ്യാ' കൂടെക്കൂടെ പറയുന്നത് വെറും പരിചയമോ, അല്ലെങ്കിൽ അടുത്തതായി എന്താണ് പറയേണ്ടതെന്ന് ചിന്തിക്കുമ്പോൾ ഇടവേളകണ്ടെത്താനുള്ള പദമായോ ആകാം!

എന്റെ പ്രസംഗത്തിലൂടെ അല്പസമയത്തേക്ക് ശ്രോതാക്കളെ വൈകാരികമായി ഇളക്കാനല്ല, മറിച്ച് ദൈവവചനം അനുസരിക്കാനും, നാൾതോറും ക്രൂശെടുത്തുകൊണ്ട് യേശുവിനെ അനുഗമിക്കാനും അവരെ ഉത്സാഹിപ്പിക്കയാണ് എന്റെ ലക്ഷ്യം. "ഏതു മനുഷ്യനേയും ക്രിസ്തുവിൽ തികഞ്ഞവനാക്കി" നിർത്തുക എന്നുള്ളതുതന്നെ എന്റെ പ്രസംഗത്തിന്റെ ലക്ഷ്യമായിരിക്കുന്നു. (കൊലോ 1:28, 29, 1 തിമോ 1:5).

# ജെയിംസ് ഗിൽമോർ: മംഗോളിയയുടെ അപ്പോസ്തലൻ

**മാത്യു ജോർജ്**

**ജെ**യിംസ്-എലിസബെത്ത് ദമ്പതിമാർക്ക് ആറ് ആൺമക്കളായിരുന്നു. സ്കോട്ട്ലന്റിലെ ഗ്ലാസ്ഗോ പട്ടണത്തിൽ നിന്ന് അഞ്ചുമൈൽ മാത്രം ദൂരത്തിലായിരുന്നു കൃഷിയിടങ്ങൾ നിറഞ്ഞ കാർമുനോക് ഗ്രാമം. ഗ്ലാസ്ഗോയിലെ പള്ളിയിൽ ആരാധനയിൽ സംബന്ധിക്കാൻ ജെയിംസിന്റെ മാതാപിതാക്കൾ നടന്ന് പോകും. രാത്രിയിൽ ശരറാന്തൽ വിളക്കിന്റെ പ്രകാശത്തിൽ മടങ്ങിവന്നിരുന്ന ഇവരെപ്പറ്റി ഗ്രാമീണർക്ക് നല്ല മതിപ്പായിരുന്നു. സത്യസന്ധതയും ഭക്തിയും പൈതൃകമായി ലഭിച്ചിരുന്നു ജെയിംസ് ഗിൽമോർ എന്ന നമ്മുടെ കഥാപുരുഷനും. ആറ് മക്കളിൽ മൂന്നാമനായിരുന്നു കൊച്ചു ജെയിംസ്. ജെയിംസിന്റെ പിതാവിന് സാമാന്യം ഭേദപ്പെട്ട സാമ്പത്തിക സ്ഥിതിയായിരുന്നതിനാൽ മറ്റു പല മിഷനറിമാർക്കും ബാല്യകാലത്ത് അനുഭവിക്കേണ്ടി വന്ന ദാരിദ്ര്യം ഈ ബാലൻ അറിഞ്ഞില്ല. പ്രാഥമിക വിദ്യാഭ്യാസം കാമ്പുസ്ലാഗിലും ഹൈസ്ക്കൂൾ പഠനം ഗ്ലാസ്ഗോയിലുമായിരുന്നു. പ്രകൃതിയുമായി ഇഴുകിച്ചേർന്നുപോകാൻ ഇഷ്ടപ്പെട്ട ഈ കുട്ടി ഏകനായി മലകളിലും കാട്ടിലും ഒക്കെ അലഞ്ഞുനടക്കുന്നതിൽ സംതൃപ്തി കണ്ടെത്തി.

ഗ്ലാസ്ഗോ സർവ്വകലാശാലയിൽ ഉപരിപഠനസമയത്ത് ആദ്യം വീട്ടിൽ നിന്നു ദിവസവും പോയിവന്നു പഠിച്ചു. രാവിലെയുള്ള ട്രെയിൻ ക്ലാസ്സിൽ എത്താൻ പാകത്തിലല്ല എന്ന് കണ്ടപ്പോൾ സ്കൂളിലേക്ക് നടക്കാൻ മടിച്ചില്ല. പിന്നീട് പട്ടണത്തിൽ പിതാവിനുണ്ടായിരുന്ന ഒരു വീട്ടിലേക്ക് താമസം മാറ്റി, തനിയേ ഭക്ഷണം പാകം ചെയ്ത് പഠനം തുടർന്നു. ലാറ്റിൻ ഗ്രീക്കു ഭാഷകളിൽ അതീവസമർത്ഥനായിരുന്നു ജെയിംസ്. സമയത്തിന്റെ അമൂല്യതയെപ്പറ്റിയുള്ള ആഴമായ ഉൾബോധമായിരുന്നു ജെയിംസിന്റെ വിജയരഹസ്യം. ബോധപൂർവ്വം ഒരു മണിക്കൂർപോലും അയാൾ വെറുതെ കളഞ്ഞില്ല. ആവശ്യത്തിന് പണം ഉണ്ടായിരുന്നെങ്കിലും ഒട്ടും പാഴാക്കിയിരുന്നില്ല.

> **പഠനത്തിന്റെ ഒടുവിൽ ജെയിംസ് മിഷനറിവേല തെരഞ്ഞെടുത്തു. കാരണമായി പറഞ്ഞത് വിദേശമിഷൻ രംഗത്ത് സ്വദേശത്തുള്ളതിനേക്കാൾ എത്രയോ കുറച്ച് വേലക്കാരേ ഉള്ളൂ എന്നതായിരുന്നു! ഇൻഡ്യാക്കാരന്റേയും ഇംഗ്ലീഷുകാരന്റെയും ആത്മാക്കൾക്ക് ഒരേ വിലയാണുള്ളതെന്നും, സുവിശേഷം യൂറോപ്പിലുള്ളവർക്കെന്നപോലെ ചൈനാക്കാർക്കും അവകാശപ്പെട്ടതാണെന്നും ജെയിംസ് പറയുമായിരുന്നു.**





പഠനത്തിന്റെ ഒടുവിൽ ജെയിംസ് മിഷനറിവേല തെരഞ്ഞെടുത്തു. കാരണമായിപ്പറഞ്ഞത് വിദേശമിഷൻ രംഗത്ത് സ്വദേശത്തുള്ളതിനേക്കാൾ എത്രയോ കുറച്ച് വേലക്കാരേ ഉള്ളൂ എന്നതായിരുന്നു! ഇൻഡ്യാക്കാരന്റേയും ഇംഗ്ലീഷുകാരന്റെയും ആത്മാക്കൾക്ക് ഒരേ വിലയാണുള്ളതെന്നും, സുവിശേഷം യൂറോപ്പിലുള്ളവർക്കെന്നപോലെ ചൈനാക്കാർക്കും അവകാശപ്പെട്ടതാണെന്നും ജെയിംസ് പറയുമായിരുന്നു. ഒരു മിഷനറിയായി പോകാനുള്ള സന്നദ്ധത അറിയിച്ച ഈ സമർത്ഥനായ യുവാവിനെ ലണ്ടൻമിഷനറിസമൂഹം മിഷനറി ട്രെയിനിംഗിനായി ചെഷന്റ് കോളജിലേക്ക് അയച്ചു. പൊതുവേ വിനോദപ്രിയനായിരുന്നെങ്കിലും നഷ്ടപ്പെട്ടുപോകുന്ന ജാതികളെപ്പറ്റിയുള്ള സ്നേഹംകൊണ്ട് അവന്റെ ഹൃദയം കത്തി. ചെഷന്റ് കോളജിൽ നിന്നും ഹൈഗേയിറ്റ് കോളജിൽ ചേർന്നു മിഷനറിവേലയെപ്പറ്റി പഠിക്കാനും ചൈനീസ് ഭാഷയിൽ പ്രാവീണ്യം നേടാനുമായിരുന്നു അടുത്ത ശ്രമം. ആ സമയത്ത് വിദ്യാർത്ഥികളുടെ ന്യായമായ ചില ആവശ്യങ്ങൾക്കുവേണ്ടി ശബ്ദം ഉയർത്തിയതിനാൽ മിഷൻ അധികാരികൾ കുറേക്കാലത്തേക്ക് ജെയിംസ് ഗിൽമോറിനെ തെറ്റിദ്ധരിച്ചെങ്കിലും ഒടുവിൽ പുതിയ വാതിൽ തുറന്നുകിട്ടി. 1870 ഫെബ്രുവരി 22-ാം തീയതി ലിവർപൂൾ തുറമുഖത്തുനിന്നും മംഗോളിയ ലക്ഷ്യമാക്കി പീക്കിംഗിലേക്കു (ബെയ്ജിഗ്) ജെയിംസ് കപ്പൽ കയറി. യാത്രാക്കപ്പലിൽ ആത്മീയകാര്യങ്ങളുടെ ചുമതല ജെയിംസിനായിരുന്നു. കപ്പലിൽ ഉണ്ടായിരുന്ന യാത്രക്കാരെല്ലാവരും എത്രയും ലളിതമായി സുവിശേഷം കേൾക്കാൻ ഇതുമൂലം ഇടയായി.


ജെയിംസ് ഗിൽമോർ:

*പ്രതിസന്ധികളിൽ പതറാതെ*

ജെയിംസ് ഗിൽമോർ 1870 മെയ്മാസം 18-ാം തീയതി പീക്കിംഗിലെത്തി. ചൈനീസ് ഭാഷ പഠിക്കുന്നതിൽ കൂടുതൽ ശ്രദ്ധപതിപ്പിച്ചു. ഒരു മാസത്തിനകം പീക്കിംഗ് തുറമുഖനഗരമായ ടിയന്റ്സിനിൽ പതിമൂന്ന് ഫ്രഞ്ച് കത്താലിക്കാ മിഷനറിമാരെ കൊലചെയ്ത സംഭവം ഈ യുവമിഷനറിയെ അസ്വസ്ഥനാക്കി. "ഏതു നിമിഷവും തിളച്ചു മറിയുന്ന ലാവാ പുറപ്പെടുവിക്കാൻ ഇടയുള്ള ഒരു അഗ്നി പർവ്വതത്തിന്റെ ചരിവിലാണ് ഞങ്ങൾ'' എന്നാണ് ആ കാലത്ത് ഗിൽമോർ എഴുതിയത്. മിഷൻ ഫീൽഡ് ഉപേക്ഷിച്ചു പോകാൻ ഒരിക്കലും തയ്യാറാകാത്ത ഉരുക്കുഹൃദയം ഉണ്ടായിരുന്നു അദ്ദേഹത്തിന്. "ഒരു പക്ഷേ ജീവിച്ചിരിക്കുന്നതിനേക്കാൾ ക്രിസ്തുവിന്റെ സുവിശേഷത്തിന് നേട്ടം തന്റെ മരണംമൂലം ഉണ്ടായേക്കാം' എന്നുപോലും ചിന്തിപ്പിച്ച നാളുകൾ! വിദേശികളെ ഒന്നടങ്കം കൂട്ടക്കൊല ചെയ്യാനുള്ള ഒരു നീക്കം നടന്നെങ്കിലും കോരിച്ചൊരിയുന്ന മഴമൂലം ചൈനക്കാർക്ക് വീടിനുപുറത്തിറങ്ങാൻ നിർവ്വാഹമില്ലാതെ വന്നതിനാൽ വിപ്ലവവീര്യം തണുത്തുപോകുകയായിരുന്നു.!

ഗിൽമോർ ചൈനയിൽ എത്തുമ്പോൾ

> **ദൈവം സർവ്വവ്യാപിയും അരൂപിയും ആണെന്ന് ഗിൽമോർ പഠിപ്പിച്ചത് അവർക്ക് ഉൾക്കൊള്ളാൻ നന്നേ ബുദ്ധിമുട്ടായിരുന്നു. അരൂപിയാണ് ദൈവം എങ്കിൽ യേശുവിന് അവിടുത്തെ വലത്തുഭാഗത്ത് എങ്ങനെ ഇരിക്കാൻ കഴിയും? സർവ്വവ്യാപിയാണെങ്കിൽ ആ ദൈവത്തെ ചവിട്ടാതെ എങ്ങനെ നടക്കാൻ കഴിയും? ഈ വിധമായിരുന്നു അവരുടെ ചിന്ത!**

മംഗോളിയ, ചൈനയ്ക്കും സൈബീരിയയ്ക്കും ഇടയിൽ ജപ്പാനും ടർക്കിസ്റ്റാനും രണ്ടുവശങ്ങളിലുമായി 3000 മൈൽ ദൂരത്തിൽ വ്യാപിച്ചുകിടന്ന വളരെ വിസ്തൃതമായ പ്രദേശമായിരുന്നു. മംഗോളിയായുടെ മദ്ധ്യഭാഗത്താണ് മരുപ്രദേശമായ ഗോബി. ഒട്ടകപ്പുറത്തും കാളവണ്ടികളിലുമായി തേയില, ഉപ്പ്, സോഡാ, തുകൽ, തടി തുടങ്ങിയ വ്യാപാരവസ്തുക്കളും പേറി നീങ്ങുന്ന കച്ചവടസംഘങ്ങൾ റഷ്യക്കും ചൈനയ്ക്കും ഇടയിൽ മംഗോളിയായിലൂടെ സഞ്ചരിച്ചിരുന്നു. ഈ വ്യാപാരമാർഗ്ഗങ്ങൾക്കും പടിഞ്ഞാറ് ആരേയും കൂസാത്ത നാടോടിസംഘങ്ങൾ വിഹരിച്ചിരുന്നു. ശൈത്യകാലത്ത് കൂടാരമടിച്ച് താമസിച്ചിരുന്ന ഇവർ ഉഷ്ണകാലത്ത് ആടുമാടുകൾക്ക് മേച്ചിൽപ്പുറങ്ങൾ തേടി യാത്രചെയ്യും. ശക്തമായ മണൽക്കാറ്റുകൾ ഈ പ്രദേശങ്ങളുടെ പ്രത്യേകതയാണ്. ബുദ്ധമതംമാത്രമാണ് കുറേ എങ്കിലും ജനഹൃദയങ്ങളിൽ സ്ഥാനം പിടിച്ചിരുന്നത്. പുരുഷന്മാരിൽ പകുതിയിലധികം ബുദ്ധസന്യാസിമാരായിരുന്നു. വിവിധ വർണ്ണങ്ങളിലുള്ള ക്ഷേത്രങ്ങൾ പുണ്യസ്ഥലങ്ങളെ അലങ്കരിച്ചിരുന്നു. ഈ ജനവർഗ്ഗങ്ങളുടെ ഇടയിൽ സുവിശേഷം എത്തിക്കാൻ പുറപ്പെടുന്ന ഏതൊരു മിഷനറിയും അവരുടെ ജീവിതശൈലിയുമായി പൊരുത്തപ്പെടേണ്ടതുണ്ട്. ജെയിംസ് ഗിൽമോറും ഇതിന് അപവാദമായിരുന്നില്ല.

1870 ഓഗസ്റ്റ് മാസം 27-ാം തീയതി റഷ്യക്കാരനായ ഒരു പോസ്റ്റ്മാസ്റ്ററേയും കൂട്ടി ഗിൽമോർ കൽഗാനിൽ നിന്നും മംഗോളിയയുടെ ഹൃദയഭാഗത്തേക്ക് യാത്രയായി. വിസ്തൃതമായ സമതലങ്ങൾ താണ്ടി കിയാച്ച്താ എന്ന സ്ഥലത്തെത്താൻ ഒരു മാസമെടുത്തു. പിക്കിംഗിൽ നിന്നും പുതിയ പാസ്പോർട്ട് എത്തുംവരെ ഇവിടെ ഒരു സ്കോട്ട് ലന്റുകാരനായ വ്യാപാരിയുടെ വീട്ടിൽ അഭയംലഭിച്ച ഗിൽമോർ ആളുകളുടെ ഇടയിലേക്ക് ഇറങ്ങിച്ചെന്ന് നാട്ടുഭാഷപഠിക്കാൻ ഉത്സാഹിച്ചു. ഒരു ചൈനീസ് ഭാഷാദ്ധ്യാപകനെ കിട്ടിയെങ്കിലും പഠനം ഇഴഞ്ഞു നീങ്ങിയതിനാൽ ഗിൽമോർ അക്ഷമനായി. ചൂരച്ചെടിയുടെ തലണലിൽ ഉറങ്ങിയ ഏലിയാവിന്റെ അവസ്ഥയിലായിരുന്നു അദ്ദേഹം. തന്നെ മനസ്സിലാക്കാൻ ആരുമില്ലാത്ത തികഞ്ഞ ഏകാന്തതയിൽ യേശുക്രിസ്തുഅനുഭവിച്ച ഏകാന്തത കുറേക്കൂടി വ്യക്തമായി ഗ്രഹിക്കാൻ കഴിഞ്ഞു. എങ്കിലും മംഗോളിയായിൽ എത്തിയതിന്റെ ലക്ഷ്യം ഒരു നിമിഷവും മറന്നില്ല. 1870 അവസാനിക്കുംമുമ്പ് പ്രാർത്ഥനയിൽ സമയം ചെലവഴിച്ച ഒരു മംഗോളിയക്കാരന്റെ കൂടാരത്തിൽ അതിഥിയായി മൂന്നുമാസം കഴിയാൻ ഗിൽമോറിന് അവസരം കിട്ടി. ഭക്തനായ ഈ മനുഷ്യനെ പരിചരിക്കാൻ രണ്ട് ലാമാമാർ അടുത്ത് കുടിലുകൾ കെട്ടി പാർത്തിരുന്നു. ഭാഷവേഗത്തിൽ പഠിക്കുകയും നാട്ടുകാരുടെ ഹൃദയങ്ങളിലേക്കും മനസ്സുകളിലേക്കും ഇറങ്ങിച്ചെല്ലാൻ കഴിയുകയും ചെയ്തു. അല്പബുദ്ധികളായ അവർക്ക് ദൈവം സർവ്വവ്യാപിയും അരൂപിയും ആണെന്ന് ഗിൽമോർ പഠിപ്പിച്ചത് ഉൾക്കൊള്ളാൻ





> **ഈ മിഷനറിവീരന് നാലുവർഷത്തെ അദ്ധ്വാനത്തിനുശേഷവും ഒരു ആത്മാവിനെപ്പോലും നേടാൻ കഴിഞ്ഞില്ല. സുവിശേഷം വാഗ്ദാനം ചെയ്യുന്ന അനുഗൃഹീതജീവിതത്തെക്കുറിച്ചുള്ള വചനത്തിന്റെ വിത്തുവിതയ്ക്കുക മാത്രമാണ് തന്റെ ഉത്തരവാദിത്വം. തക്കസമയത്ത് വിളവ് നൽകേണ്ടത് ദൈവത്തിന്റെ ഉത്തരവാദിത്വമാണെന്ന് ഗിൽമോർ വിശ്വസിച്ചിരുന്നു.**

നന്നേ ബുദ്ധിമുട്ടായിരുന്നു. അരൂപിയാണ് ദൈവം എങ്കിൽ യേശുവിന് അവിടുത്തെ വലത്തുഭാഗത്ത് എങ്ങനെ ഇരിക്കാൻ കഴിയും? സർവ്വവ്യാപിയാണെങ്കിൽ ആ ദൈവത്തെ ചവിട്ടാതെ എങ്ങനെ നടക്കാൻ കഴിയും? ഈ വിധമായിരുന്നു അവരുടെ ചിന്ത! ഒരു വർഷംകൊണ്ട് മംഗോളിയൻ ഭാഷയിൽ സാവധാനമായി ബൈബിൾ വായിക്കാനും ഭാഷ തെറ്റുകൂടാതെ എഴുതാനും ഗിൽമോർ പഠിച്ചിരുന്നു.

പ്രതിസന്ധികൾ ജെയിംസ് ഗിൽമോറിനെ തളർത്തിയില്ല. ഒട്ടകത്തിന്റെ പുറത്ത് യാത്രചെയ്യുന്നതിനുള്ള പണം ലാഭിക്കാൻ കാൽനടയായി യാത്രചെയ്യാൻ അദ്ദേഹം മടിച്ചില്ല. താമസിച്ചിരുന്ന കൂടാരം പാർപ്പിടം മാത്രമല്ല, ആരാധനാസ്ഥലവും, ആശുപത്രിയും കൂടെയായിരുന്നു! തന്റെ ഗുരുവിനെപ്പോലെ നന്മചെയ്തുകൊണ്ട്, തന്നാൽ ആവും വിധം ലളിതമായ ചികിത്സയിലൂടെ രോഗനിവാരണം വരുത്തി സുവിശേഷസന്ദേശം പകർന്നുകൊടുത്തുകൊണ്ടിരുന്ന ഈ മിഷനറിവീരന് നാലു വർഷത്തെ അദ്ധ്വാനത്തിനുശേഷവും ഒരു ആത്മാവിനെപ്പോലും നേടാൻ കഴിഞ്ഞില്ല. സുവിശേഷം വാഗ്ദാനം ചെയ്യുന്ന അനുഗൃഹീതജീവിതത്തിനായുള്ള കേവലമായ ഒരു വാഞ്ഛപോലും ആളുകൾക്ക് ഉണ്ടായിരുന്നില്ല. വചനത്തിന്റെ വിത്തുവിതയ്ക്കുക മാത്രമാണ് തന്റെ ഉത്തരവാദിത്വം. തക്കസമയത്ത് വിളവ് നൽകേണ്ടത് ദൈവത്തിന്റെ ഉത്തരവാദിത്വമാണെന്ന് ഗിൽമോർ വിശ്വസിച്ചിരുന്നു.

മരുഭൂമിയിലെ ഏകാന്തതയുടെ നാളുകളിൽ അനുയോജ്യമായ ഒരു ജീവിതപങ്കാളിക്കായി ഗിൽമോർ പ്രാർത്ഥിക്കുന്നുണ്ടായിരുന്നു. 1874-ൽ ഇംഗ്ലണ്ടിൽ ഉള്ള, താൻ ഒരിക്കലും കണ്ടിട്ടില്ലാത്ത എമിലി പ്രാൻകാർഡിനെ ജീവിതപങ്കാളിയാക്കാൻ ദൈവം ഇടയാക്കി. വിവാഹത്തിനുശേഷമുള്ള ആദ്യവർഷം പിക്കിംഗിൽ അവർ താമസിച്ചു. 1876 ഏപ്രിലിൽ അവർ ഒരുമിച്ച് മംഗോളിയായിലേക്ക് ഒരു ദീർഘപര്യടനം നടത്തി. 156 ദിവസം നീണ്ട ആ പര്യടനത്തിനിടെ എമിലി മംഗോളിയൻ ഭാഷ ഒരുവിധം വശമാക്കി. പിക്കിംഗിൽ മടങ്ങിയെത്തിയ ഗിൽമോർ ട്രാക്റ്റ് സൊസൈറ്റിയുടെ സഹകരണത്തോടെ രണ്ട് ലഘുഗ്രന്ഥങ്ങൾ തയ്യാറാക്കി. ടിയന്റ്സിനിൽ നിന്നും അഞ്ചുദിവസത്തെ വഴിദൂരെയുള്ള ക്ഷാമബാധിത പ്രദേശത്ത് ലൂയിസ് എന്ന സുവിശേഷകനുമൊത്ത് ഗിൽമോർ സുവിശേഷയാത്രനടത്തി. 300 ൽ താഴെവരുന്ന ജനക്കൂട്ടത്തോട് പലയിടങ്ങളിൽ മംഗോളിയൻ ഭാഷയിലുള്ള ക്രിസ്തീയഗാനങ്ങളിലൂടെ സുവിശേഷസന്ദേശം അവർ പങ്കുവച്ചു. പിക്കിംഗിലായിരിക്കുമ്പോൾ സന്ദർശകരായി ആ പട്ടണത്തിൽ എത്തുന്ന മംഗോളിയക്കാർക്ക് മാതൃഭാഷയിലുള്ള ബൈബിൾ വിതരണം ചെയ്തിരുന്നു. ഈ വിധത്തിൽ മംഗോളിയയുടെ വിവിധഭാഗങ്ങളിൽ സുവിശേഷസന്ദേശം എത്താൻ ഇടയായി. സാധാരണരോഗങ്ങൾക്ക് ഫലപ്രദമായി മരുന്നുകൾ നൽകാനുള്ള ഗിൽമോറിന്റെ കഴിവ് നാട്ടുകാരുടെ ഇടയിൽ വലിയ സ്വാധീനശക്തിയായിരുന്നു.

**ഇംഗ്ലണ്ടിലായിരിക്കുമ്പോൾ ഗിൽമോറിന്റെ ആഹ്വാനം മിഷനറിമാർക്കായി പ്രാർത്ഥിക്കുവാനായിരുന്നു. പ്രാർത്ഥനയുടെ പിൻബലമില്ലാത്ത ഒരു മിഷനറി പ്രാണവായു ഇല്ലാതെ ആഴക്കടലിൽ മുങ്ങുന്നവനെപ്പോലെയോ, വെള്ളമില്ലാത്ത കുഴലുമായി തീയണയ്ക്കാൻ ശ്രമിക്കുന്ന അഗ്നിശമന സേനയെപ്പോലെയോ ആണെന്ന് അദ്ദേഹം പറഞ്ഞു!**

പത്തുവർഷത്തെ അദ്ധ്വാനത്തിനു ശേഷം മരുന്നുകൾക്ക് അനേകരെ തന്റെ അടുത്ത് കൊണ്ടുവരാൻ കഴിയുമെന്ന് വ്യക്തമായി.

1882 ൽ ഗിൽമോർ ഭാര്യയോടൊപ്പം വിശ്രമത്തിനായി ഇംഗ്ലണ്ടിലേക്കുപോയി. അവിടെ വച്ചാണ് "മംഗോളിയക്കാരുടെ ഇടയിൽ"എന്ന പ്രസിദ്ധമായ ഗ്രന്ഥം പ്രസിദ്ധീകരിച്ചത്. ഇന്നും വില്പനയിലുള്ള ഈ ഗ്രന്ഥത്തെപ്പറ്റി ഒരു നിരൂപകൻ പറഞ്ഞത് ഇപ്രകാരമായിരുന്നു:"റോബിൻസൺ ക്രൂസോ ഒരു മിഷനറിയായി മംഗോളിയായിൽ വർഷങ്ങൾ താമസിച്ച് അനുഭവങ്ങൾ പുസ്തകത്തിലാക്കിയിരിക്കുന്നു!" ഇംഗ്ലണ്ടിലായിരിക്കുമ്പോൾ ഗിൽമോറിന്റെ ആഹ്വാനം മിഷനറിമാർക്കായി പ്രാർത്ഥിക്കുവാനായിരുന്നു. പ്രാർത്ഥനയുടെ പിൻബലമില്ലാത്ത ഒരു മിഷനറി പ്രാണവായു ഇല്ലാതെ ആഴക്കടലിൽ മുങ്ങുന്നവനെപ്പോലെയോ, വെള്ളമില്ലാത്ത കുഴലുമായി തീയണയ്ക്കാൻ ശ്രമിക്കുന്ന അഗ്നിശമന സേനയെപ്പോലെയോ ആണെന്ന് അദ്ദേഹം പറഞ്ഞു!

1883 ന്റെ ഒടുവിൽ ഗിൽമോർ കുടുംബമായി പിക്കിംഗിലേക്ക് മടങ്ങി. 1884 ന്റെ ആരംഭത്തിൽ മരുന്നുകൾ ഒന്നും ഇല്ലാതെ കാൽനടയായി മംഗോളിയയിൽ സുപ്രധാനമായ പര്യടനത്തിനായി ഗിൽമോർ യാത്രയായി. ലാമാമാരെപ്പോലെ സ്വന്തം സാമാനങ്ങൾ ഭാണ്ഡമായി ചുമന്ന് യാത്രചെയ്ത ഈ പര്യടനത്തിലാണ് തന്റെ ആദ്യത്തെ ക്രിസ്തുശിഷ്യനെ ഈ മിഷനറി കണ്ടെത്തിയത്. ഒരു മൺകുടിലിൽ ഒരു ബുദ്ധമതസന്യാസിയോട് യേശുവിനെപ്പറ്റി പറയുന്നതിനിടയിലാണ് ഒരു സാധാരണക്കാരൻ അടുത്ത് വന്ന് യേശുവിനെപ്പറ്റി കുറേനാളായി അന്വേഷിച്ചുകൊണ്ടിരിക്കുന്ന അയാൾ രക്ഷകനെ വിശ്വസിക്കാൻ തയ്യാറാണെന്ന് അറിയിച്ചത്. യേശുവിനെ കർത്താവും രക്ഷകനുമായി ഒരു മംഗോളിയക്കാരൻ ഏറ്റുപറഞ്ഞ ആ സന്ദർഭം സ്വർഗ്ഗകവാടത്തിൽ താൻ എത്തിയ അനുഭവമായിരുന്നു എന്ന് ഗിൽമോർ ഓർക്കുന്നു. അവർ ഒരുമിച്ച് 23 മൈൽ സഞ്ചരിക്കയും ഒടുവിൽ ഒരു ഏകാന്ത സ്ഥലത്ത് വഴിയരികിൽ മുട്ടുകുത്തി പ്രാർത്ഥിച്ച് പിരിയുകയും ചെയ്തു. വ്യക്തിപരമായി സുവിശേഷം പങ്കിടേണ്ടതിന്റെ പ്രാധാന്യത്തിലേക്ക് ഗിൽമോറിന്റെ കണ്ണുതുറക്കുകയായിരുന്നു. രോഗിണിയായ ഭാര്യയെപ്പോലും പരിഗണിക്കാതെ പലപ്പോഴും അദ്ദേഹം ആത്മഭാരത്തോടെ ക്രിസ്തുവിന്റെ സ്നേഹം പങ്കിട്ടുകൊണ്ടേയിരുന്നു. 1885 സെപ്റ്റംബറിൽ എമിലി പ്രിയം വച്ച കർത്തൃസന്നിധിയിലേക്ക് ചേർക്കപ്പെട്ടു. പതിനൊന്നുവർഷം മാത്രം നീണ്ടുനിന്നു ദാമ്പത്യജീവിതത്തിന് അങ്ങനെ തിരശ്ശീലവീണു.

പുകയില, കറുപ്പ്, മദ്യം ഇവയായിരുന്നു മംഗോളിയക്കാരുടെ ശാപം. ഇവയ്ക്കെതിരെ ശക്തിയോടെ ക്രിസ്തുവിന്റെ സുവിശേഷം പ്രസംഗിച്ച ഗിൽമോർ ഈ മൂന്ന് തിന്മകളിൽനിന്നും ഒഴിഞ്ഞിരിക്കുന്നവരെ മാത്രമേ സഭാംഗങ്ങളായി സ്വീകരിച്ചിരുന്നുള്ളൂ. മിക്കപ്പോഴും കാൽനടയായി നടക്കുകയും ചില





**"നമ്മുടെ നല്ല പ്രവൃത്തികൾ ഒന്നും നഷ്ടമാകയില്ല. അവയെല്ലാം ഒടുവിൽ ദൈവസന്നധിയിൽ കണ്ടെത്തപ്പെടും എന്നതിന് സംശയമില്ല; പക്ഷേ കണ്ടെത്തപ്പെടുന്ന ആ സൽപ്രവൃത്തികൾ എത്ര നിസ്സാരമായിരിക്കും എന്നതിലാണ് എനിക്ക് ആശങ്ക." ഒരു പുരുഷായുസ്സുമുഴുവൻ മംഗോളിയായിലെ ജനങ്ങളെ അന്ധകാരത്തിൽ നിന്നും അത്ഭുതപ്രകാശത്തിലേക്ക് നടത്തുവാൻ അദ്ധ്വാനിച്ച മിഷനറിവീരൻ തന്റെ എല്ലാ അദ്ധ്വാനത്തെപ്പറ്റിയും ഇപ്രകാരമാണ് ചിന്തിച്ചത്.**

പ്പോൾ ഭാരിച്ച ചുമട് വഹിക്കാൻ കഴുതയെ കൂലിക്ക് വിളിക്കുകയും ചെയ്ത് സുവിശേഷം പ്രചരിപ്പിച്ച ഈ മിഷനറിക്ക് പലപ്പോഴും സത്രക്കാർ മുറി നൽകാൻ വിസമ്മതിച്ചിരുന്നു. സുവിശേഷം പ്രസംഗിച്ചശേഷം പുകവലിച്ചിരുന്ന പിക്കിംഗിലെ ഒരു മിഷനറി, നാട്ടുകാരോട് വഴക്കടിക്കുന്ന ഒരു ബൈബിൾ സൊസൈറ്റി പ്രവർത്തകൻ ഇങ്ങനെ ഗിൽമോറിന്റെ സാക്ഷ്യപാതയിൽ മുള്ളുകളായി പലർ ഉണ്ടായിരുന്നെങ്കിലും ധീരനായി അദ്ദേഹം മുന്നോട്ടുപോയി. തെറ്റായ മാതൃകകൾ ചൂണ്ടിക്കാട്ടി മംഗോളിയാക്കാർ പറയുമായിരുന്നു അവരുടെ മതത്തേക്കാൾ മെച്ചമല്ലാത്ത ക്രിസ്തുമതം അവർക്ക് വേണ്ടെന്ന്. എങ്കിലും കണ്ണുനീരോടെ വചനം വിതച്ചുകൊണ്ടിരുന്നു.

പലപ്പോഴും മാനസികമായി തകർന്നുപോയ അവസ്ഥയിൽ ഇംഗ്ലണ്ടിലെ വിശ്വാസികളോട് സഹതാപപൂർവ്വമായ പ്രാർത്ഥന അഭ്യർത്ഥിച്ചിരുന്നു. ക്രിസ്തുവിന്റെ ക്രൂശിന് പ്രതിഫലമായി നിത്യതയിൽ ചിലരെ കാഴ്ചവയ്ക്കാൻ പൗലൊസിനെപ്പോലെ എല്ലാവർക്കും എല്ലാമായിത്തീരുകയായിരുന്നു അദ്ദേഹം. മാംസാഹാരം വെറുത്തവർക്കായി സസ്യഭുക്കായി. ഒരു കച്ചവടക്കാരന്റെ വേഷം ധരിച്ച് തെരുവിൽ സഞ്ചരിച്ച് ആയിരങ്ങളോട് ക്രിസ്തുവിനെ പങ്കുവച്ച ഗിൽമോറിന്റെ ആരോഗ്യം തകരാറിലായപ്പോൾ ഒരു സഹായിക്കായി മിഷനറി സൊസൈററിയോട് അഭ്യർത്ഥിച്ചു. 1889 ൽ പകരക്കാരനെ മംഗോളിയയിലാക്കി ഇംഗ്ലണ്ടിൽ എത്തിയ മിഷനറി കൃശഗാത്രനായി സ്നേഹിതർക്കുപോലും തിരിച്ചറിയാൻ കഴിയാത്തവിധം മാറിപ്പോയിരുന്നു. അമ്മയുടെ മരണശേഷം ഇംഗ്ലണ്ടിൽ പഠനത്തിനായി അയച്ചിരുന്ന കുട്ടികളോടൊപ്പം കുറെക്കാലം ചെലവഴിച്ച ഗിൽമോർ 1891 ൽ മംഗോളിയായിലേക്ക് മടങ്ങി. സുവിശേഷവേല തുടർന്നു. ടിയന്റ്ബിൻ പട്ടണത്തിലെ ബൈബിൾ സൊസൈറ്റിയുടെ അദ്ധ്യക്ഷനായി കുറേക്കാലം സേവനം ചെയ്തു. അവിടെവച്ച് ടൈഫസ് രോഗം ബാധിച്ച് 1891 മെയ് മാസം 21-ാം തീയതി നിത്യമായ ഉറക്കത്തിലേക്ക് പ്രവേശിച്ചു. ഗിൽമോറിന്റെ മരണവാർത്ത മംഗോളിയായിൽ പരന്നപ്പോൾ പ്രായപൂർത്തിയായ പുരുഷന്മാർ പോലും കുട്ടികളെപ്പോലെ പൊട്ടിക്കരയുകയായിരുന്നു. അവരുടെ 'സ്വന്തം ഗിൽമോർ' ക്രിസ്തുവിനോടുകൂടി വിശ്രമിക്കുകയാണ് എന്നതായിരുന്നു അവരുടെ ഏക ആശ്വാസം.

"നമ്മുടെ നല്ല പ്രവൃത്തികൾ ഒന്നും നഷ്ടമാകയില്ല. അവയെല്ലാം ഒടുവിൽ ദൈവസന്നധിയിൽ കണ്ടെത്തപ്പെടും എന്നതിന് സംശയമില്ല; പക്ഷേ കണ്ടെത്തപ്പെടുന്ന ആ സൽപ്രവൃത്തികൾ എത്ര നിസ്സാരമായിരിക്കും എന്നതിലാണ് എനിക്ക് ആശങ്ക." ഒരു പുരുഷായുസ്സുമുഴുവൻ മംഗോളിയായിലെ ജനങ്ങളെ അന്ധകാരത്തിൽ നിന്നും അത്ഭുതപ്രകാശത്തിലേക്ക് നടത്തുവാൻ അദ്ധ്വാനിച്ച മിഷനറിവീരൻ തന്റെ എല്ലാ അദ്ധ്വാനത്തെപ്പറ്റിയും ഇപ്രകാരമാണ് ചിന്തിച്ചത്. ഇത് നമ്മെയും വിനയാന്വിതരാക്കട്ടെ!.

സന്ദേശം

## ശിക്ഷണമുള്ള ഒരു ജീവിതം-II

# മുൻഗണന ഏതിന്?

**ശി**ക്ഷണം-അതാണ് ശക്തിയുടെ താക്കോൽ. ശിക്ഷണമുള്ള ഒരു ജീവിതത്തിനുവേണ്ട മറ്റുചില ഘടകങ്ങളെക്കുറിച്ച് നമുക്ക് ചിന്തിക്കാം.

**സംഭാഷണം**

നാവ് ജ്ഞാനത്താൽ നിയന്ത്രിക്കപ്പെടുകയും സ്നേഹത്താൽ ഭരിക്കപ്പെടുകയും ചെയ്യുന്ന ഒരവസ്ഥയിലല്ലാതെ യാതൊരു വ്യക്തിയും ശിക്ഷണമുള്ള ഒരാളായി പരിഗണിക്കപ്പെടുകയില്ല (യാക്കോബ് 1:26). ഒരു മനുഷ്യനു സുശിക്ഷിതമായ ഒരു ശരീരവും മനസ്സും ഇച്ഛാശക്തിയും ശിക്ഷണാധീനമായ വികാരങ്ങളും അഭിരുചികളും ശീലങ്ങളും ഉണ്ടായിരുന്നാൽപോലും അടക്കമില്ലാത്ത ഒരു നാവ് അയാളുടെ സാക്ഷ്യജീവിതത്തിൽ മാരകമായ ഒരു വൈകല്യമായിത്തീരും. തുറന്നടിച്ചു കാര്യങ്ങൾ പറയുന്ന സ്വഭാവം ഒരു ക്രിസ്തീയസ്വഭാവഗുണമായിക്കൊള്ളണമെന്നില്ല. തന്റെ മനസ്സിലേക്കു വരുന്നതെന്തായാലും അതെല്ലാം തുറന്നു പറയുന്നയാൾ ഒരു ഭോഷൻ മാത്രമായിരിക്കും. തുറന്നു കാര്യങ്ങൾ പറയുന്ന ശീലം ഒരു സദ്ഗുണമായിത്തീരുന്നത് ബുദ്ധിപൂർവ്വവും സ്നേഹഭരിതവുമായ ചാതുര്യത്തോടും, വിവേചനത്തോടും അത് ഇണങ്ങിച്ചേരുമ്പോൾ മാത്രമാണ്. എന്നാൽ സമയം, സ്ഥലം, മറ്റുള്ളവരുടെ വികാരങ്ങൾ എന്നിവയെക്കുറിച്ചു കരുതലില്ലാതെ അനിയന്ത്രിതമായി ചെയ്യപ്പെടുന്ന അഭിപ്രായപ്രകടനം ദോഷകരമായ ഒരു ശീലമായിത്തീരാം. സംസാരിക്കുന്നതിനെക്കാളധികം മൗനമവലംബിക്കുന്നതു പലപ്പോഴും കൂടുതൽ ഉന്നതമായ ഒരു ശിക്ഷണത്തിന്റെ ലക്ഷണമായിരിക്കും. സഹിഷ്ണുതയും ദീർഘക്ഷമയും നാമെല്ലാം വികസിപ്പിച്ചെടുക്കേണ്ട ഗുണവിശേഷങ്ങളത്രേ.

**മുൻഗണനകൾ**

യഥാർത്ഥശിക്ഷണമുള്ള ഒരു വ്യക്തിക്കു പ്രാധാന്യം കുറഞ്ഞ കാര്യങ്ങളെ കൂടുതൽ പ്രധാനമായവയ്ക്കു കീഴ്പ്പെടുത്തുവാൻ കഴിവുണ്ടായിരിക്കും. ദൈനംദിനമുള്ള ജീവിതത്തിൽ ദൈവരാജ്യത്തിനും അവിടുത്തെ നീതിക്കും മുൻഗണന നൽകുവാൻ നാം പരിശീലിക്കണം. നാൾതോറും നമ്മുടെ ശ്രദ്ധയും സമയവും പിടിച്ചുപറ്റുവാൻ തിരക്കിട്ടു വന്നുകൊണ്ടിരിക്കുന്നവയും കൂടുതൽ പ്രധാനമായ കാര്യങ്ങൾക്കു തടസ്സം സൃഷ്ടിക്കുന്നവയുമായ ഒരു വലിയ സംഖ്യ പ്രവർത്തനങ്ങളെ നിരാകരിക്കുവാനുള്ള ശിക്ഷണമാണ് ഇവിടെ നമുക്കാവശ്യമായിരിക്കുന്നത്.

തിരഞ്ഞെടുപ്പ്, തിരഞ്ഞെടുപ്പ്, തിരഞ്ഞെടുപ്പ്-ഇതാണു ജീവിതത്തിന്റെ പ്രമാണം. എല്ലാ കാര്യങ്ങളും ചെയ്യുവാൻ നമുക്കു സാധ്യമല്ല. അതിനാൽ നാമൊരു തിരഞ്ഞെടുപ്പു നടത്തിയേതീരൂ. എല്ലാം വായിക്കുവാൻ നമുക്കു സാധ്യമല്ല. അതിനാൽ തിരഞ്ഞെടുപ്പാവശ്യം. നമ്മുടെ മുൻഗണനകൾ നിർണ്ണയിക്കുന്നതിൽ നമുക്കുള്ള ശിക്ഷണമാണ് നമ്മുടെ പ്രായത്തികവിനെ കൃത്യ







സമയം, സ്ഥലം, മറ്റുള്ളവരുടെ വികാരങ്ങൾ എന്നിവയെക്കുറിച്ചു കരുതലില്ലാതെ അനിയന്ത്രിതമായി ചെയ്യപ്പെടുന്ന അഭിപ്രായപ്രകടനം ദോഷകരമായ ഒരു ശീലമായിത്തീരാം. അതുകൊണ്ട് സംസാരിക്കുന്നതിനെക്കാളധികം മൗനമവലംബിക്കുന്നതു പലപ്പോഴും കൂടുതൽ ഉന്നതമായ ഒരു ശിക്ഷണത്തിന്റെ ലക്ഷണമായിരിക്കും.

മായും നിശ്ചയിക്കുന്ന വസ്തുത. നാം അപ്രധാന കാര്യങ്ങളെ മുൻപന്തിയിലുള്ളവയായിക്കരുതുകയും രണ്ടാംതരം കാര്യങ്ങളോടു പ്രതിബദ്ധത പുലർത്തുകയും ചെയ്താൽ, അഥവാ നമ്മുടെ സ്നേഹിതന്മാരെയും ഇഷ്ടാനിഷ്ടങ്ങളെയും താത്ക്കാലിക സൗകര്യങ്ങളെയും മുൻഗണനയ്ക്കു മാനദണ്ഡമായി സ്വീകരിച്ചാൽ, നാം ദൈനംദിന സാഹചര്യങ്ങളുടെ ഒഴുക്കിൽപ്പെട്ടു താഴോട്ടുപോകുവാനിടയാകും. അവസാനം നാം ഘനമില്ലാത്തവരും ജഡികരുമായ ക്രിസ്ത്യാനികളായി ദൈവത്തിനും മനുഷ്യർക്കും പ്രയോജനശൂന്യരായിത്തീരുവാൻ ഇടയാകും.

അതേസമയം തന്നെ ദൈവരാജ്യത്തിൽ മുൻഗണനയുള്ള കാര്യങ്ങളെ വർത്തമാനനിമിഷത്തിൽത്തന്നെ കൃത്യമായി പ്രയോഗത്തിൽ വരുത്തുവാൻ കൂട്ടാക്കാതെ അവയോടു നാം അധരസേവ മാത്രമനുഷ്ഠിക്കുകയും നല്ല താൽപര്യങ്ങളെന്ന നിലയിൽ മാത്രം ആ കാര്യങ്ങൾ നിലനിർത്തുകയും ചെയ്താൽ, അതിന്റെയും അന്തിമഫലം സ്വഭാവവളർച്ചയിൽ നാം ഒട്ടും തന്നെ പുരോഗമിച്ചില്ല എന്നതായിരിക്കും. ഈ രംഗത്തു ശരിയായ ശിക്ഷണമുള്ള ഒരു മനുഷ്യൻ അതിരാവിലെ ഉണർന്നു കഴിഞ്ഞാൽ കിടക്കയിൽത്തന്നെ അരമണിക്കൂർ നേരം കിടന്നുരുളാതെ, പ്രഭാതത്തിനു മുമ്പുള്ള ശാന്തമുഹൂർത്തത്തിൽതന്നെ ദൈവത്തെ അന്വേഷിക്കുവാൻ ജാഗ്രത പുലർത്തും.

**ന്യായയുക്തമായ അധികാരത്തിനു കീഴടങ്ങിയിരിക്കുക**

ശിക്ഷണമുള്ള ഒരു വ്യക്തിയുടെ മറ്റൊരു ലക്ഷണം ന്യായയുക്തമായ അധികാരത്തിനു സന്തോഷപൂർവ്വം കീഴടങ്ങുക എന്നതാണ്. ജീവിത

ത്തിലെ സാധാരണ ബന്ധങ്ങളിലെല്ലാം മത്സരം ബുദ്ധിഹീനവും വിനാശകരവു മാണ്. മത്സരസ്വഭാവം കാട്ടുന്നത് ആത്മീയക്രിസ്ത്യാനികളുടെയല്ല, മറിച്ച് ജഡികക്രിസ്ത്യാനികളുടെ ലക്ഷണമാണ്. “ഞാൻ എന്തു ചെയ്യ ണമെന്ന് എന്നോടാരും പറയേണ്ട കാര്യമില്ല” എന്ന് ഉച്ചത്തിൽ വിളിച്ചുപ റയുവാൻ ബുദ്ധിശക്തിയോ സ്വഭാവനി ഷ്ഠയോ ആവശ്യമില്ല എന്നാൽ സൗമ നസ്യത്തോടും സന്തുഷ്ടിയോടും കൂടി അധികാരത്തിനു കീഴ്‌വഴങ്ങുവാൻ ഇവ രണ്ടും ആവശ്യമത്രേ. കീഴട ങ്ങാത്ത സ്വഭാവം എല്ലായ്പ്പോഴും സ്വാർത്ഥതയുടെ ഫലമാണ്. അതു ദുഃഖത്തിലേക്കും നിഷ്ഫലതയി ലേക്കും നമ്മെ നയിക്കുകയും ചെയ്യും.

ഇത്രയും പറഞ്ഞതിൽനിന്നും നമ്മുടെ മനഃസാക്ഷിക്കു വിരുദ്ധമായ കാര്യങ്ങ ളിൽ നാം അധികാരികളുടെ താൽപ ര്യങ്ങൾക്കും അഭിപ്രായങ്ങൾക്കും അന്ധമായി കീഴ്പ്പെടണം എന്ന് അർത്ഥമാകുന്നില്ല; ഒരിക്കലുമില്ല. നമ്മുടെ വ്യക്തിത്വവും ഉത്തമവിശ്വാസ ങ്ങളും നാം നിലനിർത്തുകയും സത്യ ത്തിനുവേണ്ടി അധികാരത്തോടു തന്നെയും ചെറുത്തുനിൽക്കുകയും ചെയ്യേണ്ട സന്ദർഭം എപ്പോഴാണെന്നു നാം മനസ്സിലാക്കുകയത്രേ വേണ്ടത്.

# ശിക്ഷണമുള്ള ജീവിതത്തിന് 14 നിർദ്ദേശങ്ങൾ

1. ഒന്നാമതായിത്തന്നെ ശിക്ഷണമുള്ള ഒരു ജീവിതത്തിനായി വാഞ്ഛിക്കുക. നിങ്ങളുടെ ശിക്ഷണരാഹിത്യമോ അലസതയോ നിമിത്തം ദൈവം നിങ്ങ ളെപ്പറ്റി നിരാശനായിത്തീരുവാനിടയാകാതിരിക്കട്ടെ.
2. അടുത്തതായി ചെറിയ കാര്യങ്ങൾകൊണ്ടാരംഭിക്കുക. ഉദാഹരണമായി നിങ്ങളുടെ വസ്ത്രങ്ങൾ ശരിയായ സ്ഥാനത്തുതൂക്കിയിടുക. കിടക്ക ഭംഗി യായി വിരിച്ചിടുക തുടങ്ങിയവ.
3. എല്ലാവരേയും ബഹുമാനിക്കുക. ഒരാളോടു സംഭാഷണം ചെയ്യുമ്പോൾ അയാളുടെ മുഖത്തു താൽപര്യത്തോടെ നോക്കുക. ഒരു പ്രസംഗം കേൾക്കുമ്പോൾ പ്രസംഗകന്റെ മുഖത്തു നോക്കിയിരിക്കുക.
4. പ്രായസമുള്ള കാര്യങ്ങൾ കൃത്യസമയത്തു ചെയ്തുതീർക്കുക. ഒടുവിൽ ചെയ്യാൻ നിങ്ങൾ ആഗ്രഹിക്കുന്ന കാര്യം ആദ്യംതന്നെ ചെയ്യുവാൻ നിഷ്കർഷിക്കുക.
5. സഭയുടെ കൂടിവരവുകളിലും നിങ്ങളുടെ ജോലിസ്ഥലത്തുമെല്ലാം കൃത്യ സമയത്തു തന്നെ ഹാജരാകുവാൻ ശ്രദ്ധിക്കുക.
6. അലസമായ ദിവാസ്വപ്നങ്ങളിലേർപ്പെട്ടു സമയം പാഴാക്കരുത്. എല്ലാ ചിന്തകളെയും ക്രിസ്തുവിനോടുള്ള അനുസരണത്തിനായി പിടിച്ചടക്കുക.
7. അപ്രതീക്ഷിത സംഭവങ്ങൾ നിങ്ങളുടെ സ്വപ്നങ്ങളെ തകരാറിലാക്കു മ്പോൾ അസ്വസ്ഥനാകരുത്. എല്ലാം ദൈവം നന്മയ്ക്കായി വ്യാപരിപ്പിക്കു ന്നുവെന്ന സംഗതി ഉറപ്പായി വിശ്വസിക്കുക (റോമർ 8:28).
8. നിങ്ങളെ വിമർശിക്കുകയും തെറ്റുതിരുത്തുകയും ചെയ്യുന്നവരെ സ്നേഹി ക്കുകയും അവരോടു നന്ദി കാണിക്കുകയും ചെയ്യുക.





9. ജിജ്ഞാസ, പക്ഷപാതം, അമിതമായ സ്വാഭിപ്രായ ധീരത എന്നിവയെ നിയ ന്ത്രിക്കുക. മറ്റുള്ളവരുടെ കാര്യങ്ങളിലല്ല, സ്വന്ത കാര്യങ്ങളിൽ ശ്രദ്ധയുള്ളവ നായിരിക്കുക.
10. അമിതഭക്ഷണം വർജ്ജിക്കുക. ഭക്ഷിക്കുന്നത് ഒരു പാപമല്ല; എന്നാൽ അമി തഭക്ഷണവും ഭക്ഷണപ്രിയവും പാപംതന്നെ. അമിതാഹാരം മൂലം നിങ്ങ ളുടെ ആയുർദൈർഘ്യം കുറഞ്ഞു നിശ്ചിത സമയത്തിനു മുമ്പേ മരിച്ചു പോകാനിടയായാൽ ദൈവമുമ്പാകെ നിങ്ങൾ എന്ത് ഉത്തരം പറയും?
11. ക്ഷമയോടെ കാത്തിരിക്കുവാൻ പഠിക്കുക. എല്ലാറ്റിനും ദൈവത്തിന്റേതായ ഒരു സമയം ഉണ്ട്. ഒരു റോസമൊട്ടിനെ സമയത്തിനു മുമ്പേ വിടർത്താൻ ശ്രമിക്കുന്നവൻ അതിനെ നശിപ്പിക്കുകയാണ്.
12. ജീവിതത്തിലെ വിഷമംപിടിച്ച ചുമതലകളെ സ്വാഗതം ചെയ്യുക. ആ കാര്യ ങ്ങൾ വിശ്വസ്തതയോടെ ചെയ്യുവാനുള്ള ചുമതലാബോധം സ്വായത്തമാ ക്കുക.
13. ക്രമമായ പ്രാർത്ഥനയും ബൈബിൾ വായനയും ശീലിക്കുക. ശിക്ഷണ മുള്ള ജീവിതത്തിന്റെ അനുപേക്ഷണീയഘടകങ്ങളാണിവ.
14. അനാവശ്യമായ ആഡംബരം വർജ്ജിക്കുക. പണം ദുർവിനിയോഗം ചെയ്യാ തിരിപ്പാൻ ശ്രദ്ധിക്കുക.

യേശു ഒരിക്കലും തന്നെത്തന്നെ പ്രസാദിപ്പിച്ചില്ല. അവിടുത്തെ ശിഷ്യ രായ നാമും അതേ മാർഗ്ഗം പിന്തുടരണം. “എല്ലാം ക്രിസ്തുവിനുവേണ്ടി” എന്നതാവട്ടെ നമ്മുടെ മുദ്രാവാക്യം. ***(അവസാനിച്ചു)***

# ARE YOU ON THE RIGHT FREQUENCY?

A man wanted to apply for the post of Telegraph operator. So he went to the local Telegraph office. As he entered the building, he immediately noticed the extreme noises that would be present only in such an office. It was full of applicants filling out applications for the position. Along with a high air of anticipation, he too sat down and started filling out his paper work. All of a sudden he jumped up, and rather excitedly walked right in to personnel manager’s office before any one else and closed the door.

Moments later, the boss opened the door and announced the waiting crowd, “The job has been filled”. The waiting people were irate and yelled “Why did this man get the job when we were here before him?.”

The manager’s reply was simple. “This man heard and understood the Morse Code message on the telegraph Machine: “If you can read the message, come in to my office and the job is yours.”

Are we listening on God’s Frequency, His message to our hearts?.

ഉത്തമ കുടുംബം-4

കൈചൂണ്ടി

# രണ്ടു ധ്രുവങ്ങൾ ഒരേശരീരമാകുന്ന അത്ഭുതം

സാക്പുന്നൻ

**ആ**ദ്യവിവാഹം ആദിയിൽ ദൈവം തന്നെ നടത്തി.

ചന്ദ്രനേയും, സൂര്യനേയും നക്ഷത്രങ്ങളേയും മൃഗങ്ങളേയും എല്ലാം സൃഷ്ടിച്ചശേഷം അവസാനമായി ദൈവം മനുഷ്യനെ സൃഷ്ടിച്ചുവെന്ന് ഉൽപത്തി 1:26, 27 വചനങ്ങളിൽ കാണുന്നു. ദൈവം തന്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു; ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചു. (ഉൽപത്തി 1:27).

മനുഷ്യകുലത്തിന്റെ ആരംഭം കുറിച്ചതായ ആ ആദ്യവിവാഹം ദൈവം ഏർപ്പെടുത്തിയപ്പോൾ താൻ സൃഷ്ടിച്ച ആദ്യദമ്പതികൾ തന്റെ സ്വന്തസ്വരൂപത്തിലും സാദൃശ്യത്തിലും ആയിരിക്കണമെന്ന് ദൈവം ആഗ്രഹിച്ചില്ലേ? അങ്ങനെയാണെങ്കിൽ അവിടെ ദൈവസ്വരൂപം എന്തായിരുന്നു?

"ദൈവം ഒരുവൻ" എന്ന് വചനം നമ്മോടു പറയുന്നു. ദൈവം ഒരുവനായിരുന്നാലും നിത്യത മുതൽ അവിടുന്ന് മൂന്നുപേരായി ഇരിക്കുന്നു എന്നും ദൈവവചനം പ്രസ്താവിക്കുന്നു. ഏകനായ സത്യദൈവം തന്നെ, പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്ന മൂന്നുപേരായി സ്ഥിതിചെയ്യുന്നു. ഈ അറിവ് നമ്മുടെ മനുഷ്യബുദ്ധിക്ക് അതീതമാണ്!

ദൈവികത്രിത്വത്തിൽ മൂന്നുപേർ ഉണ്ടെന്നുള്ള സത്യം ദൈവികത്രിത്വത്തിലെ മൂന്ന് ആളത്തങ്ങൾ തമ്മിലുള്ള നിത്യമായ പരസ്പരസ്നേഹത്തെയാണു വ്യക്തമാക്കുന്നത്.

ദൈവം എപ്രകാരം നിത്യകാലമായി സ്ഥിതി ചെയ്യുന്നുവോ അപ്രകാരം തന്നേ സ്നേഹവും നിത്യകാലമായിട്ടുണ്ട്. അതുകൊണ്ടാണ് ദൈവത്തിന് ഒരാൾ മാത്രമായിരിക്കുന്നതിന് കഴിയാത്തത്.

പ്രപഞ്ചത്തിൽ എന്തെങ്കിലും സൃഷ്ടിക്കുന്നതിനും മുൻപേ നിത്യതയിൽ സ്നേഹം ഉണ്ടായിരുന്നു! ആ സ്നേഹം ദൈവസ്വരൂപത്തിലെ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്ന മൂന്ന് ആളത്തങ്ങളിലും ഉണ്ടായിരുന്നു. അതുകൊണ്ടാണ് "നാം നമ്മുടെ സ്വരൂപത്തിൽ മനുഷ്യനെ ഉണ്ടാക്കുക" എന്നു ദൈവം പറഞ്ഞപ്പോൾ "ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചു" എന്ന് വചനം വളരെ വ്യക്തമായി പറഞ്ഞിരിക്കുന്നത്.

**1. ദൈവസ്വരൂപത്തിലെ പിതൃപുത്ര സ്നേഹത്തിൽ ഭാര്യാഭർത്താക്കന്മാർ എത്തിച്ചേരുക എന്നതാണ് വിവാഹ ജീവിതത്തിന്റെ ലക്ഷ്യം.**

ആണും പെണ്ണുമായി സൃഷ്ടിക്കപ്പെട്ട മനുഷ്യകുലത്തിൽ, നിത്യത മുതൽ ഉണ്ടായിരുന്ന പിതൃപുത്രസ്നേഹ ബന്ധം കാണപ്പെടണം എന്നതായിരുന്നു ദൈവത്തിന്റെ ഉദ്ദേശ്യം. ഇതാണ് ദൈവം തന്റെ സ്വരൂപം (Image) എന്ന് പറഞ്ഞിരിക്കുന്നത്. (ഉത്പത്തി 1:27 ൽ). അവിടുത്തെ





സ്വരൂപം എന്നാൽ ശരീരപ്രകാരമുള്ള രൂപമല്ല! എന്തെന്നാൽ ദൈവം ആത്മാവാകുന്നു.

മനുഷ്യൻ തനിയെ ആയിരുന്നാൽ ദൈവത്തിന്റെ സ്വരൂപം അവിടെ വെളിപ്പെടുകയില്ല. കാരണം സ്നേഹം കാണിക്കാൻ മറ്റൊരു വ്യക്തി ആവശ്യമാണ്. അതിനാലാണ് ദൈവം മനുഷ്യനെ "ആണും പെണ്ണുമായി സൃഷ്ടിച്ചത്. ഈ ആണും പെണ്ണും തമ്മിലുള്ള ബന്ധവും, പിതൃപുത്രസ്നേഹത്തിനു സമമായി ഇരിക്കണമെന്നായിരുന്നു ദൈവത്തിന്റെ ആഗ്രഹം. ഈ ബന്ധം മൃഗങ്ങൾക്ക് സാധ്യമല്ല. അതേ, ദൈവസ്വരൂപത്തിൽ സൃഷ്ടിച്ച മനുഷ്യനു മാത്രമേ ഈ സ്നേഹബന്ധം സാധിക്കുകയുള്ളൂ.

അന്യോന്യമുള്ള ഈ ബന്ധം 1 കൊരിന്ത്യർ 11:3 ൽ വളരെ വ്യക്തമായി പറയുന്നു. ഈ വചനപ്രകാരം "ഓരോ പുരുഷന്റെയും തല ക്രിസ്തു ആണ്. സ്ത്രീക്ക് പുരുഷൻ തലയായിരിക്കുന്നു... ക്രിസ്തുവിന്റെ തല ദൈവം". അതായത് പുത്രനായ ക്രിസ്തുവിന് പിതാവായ ദൈവം തല ആയിരിക്കുന്നതുപോലെ ഭാര്യയ്ക്ക് ഭർത്താവ് തല ആയിരിക്കുന്നു. ദൈവസ്വരൂപത്തിലെ പിതൃ-പുത്ര-ബന്ധത്തിൽ ഭാര്യാഭർത്താക്കന്മാർ എത്തിച്ചേരണമെന്നു സാരം.

തലയ്ക്കും ശരീരത്തിനും മധ്യേ ഒരു കാലത്തും ഒരു മത്സരം ഉണ്ടാകുന്നില്ല. ശിരസ്സും ശരീരവും തമ്മിൽ പിരിഞ്ഞിരിക്കുന്ന അനുഭവവും ഇല്ല. എവിടെയെങ്കിലും ഒരു ശരീരം തന്റെ തലയെ ഉപേക്ഷിച്ചിട്ട് നടന്നകലുന്നത് നിങ്ങൾ കണ്ടിട്ടുണ്ടോ? ശിരസ്സും ശരീരവും പോലെയാണ് പിതാവും പുത്രനും ഒന്നായിരിക്കുന്നത്. യേശു ഈ ലോകത്തിലേക്ക് വന്നപ്പോൾ പിതാവും പുത്രനും തമ്മിലുള്ള ഐക്യത്തിന്റെ പ്രതിരൂപമായ തലയും ശരീരവും തമ്മിലുള്ള ബന്ധം നമുക്ക് വെളിപ്പെടുത്തിത്തന്നു. പുരുഷനും സ്ത്രീയും

**തലയ്ക്കും ശരീരത്തിനും മധ്യേ ഒരു കാലത്തും ഒരു മത്സരം ഉണ്ടാകുന്നില്ല. ശിരസ്സും ശരീരവും തമ്മിൽ പിരിഞ്ഞിരിക്കുന്ന അനുഭവവും ഇല്ല. എവിടെയെങ്കിലും ഒരു ശരീരം തന്റെ തലയെ ഉപേക്ഷിച്ചിട്ട് നടന്നകലുന്നത് നിങ്ങൾ കണ്ടിട്ടുണ്ടോ? ശിരസ്സും ശരീരവും പോലെയാണ് പിതാവും പുത്രനും ഒന്നായിരിക്കുന്നത്.പുരുഷനും സ്ത്രീയും തമ്മിലും ക്രിസ്തുവും സഭയും തമ്മിലും ഉള്ള ബന്ധത്തെക്കുറിക്കാൻ ഇതേ പ്രതീകം തന്നെ ഉപയോഗിക്കുന്നതും വചനത്തിൽ നാം കാണുന്നു.**

തമ്മിലും ക്രിസ്തുവും സഭയും തമ്മിലും ഉള്ള ബന്ധത്തെക്കുറിക്കാൻ ഇതേ പ്രതീകം തന്നെ ഉപയോഗിക്കുന്നതും വചനത്തിൽ നാം കാണുന്നു.

പിതാവായ ദൈവവും, പുത്രനായ ക്രിസ്തുവും തമ്മിൽ ആശ്ചര്യകരമായ ഒരു ആത്മബന്ധം ഉണ്ടായിരുന്നു. ഭാര്യാഭർത്താക്കന്മാരുടെ മധ്യേയും ഈ നിലയിലുള്ള ബന്ധമാണ് ഉണ്ടായിരിക്കേണ്ടത്. നാം ചെന്നുചേരേണ്ട ഈ ലക്ഷ്യം പറഞ്ഞറിയിക്കാൻ കഴിയാത്ത വിധം മഹത്വകരമായ ഒരു അവസ്ഥയാണ്!

എന്നാൽ വിവാഹിതരാകുന്ന വേളയിൽ ഭാര്യയും ഭർത്താവും തമ്മിൽ നാമിതുവരെ കണ്ട പിതൃപുത്രബന്ധത്തിനു സമാനമായുള്ള ഒരു ഐക്യം ഉണ്ടായിരിക്കുകയില്ല. പല വർഷങ്ങളായി തനിയേ ജിവിച്ചതാണ് ഇതിന് കാരണം. എന്നാൽ വിവാഹം മൂലം ഒന്നാകുമ്പോൾ ഇവരുടെ മുമ്പിൽ ദൈവം തന്റെ മനസ്സിലുള്ള മഹത്വകരമായ ലക്ഷ്യം വയ്ക്കുന്നു.

'കീഴടങ്ങിയിരിക്കുക' എന്നത് മോശമായ കാര്യമാണെന്ന് പലരും കരുതുന്നത് ശരിയല്ല. ശരീരം തലയ്ക്ക് സന്തോഷത്തോടെ മനഃപൂർവ്വമായാണു കീഴടങ്ങിയിരിക്കുന്നത്. അതു

പോലെ തല, 'ഞാൻ എപ്പോഴും തലയായി എല്ലാം ഭരിച്ചുകൊണ്ടിരിക്കണം' എന്നും ചിന്തിക്കുന്നില്ല. തലയും ശരീരവും പോലെ ഭാര്യാഭർത്താക്കന്മാർ ഒത്തൊരുമിച്ച് വസിക്കുന്നത് വാസ്തവത്തിൽ എത്ര ആശ്ചര്യകരമാണ്.! എന്നാൽ ഈ ലക്ഷ്യത്തിലെത്തിച്ചേരാൻ നമ്മിൽ അനേകം പേർക്കും അല്പംപോലും ആഗ്രഹമില്ല. പക്ഷേ ഈ ലക്ഷ്യത്തിലെത്താൻ ആഗ്രഹിക്കുന്ന അനേകരെ ദൈവം നമ്മുടെ ദേശത്ത് എഴുന്നേൽപ്പിച്ചുകൊണ്ടിരിക്കയാണെന്നു ഞാൻ ദൃഢമായി വിശ്വസിക്കുന്നു.

ആകയാൽ "കീഴ്പ്പെട്ടിരിക്കുന്നതിൽ" യാതൊരു തരത്തിലും അപകർഷതാബോധം തോന്നേണ്ട കാര്യമില്ല. സ്ത്രീ ഒരിക്കലും ദൈവത്തിന്റെ സൃഷ്ടിയിൽ താഴ്ചയുള്ളവൾ അല്ല. പിതാവും പുത്രനും നിത്യകാലം ഒന്നായിരുന്നിട്ടും പുത്രൻ മനഃപൂർവ്വമായി പിതാവിന് കീഴ്പ്പെട്ടിരുന്നു. അതുകൊണ്ട് ഭാര്യാഭർത്താക്കന്മാർ സമരാണെങ്കിലും ഭാര്യ മനഃപൂർവ്വമായി ഭർത്താവിന് കീഴ്പ്പെട്ടിരിക്കേണ്ടതുണ്ട്. അതായത്, ദൈവം ഒരു സ്ത്രീക്ക് നിയമിച്ചിരിക്കുന്ന ഇടം അവൾ സന്തോഷത്തോടെ സ്വീകരിച്ച് കീഴടങ്ങിയിരിക്കണം. ഇതാണ് തല-ശരീരം എന്ന ഉപമകൊണ്ട് ദൈവം നമ്മെ പഠിപ്പിക്കുന്ന പാഠം.

**2. ഭാര്യാഭർത്താക്കന്മാർ ദൈവത്തിന് ഒന്നാം സ്ഥാനം കൊടുക്കുന്നതാണ് വിവാഹ ജീവിതത്തിലെ സന്തോഷത്തിന്റെ രഹസ്യം.**

ദൈവം ആദമിനെയും ഹവ്വയെയും സൃഷ്ടിച്ചപ്പോൾ അവിടുന്ന് ആദ്യം ആദമിനെ മണ്ണിൽ നിന്നു സൃഷ്ടിച്ചു. അതിനുശേഷം ദൈവം ആദമിന് ഒരു ഗാഢനിദ്രവരുത്തി. അവന്റെ വാരിയെല്ലുകളിൽ ഒന്നെടുത്ത് ഹവ്വയെ സൃഷ്ടിച്ചു. ഇങ്ങനെ സൃഷ്ടിച്ച സ്ത്രീയെ ദൈവം ആദമിന്റെ അടുക്കൽ കൊണ്ടുവന്നു കൊടുത്തു. (ഉല്പത്തി 2:21-23).

**വിവാഹത്തിൽ പുരുഷൻ ആദ്യമായി ദൈവത്തെ അറിയണം. അതിനുശേഷമാണ് അവൻ തന്റെ ഭാര്യയെ അറിയേണ്ടത്. അതേ, ഭാര്യയ്ക്കും ഭർത്താവിനും നടുവിൽ എപ്പോഴും ദൈവത്തിന് വേണം മുൻഗണന. അങ്ങനെയുള്ള ഒരു വിവാഹജീവിതത്തിനു മാത്രമേ ദൈവത്തിനു മഹത്വം നൽകാൻ കഴിയുകയുള്ളൂ.**

ഇവിടെ ആദാം ഹവ്വയെ സന്ധിക്കുന്നതിനു മുൻപുതന്നെ അവൻ ദൈവത്തെ കണ്ടുമുട്ടി തന്നോടു വളരെ അടുത്ത ഒരു ബന്ധം സ്ഥാപിച്ചിരുന്നു. അതിനാൽ ആദാം അറിഞ്ഞിരുന്ന ആദ്യത്തെ വ്യക്തി തന്റെ ഭാര്യ ആയിരുന്നില്ല. ദൈവത്തെയാണ് അവൻ ആദ്യമായി അറിഞ്ഞത്. അതുപോലെ ഒരു വിവാഹത്തിൽ പുരുഷൻ ആദ്യമായി ദൈവത്തെ അറിയണം. അതിനുശേഷമാണ് അവൻ തന്റെ ഭാര്യയെ അറിയേണ്ടത്. അതേ, ഭാര്യയ്ക്കും ഭർത്താവിനും നടുവിൽ എപ്പോഴും ദൈവത്തിന് വേണം മുൻഗണന. അങ്ങനെയുള്ള ഒരു വിവാഹജീവിതത്തിനു മാത്രമേ ദൈവത്തിനു മഹത്വം നൽകാൻ കഴിയുകയുള്ളൂ.

ആദാം ഉറങ്ങിയതിനുശേഷമാണ് ദൈവം സ്ത്രീയെ സൃഷ്ടിച്ചത്! തന്റെ ഭർത്താവ് ഗാഢനിദ്രയിൽ ആയിരുന്നപ്പോൾ ഹവ്വ ആദ്യം തന്റെ സ്രഷ്ടാവായ ദൈവത്തെയാണ് ദർശിച്ചത്. ദൈവത്തെ അറിഞ്ഞതിനുശേഷം മാത്രമാണ് ഭർത്താവിനെ അറിയുന്നത്. അതുകൊണ്ട് ഒരു വിവാഹബന്ധത്തിൽ ഭാര്യാഭർത്താക്കന്മാർക്കിടയിൽ നല്ല ഐക്യം ഉണ്ടാകണമെങ്കിൽ അവർക്ക് ഒന്നാമതായി യേശുക്രിസ്തു





വിനോടുള്ള സ്നേഹമാണ് വേണ്ടത്. ഇതുതന്നെയാണ് സുദൃഢമായ ഐക്യത്തിന്റെ രഹസ്യവും. ഇപ്രകാരമുള്ള ഒരു ഐക്യം ഭാര്യാഭർത്താക്കന്മാർക്കിടയിൽ കാണപ്പെടുന്നില്ലെങ്കിൽ അതിന് കാരണം അവരിലൊരാൾ യേശുക്രിസ്തുവിന് തങ്ങളുടെ ജീവിതത്തിൽ പ്രഥമസ്ഥാനം കൊടുത്തിട്ടില്ല എന്നതാണ്.

ഒരു ഭർത്താവ് യേശുക്രിസ്തുവിനു തന്നെ എല്ലാ കാര്യത്തിലും പ്രഥമസ്ഥാനം കൊടുത്ത് ഒരുവിധത്തിലും തന്റെ സ്വയത്തിന്റെ ആഗ്രഹം അന്വേഷിക്കാതെ ജീവിച്ചാൽ അതുപോലെ തന്നെ ഭാര്യയും യേശുക്രിസ്തുവിന് പ്രഥമസ്ഥാനം കൊടുത്താൽ അവരുടെ വിവാഹജീവിതം മഹത്വപൂർണ്ണമാകും. ഇതുപോലുള്ള വിവാഹജീവിതം കോപവും, വാഗ്വാദവും സംശയവും ഇല്ലാത്ത ഉന്നതനിലവാരമുള്ള വിവാഹജീവിതം ആയിരിക്കും!

ആളുകൾ തങ്ങളുടെ ജീവിതത്തിൽ ദൈവത്തിന് പ്രഥമസ്ഥാനം കൊടുക്കാത്തതിനാലാണ് അവരെ പ്രശ്നങ്ങൾ കുരുക്കിലാക്കുന്നത്. നിങ്ങളുടെ വിവാഹജീവിതത്തിൽ ഏതെങ്കിലും ഒരു ഭാഗത്തു തോൽവിയുണ്ടെങ്കിൽ നിങ്ങൾ ദൈവത്തോട് ഒരു നല്ല ബന്ധം സ്ഥാപിക്കുന്നതിൽ തോല്വിയടഞ്ഞിരിക്കുന്നു എന്നാണർത്ഥം. എങ്കിൽ ഇപ്പോൾ നിങ്ങൾ എന്താണ് ചെയ്യേണ്ടത്? നിങ്ങൾ അനുതപിച്ച് യേശുക്രിസ്തുവിന്റെ പക്ഷത്തേക്ക് വീണ്ടും തിരിച്ചുവരിക. യേശുവിനു നിങ്ങളുടെ ജീവിതത്തിൽ പ്രഥമസ്ഥാനം കൊടുക്കുവാൻ തീരുമാനിക്കുക. അതുമതി.!!

**തിരുവചന പ്രകാരം അപ്പനെയും അമ്മയെയും വിട്ടുപിരിയുന്നവർക്കാണ് പരസ്പരം ഒന്നാകുന്ന ഐക്യം അവകാശപ്പെടുവാൻ കഴിയുന്നത്.** ഉൽപ്പത്തി 2:14 ൽ "പുരുഷൻ അപ്പനെയും അമ്മയെയും വിട്ടുപി

**നിങ്ങളുടെ വിവാഹജീവിതത്തിൽ ഏതെങ്കിലും ഒരു ഭാഗത്തു തോൽവിയുണ്ടെങ്കിൽ നിങ്ങൾ ദൈവത്തോട് ഒരു നല്ല ബന്ധം സ്ഥാപിക്കുന്നതിൽ തോല്വിയടഞ്ഞിരിക്കുന്നു എന്നാണർത്ഥം. എങ്കിൽ ഇപ്പോൾ നിങ്ങൾ എന്താണ് ചെയ്യേണ്ടത്? നിങ്ങൾ അനുതപിച്ച് യേശുക്രിസ്തുവിന്റെ പക്ഷത്തേക്ക് വീണ്ടും തിരിച്ചുവരിക. യേശുവിനു നിങ്ങളുടെ ജീവിതത്തിൽ പ്രഥമസ്ഥാനം കൊടുക്കുവാൻ തീരുമാനിക്കുക. അതുമതി.!!**

രിഞ്ഞു ഭാര്യയോടു പറ്റിച്ചേരും; അവർ ഒരു ദേഹമായി തീരും" എന്ന് വായിക്കുന്നു. ഒരു മനുഷ്യൻ (പുരുഷൻ) തന്റെ അപ്പനെയും അമ്മയെയും വിട്ടു പിരിയുന്നത് അത്ര എളുപ്പമല്ല. ചെറുപ്രായം തുടങ്ങി സുമാർ 25 അല്ലെങ്കിൽ 30 വർഷം അപ്പനും അമ്മയും അവനെ വളർത്തി. എന്നാലിപ്പോൾ പെട്ടെന്ന് ഒരു ദിവസം അവരെ വിട്ടുപിരിയണം എന്ന് ദൈവം പറയുന്നു!

അതുപോലെ സ്ത്രീയും തന്റെ സ്വജനത്തെയും പിതൃഭവനത്തെയും മറക്കണം (സങ്കീ 45:10)! ഈ ദൈവവചനങ്ങൾ അനുസരിക്കുന്നില്ലെങ്കിൽ നിശ്ചയമായും വിവാഹജീവിതം പ്രശ്ന സങ്കീർണ്ണമായിരിക്കും. ഇതു വായിക്കുന്ന നിങ്ങൾ, 'മേലിൽ ഞാനെന്റെ മാതാപിതാക്കളെ നോക്കേണ്ട ആവശ്യമില്ല' എന്നു തീരുമാനിക്കാൻ വരട്ടെ. നാം നിശ്ചയമായും നമ്മുടെ മാതാപിതാക്കളെ ശ്രദ്ധയോടെ ശുശ്രൂഷിക്കേണ്ടതുണ്ട്. എന്നാൽ ഒരുവൻ തന്റെ മാതാപിതാക്കളോടുള്ള പിരിയാബന്ധം ഇപ്പോൾ വേർപ്പെടുത്തി ആ ബന്ധം ഭാര്യയോട് ആക്കേണ്ടിയിരിക്കുന്നു.

ഈ സത്യത്തെ അമ്മയുടെ വയറ്റിൽ നിന്നു പിറന്നു വീഴുന്ന ഒരു

**ഒരാളോട് മറ്റൊരാൾ ചേർന്നിരിക്കുന്ന ജീവിതത്തെ പശവച്ച് ഒട്ടിച്ച് ഒന്നാക്കിയ രണ്ടു കടലാസുകളോട് ഉപമിക്കാം. 'ഫെവിക്കോൾ പശ' രണ്ട് കടലാസ് തുണ്ടുകളെ ഒന്നിനോടൊന്ന് ചേർത്ത് ഒട്ടിച്ചിരിക്കുമ്പോൾ ഒരു കടലാസിനെ മറ്റേതിൽ നിന്നു വേർപിരിക്കുന്നത് എത്രമാത്രം ദുഷ്കരമാണ്! ഇപ്രകാരം വിവാഹജീവിതത്തിലും ഇരുവർക്ക് ഒന്നായി മാറുവാൻ കഴിയും!!**

കുഞ്ഞിനോട് ഉപമിക്കാം. കുഞ്ഞ് പിറന്ന ശേഷവും പൊക്കിൾക്കൊടി അതിനോട് ബന്ധിക്കപ്പെട്ടിരിക്കും. ഒൻപത് അല്ലെങ്കിൽ 10 മാസമായി കുഞ്ഞ് ആ പൊക്കിൾക്കൊടിയിൽ കൂടിയാണ് തന്റെ അമ്മയിൽ നിന്ന് ആഹാരം സ്വീകരിച്ചിരുന്നത്. ഇത്രയും നാൾ തനിക്ക് പോഷണം നൽകിയിരുന്ന പൊക്കിൾക്കൊടിയെ മുറിച്ചുമാറ്റുന്നതു ക്രിമിനൽ കുറ്റംപോലെ തോന്നിയേക്കാം. എന്നാൽ ആ പൊക്കിൾക്കൊടി മുറിക്കുന്നില്ലെങ്കിൽ കുഞ്ഞ് താമസിയാതെ മരിച്ചുപോകുമല്ലോ! ഇതുപോലെ ഭർത്താവിനും അവന്റെ അപ്പനും അമ്മയ്ക്കും ഇടയിലുള്ള 'പൊക്കിൾക്കൊടി' മുറിക്കുന്നില്ലെങ്കിൽ കുട്ടി (ഭവനത്തിലെ വസന്തം) മരിച്ചുപോകും.

എന്നാൽ വചനപ്രകാരം പൊക്കിൾക്കൊടി മുറിക്കുന്നവന്റെ ജീവിതം മഹത്വപൂർണമായിരിക്കും. വിവാഹനാൾവരെ, മാതാപിതാക്കൾ ചുമതലാബോധത്തോടുകൂടി നിങ്ങളെ നോക്കിയത് ദൈവഹിതമാണ്. എന്നാൽ നിങ്ങളിപ്പോൾ ഭാര്യയോട് ഒന്നായിരിക്കണമെന്നതാണ് അതേ ദൈവഹിതം കല്പിക്കുന്നത്. ഈയൊരു അടിസ്ഥാനപ്രമാണം ജീവിതത്തിൽ കൈക്കൊള്ളുകയാണെങ്കിൽ നിങ്ങളുടെ കുടുംബജീവിതം നിശ്ചയമായും അനുഗൃഹീതമാകും.

അതുകൊണ്ട് ഭർത്താവായിരിക്കുന്ന സഹോദരാ നീ ഭാര്യയോട് ഒന്നായിരിക്കുന്നതിന് ശ്രദ്ധിക്കുക. ഈ പ്രവൃത്തി സ്വതവേ നടക്കുകയില്ല. ഇതിനായി നിങ്ങൾ അധ്വാനിക്കേണ്ടിയിരിക്കുന്നു. ഇങ്ങനെ ഒരാളോട് മറ്റൊരാൾ ചേർന്നിരിക്കുന്ന ജീവിതത്തെ പശവച്ച് ഒട്ടിച്ച് ഒന്നാക്കിയ രണ്ടു കടലാസുകളോട് ഉപമിക്കാം. 'ഫെവിക്കോൾ പശ' രണ്ട് കടലാസ് തുണ്ടുകളെ ഒന്നിനോടൊന്ന് ചേർത്ത് ഒട്ടിച്ചിരിക്കുമ്പോൾ ഒരു കടലാസിനെ മറ്റേതിൽ നിന്നു വേർപിരിക്കുന്നത് എത്രമാത്രം ദുഷ്കരമാണ്! ഇപ്രകാരം വിവാഹജീവിതത്തിലും ഇരുവർക്ക് ഒന്നായി മാറുവാൻ കഴിയും!! ഒരുകാലത്ത് ഇവർ ഒറ്റയ്ക്കായിരുന്നു. ഇപ്പോൾ 'ഫെവിക്കോൾ പശ'പോലെ അതേ, നിങ്ങളുടെ കുടുംബ ജീവിത്തിൽ ക്രിസ്തുയേശുവിന് പ്രഥമസ്ഥാനം കൊടുത്ത് തന്നെ ജീവിതത്തിന്റെ മധ്യത്തിൽ വയ്ക്കുമെങ്കിൽ അവിടുന്ന് നിങ്ങൾ ഇരുവരെയും ഒന്നാക്കും.

**'ഓരോ ദിവസവും' ഭാര്യാഭർത്താക്കന്മാരുടെ മധ്യത്തിൽ ക്രിസ്തുയേശു ഉണ്ടെങ്കിൽ ആണ്ടുകൾ എത്ര കഴിഞ്ഞുപോയാലും അകൽച്ച ഉണ്ടാകുകയില്ല.**

വിവാഹം കഴിഞ്ഞ് ചില വർഷങ്ങൾ കഴിഞ്ഞാൽ ഭാര്യാഭർത്താക്കന്മാർ തമ്മിൽ ബഹുമാനത്തോടെ സംസാരിക്കാറില്ല. ഇവരുടെ സംഭാഷണത്തിൽ അഹംഭാവം കടന്നുകയറുന്നു! കാഠിന്യത്തിന്റെ ധ്വനി. ഒരാൾ മറ്റൊരാളോട് 'ശബ്ദമുയർത്തി' സംസാരിക്കുന്നു! ചില സമയത്തു തീൻ മേശയിൽ ഭക്ഷണത്തിനിരിക്കുമ്പോൾ അന്യോന്യം കോപിക്കുന്നു. ഇതിനെല്ലാം എന്താണ് കാരണം? തീൻമേശയിൽ നിങ്ങളുടെ മധ്യത്തിൽ യേശു ഉണ്ടെങ്കിൽ എങ്ങി





നെയായിരിക്കമെന്ന് ആലോചിച്ചിട്ടുണ്ടോ? വിശുദ്ധരായ ദൈവദൂതന്മാർ കൂടെ നിങ്ങളുടെ നടുവിൽ ഉണ്ടെന്ന് വേദപുസ്തകം പറയുന്നു. ഇപ്പോൾ ഞാൻ എന്റെ ഭാര്യയോട് ശബ്ദമുയർത്തിയാൽ അത് ആദ്യം ദൂതന്മാരുടെ അടുത്ത് ചെന്നിട്ട് പിന്നെ യേശുവിലൂടെയാണ് എന്റെ ഭാര്യയുടെ അടുത്ത് എത്തുന്നത്. നിങ്ങൾ ഭാര്യയോട് സംസാരിച്ച സംസ്കാരം ഇല്ലാത്ത വാക്കുകൾ കേട്ടു ദൂതന്മാർ നാണിച്ച് നിങ്ങളുടെ മധ്യത്തിൽ നിന്ന് മെല്ലെ എഴുന്നേറ്റു പോകുമോയെന്നു ഞാൻ ഭയപ്പെടുന്നു. എന്നാൽ ഇതേ സമയം ദൂതന്മാരെ നാണിപ്പിക്കാത്ത കുടുംബങ്ങളുണ്ടെന്നതും ഓർക്കുക.

ആണ്ടുകൾ പലതു കഴിഞ്ഞാലും ഈ ഉത്തമ കുടുംബത്തിലെ ഭാര്യാഭർത്താക്കന്മാരെ 'ഫെവിക്കോൾ'പോലെ യേശു ഐക്യത്തിൽ സൂക്ഷിക്കും. ഇത് എങ്ങിനെയാണ്? ഈ ലോകത്തിൽ കഷ്ടങ്ങളും പ്രയാസങ്ങളും എല്ലാവർക്കും വന്നതുപോലെതന്നെയാണ് ഇവർക്കും വന്നത്. വിവാഹം കഴിഞ്ഞ എല്ലാവരും നിശ്ചയമായും ഈ ലോകത്തിലെ കഷ്ടങ്ങളിലൂടെ കടന്നുപോകേണ്ടിയിരിക്കുന്നു. ഇതിൽ നിന്നും ആർക്കും ഒഴിഞ്ഞുമാറാൻ കഴിയുകയില്ല. എന്നാൽ ദമ്പതിമാർക്കിടയിൽ യേശു ഓരോ ദിവസവും ഉണ്ടെങ്കിൽ എത്ര കഷ്ടത വന്നാലും ആ കഷ്ടതകളുടെ സമ്മർദ്ദം ഇരുവരേയും കൂടുതൽ അടുപ്പിക്കുന്നതിനായി യേശു ഉപയോഗിക്കും. ഈയൊരു ഭാഗ്യം യേശുക്രിസ്തുവിനെ തങ്ങളുടെ മധ്യത്തിൽ വെച്ച് ജീവിക്കുന്ന എല്ലാവർക്കും ഉള്ളതാണ്.

ഭാര്യഭർത്താക്കന്മാർ തമ്മിൽ ഏതോ വാഗ്വാദം ഉള്ളതായിട്ട് വിചാരിക്കുക. പെട്ടെന്ന് ആരോ വാതിലിൽ മുട്ടുന്നു. "അയ്യോ! ഞങ്ങളുടെ വാഗ്വാദമൊക്കെ വീട്ടുവാതിൽക്കൽ

**ഒരു ദൈവഭൃത്യന്റെ മുമ്പിൽ നിങ്ങൾ വഴക്കിടാൻ മടിക്കുമെങ്കിൽ യേശുതന്നെ നിങ്ങളുടെ നടുവിൽ ഇരിക്കുമ്പോൾ നിങ്ങൾ എത്ര സൂക്ഷ്മതയോടെ പെരുമാറുമെന്ന് ആലോചിച്ചു നോക്കൂ! യേശു നിങ്ങളുടെ കിടപ്പു മുറിയിൽ, ഊണു മുറിയിൽ, അടുക്കളയിൽ എല്ലാം ഉണ്ട്. ആകയാൽ വീട്ടിൽ ഒരു സ്ഥലത്തും ഭാര്യാഭർത്താക്കന്മാർ തമ്മിൽ ശകാരത്തിന്റെ വാക്കുകൾ ഉപയോഗിക്കുവാൻ ഇടയാകരുതേ!**

നിൽക്കുന്ന ആൾ കേട്ടിരിക്കുമോ", എന്നു ഭയപ്പെട്ടു വാതിൽ തുറക്കുമ്പോൾ കർത്താവിന്റെ ഭൃത്യന്മാരിൽ ഏറ്റവും ആദരണീയനായ ഒരാളാണു വാതില്ക്കൽ നില്ക്കുന്നത്. അദ്ദേഹത്തെ കണ്ടതും നിങ്ങൾ നടുങ്ങി 'ഇദ്ദേഹം ഞങ്ങളുടെ വഴക്കു കേൾക്കാതിരുന്നാൽ മതിയായിരുന്നു' എന്നല്ലേ നിങ്ങൾ വിചാരിക്കുന്നത്? ഒരു ദൈവഭൃത്യന്റെ മുമ്പിൽ നിങ്ങൾ വഴക്കിടാൻ മടിക്കുമെങ്കിൽ യേശുതന്നെ നിങ്ങളുടെ നടുവിൽ ഇരിക്കുമ്പോൾ നിങ്ങൾ എത്ര സൂക്ഷ്മതയോടെ പെരുമാറുമെന്ന് ആലോചിച്ചു നോക്കൂ! യേശു നിങ്ങളുടെ കിടപ്പു മുറിയിൽ, ഊണു മുറിയിൽ, അടുക്കളയിൽ എല്ലാം ഉണ്ട്. ആകയാൽ വീട്ടിൽ ഒരു സ്ഥലത്തും ഭാര്യാഭർത്താക്കന്മാർ തമ്മിൽ ശകാരത്തിന്റെ വാക്കുകൾ ഉപയോഗിക്കുവാൻ ഇടയാകരുതേ!

ഇങ്ങനെയാണ് യേശു നിങ്ങളുടെ നടുവിലിരുന്ന് ഇരുവരേയും ഒന്നാക്കി മാറ്റുന്നത്. 'അവർ (ഭാര്യാഭർത്താക്കന്മാർ) ജീവന്റെ കൃപയ്ക്കു കൂട്ടവകാശികൾ (Heirs together)' എന്നാണല്ലോ ദൈവവചനം (1 പത്രോസ് 3:7)

ചിന്തയ്ക്ക്

# ക്രിസ്ത്യാനികളും പീഡനങ്ങളും

കോറി ടെൻ ബൂം

**(1892 ൽ ജനിച്ച് രണ്ടാം ലോകമഹായുദ്ധകാലത്ത് നാസിയുദ്ധത്തടവുകാരിയായി കഠിനമായ പീഡയിലൂടെ കടന്നുപോയ കോറി ടെൻ ബൂം എന്ന ദൈവഭക്തയായ ഡച്ച് വനിത 1974 ൽ കുറിച്ച വരികളാണ് താഴെ ചേർക്കുന്നത്. 1983 ൽ 91-ാം വയസ്സിലാണ് കോറി അന്തരിച്ചത്.)**

**ക്രി**സ്തുയേശുവിൽ ഭക്തിയോടെ ജീവിക്കുവാൻ ആഗ്രഹിക്കുന്ന എല്ലാവർക്കും പീഡയുണ്ടാകും. (2 തിമോ. 3:12).

ലോകത്തിൽ നിങ്ങൾക്ക് കഷ്ടം ഉണ്ട്; എങ്കിലും ധൈര്യപ്പെടുവിൻ. ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു. (യോഹ. 16:33).

ക്രിസ്ത്യാനികൾ മഹോപദ്രവത്തിലൂടെ കടന്നുപോകേണ്ടിവരില്ല എന്ന് പഠിപ്പിക്കുന്ന നിരവധി പ്രസംഗകരുണ്ട്. അന്ത്യനാളുകളിൽ ഇത്തരം 'കള്ളപ്രവാചകന്മാർ' എഴുന്നേൽക്കും എന്ന് യേശുക്രിസ്തു മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ യഥാർത്ഥ ക്രിസ്ത്യാനികൾ കടന്നുപോകുന്ന സാഹചര്യങ്ങളെപ്പറ്റി അവരിൽ മിക്കപേർക്കും യാതൊരു ഗ്രാഹ്യവുമില്ല.

ക്രിസ്ത്യാനികൾ കഠിനമായ പീഡനങ്ങളെ നേരിടുന്ന രാജ്യങ്ങൾ ഞാൻ സന്ദർശിച്ചിട്ടുണ്ട്. ചൈനയിൽ ക്രിസ്ത്യാനികളോട് അവരുടെ നേതാക്കന്മാർ പറഞ്ഞത്: "ഭയപ്പെടേണ്ട. പീഡവരുംമുമ്പേ കർത്താവ് പ്രത്യക്ഷനായി നിങ്ങൾ ഏവരും ഉൽപ്രാപണം പ്രാപിക്കും" എന്നാൽ ലക്ഷക്കണക്കിന് ക്രൈസ്തവർ കഠിനമായ പീഡയിലൂടെ മരണം വരിച്ച ദിവസങ്ങൾ വന്നു. ചൈനയിലെ ഒരു ക്രിസ്തീയ നേതാവ് പിന്നീട് പറയുന്നത് കേൾക്കാനിടയായി: "ഞങ്ങൾ പരാജയപ്പെട്ടു. യേശുവിൻ മടങ്ങിവരവിൽ മഹോപദ്രവത്തിനു മുമ്പ് നിങ്ങൾ എടുക്കപ്പെടും എന്ന് പറഞ്ഞ് അവരെ കബളിപ്പിക്കാതെ പീഡനങ്ങൾക്കായി അവരെ ശക്തരാക്കുകയായിരുന്നു ചെയ്യേണ്ടിയിരുന്നത്." കർത്താവായ യേശുക്രിസ്തുവിൽ ഏതു പീഡനത്തെയും സഹിക്കാനുള്ള ശക്തി ലഭ്യമാണെന്ന് ജനത്തോട് പറയാനുള്ള നിയോഗം എനിക്കുണ്ട് എന്നാണെന്റെ ബോദ്ധ്യം. വരാൻ പോകുന്ന മഹോപദ്രവദിനങ്ങൾക്കായി ദൈവം നമ്മെ സജ്ജരാക്കുന്ന നാളുകളാണിന്ന്. ലോകമെമ്പാടുമുള്ള ക്രിസ്തുവിന്റെ ശരീരമായ സഭയുടെ 60 ശതമാനത്തിലധികം ഇന്ന് പീഡനങ്ങൾ സഹിച്ചുകൊണ്ടിരിക്കുകയാണ്. ആർക്കും ഈ സത്യം നിഷേധിച്ചുകൂടാ. ചൈനയിലും ആഫ്രിക്കയിലും ഈ മഹാപീഡ എത്തിക്കഴിഞ്ഞു. കഴിഞ്ഞ വർഷംതന്നെ (1973 -74) രണ്ടുലക്ഷത്തിലധികം ക്രിസ്ത്യാനികൾ ആഫ്രിക്കയിൽ മാത്രം രക്തസാ

***(ശേഷം പേജ് 36 ൽ)***



ധ്യാനം

# ഇതാ എന്റെ ദാസൻ....

ബി. സന്ദീപ്

*"ഇതാ, എന്റെ ദാസൻ; ഞാൻ താങ്ങുന്നവൻ; എന്റെ ഉള്ളം പ്രസാദിക്കുന്ന എന്റെ തിരഞ്ഞെടുക്കപ്പെട്ടവൻ; ഞാൻ എന്റെ ആത്മാവിനെ അവന്റെ മേൽ വച്ചിരിക്കുന്നു..."* (യെശ.42:1).

നമ്മുടെ പ്രിയകർത്താവായ യേശുവിനെക്കുറിച്ച് അവിടുന്ന് ജനിക്കുന്നതിനും 700-ഓളം വർഷങ്ങൾക്ക് മുൻപ് യെശയ്യാപ്രവാചകനിലൂടെ ദൈവം എഴുതിയ കാര്യമാണ് നാം മുകളിൽ വായിച്ചത്. പിതാവായ ദൈവത്തിന് തന്റെ പ്രിയപുത്രനെക്കുറിച്ച് ഉള്ളം തുറന്ന് പറയാനുള്ള നിർമ്മല സാക്ഷ്യം!! ഹൊ! സർവോന്നതനായ ദൈവത്തിന് നമ്മെ ഓരോരുത്തരെക്കുറിച്ചും ഇത്തരത്തിൽ പറയുവാൻ കഴിഞ്ഞിരുന്നെങ്കിൽ....!

യേശുവിനെ പിൻപറ്റിയ ചുങ്കക്കാരനായിരുന്ന ശിഷ്യനായ മത്തായി തന്റെ ഗുരുവിന്റെ ജീവിതത്തിൽ ഈ പ്രവചനം എങ്ങനെ നിവൃത്തിയായി എന്ന് താനെഴുതിയ സുവിശേഷത്തിന്റെ 12-ാം അദ്ധ്യായത്തിന്റെ 15 മുതൽ 20 വരെയുള്ള വാക്യങ്ങളിൽ മനോഹരമായി ഇങ്ങനെ വരച്ചു കാട്ടിയിട്ടുണ്ട്:

"യേശു അതറിഞ്ഞിട്ട് അവിടം വിട്ടുപോയി; വലിയ ജനക്കൂട്ടം അവനെ അനുഗമിച്ചു. അവൻ *അവരെയൊക്കെയും* സൗഖ്യമാക്കി. തന്നെ *പ്രസിദ്ധനാക്കരുതെന്ന്* അവരോട് ആജ്ഞാപിച്ചു. യെശയ്യാപ്രവാചകൻ മുഖാന്തിരം അരുളിച്ചെയ്തത് നിവൃത്തിയാകുവാൻ തന്നെ: 'ഇതാ, ഞാൻ തിരഞ്ഞെടുത്ത എന്റെ ദാസൻ, എന്റെ ഉള്ളം പ്രസാദിക്കുന്ന എന്റെ പ്രിയൻ; ഞാൻ എന്റെ ആത്മാവിനെ അവന്റെ മേൽ ആവസിപ്പിക്കും; അവൻ ജനതകൾക്ക് ന്യായവിധി അറിയിക്കും. അവൻ കലഹിക്കുകയില്ല, നിലവിളിക്കുകയില്ല; ആരും തെരുവുകളിൽ അവന്റെ ശബ്ദം കേൾക്കുകയുമില്ല. അവൻ ന്യായത്തെ വിജയത്തിലെത്തിക്കുന്നതു വരെ ചതഞ്ഞ ഓട ഒടിച്ചുകളയുകയില്ല; പുകയുന്ന തിരി കെടുത്തിക്കളയുകയുമില്ല. ജാതികൾ അവന്റെ നാമത്തിൽ പ്രത്യാശ വയ്ക്കും.'

പിതാവായ ദൈവം യേശുവിൽ പ്രസാദിക്കുകയും പ്രമോദിക്കുകയും ചെയ്തതിന്റെ ഒട്ടനേകം കാരണങ്ങളിൽ രണ്ടെണ്ണം നാം മുകളിൽ വായിച്ച വചനഭാഗത്ത് കാണുന്നുണ്ട്. ഒന്നാമതായി, തന്റെ അടുക്കൽ വന്ന *എല്ലാവരെയും* അവിടുന്ന് സൗഖ്യമാക്കി. യേശുവിന് നമ്മിൽ പലരെയും പോലെ പക്ഷഭേദമുണ്ടായിരുന്നില്ല. ഒരാൾ യേശുവിന്റെ അടുക്കൽ വന്നാൽ എന്തെങ്കിലും ന്യായങ്ങൾ പറഞ്ഞു അവനെ തള്ളിക്കളയുന്നവനല്ല നമ്മുടെ കർത്താവ്. "എന്റെ അടുക്കൽ വരുന്നവനെ ഞാൻ ഒരു നാളും തള്ളിക്കളയുകയില്ല" എന്ന നാഥന്റെ വാക്കുകൾ നമുക്കോരോരുത്തർക്കും എത്രയധികം പ്രത്യാശ പകരുന്നതാണ്! (യോഹ.6:37).

എന്നാൽ തന്റെ *അടുക്കൽ വരുന്നവരെ* മാത്രമേ യേശുകർത്താവ് തള്ളിക്കളയുകയില്ലെന്ന് പറഞ്ഞിട്ടുള്ളൂ. നാം അവിടുത്തെ അടുക്കലേക്ക് വരുന്നില്ലെങ്കിൽ അവിടുത്തേക്ക് നമ്മെ സഹായിക്കുവാൻ കഴിയുകയില്ല. അന്ന് യിസ്രായേലിലുണ്ടായിരുന്ന എല്ലാവരേയും യേശു പോയി സൗഖ്യമാക്കിയില്ല. എന്നാൽ തന്റെ ആവശ്യം തിരിച്ചറിഞ്ഞ ഏതൊരുവനേയും കർത്താവ് സ്പർശിക്കുക തന്നെ ചെയ്തു. അവിടുന്ന് ഇന്നും മാറ്റമില്ലാത്തവനാണ് (എബ്രായർ 13:8).

നാം ഒരു പക്ഷേ ചതഞ്ഞ ഒരു ഓടയുടെ അവസ്ഥയിലായിരിക്കാം. വീഴ്ചകൾ, എതിർപ്പുകൾ, സാമ്പത്തിക പ്രതിസന്ധികൾ, ഒറ്റപ്പെടുത്തലുകൾ, തെറ്റിദ്ധരിക്കപ്പെടുന്ന അവസ്ഥകൾ....— ഇങ്ങനെയുള്ള ലോകത്തിന്റെയും സാത്താന്റെയും ജഡത്തിന്റെയും സമ്മർദ്ദങ്ങൾ നമ്മെ നിരാശ നിറഞ്ഞ 'ചതഞ്ഞ' ഒരവസ്ഥയിലായിരിക്കാം കൊണ്ടെത്തിച്ചിരിക്കുന്നത്! സാരമില്ല; യേശു ഈ 'ചതഞ്ഞ ഓട' ഒരിക്കലും ഒടിച്ചുകളയുകയില്ല... അവിടുന്ന് 'ന്യായത്തെ വിജയത്തിലെത്തിക്കുന്നതു വരെ'— അതായത്, നാം യേശുവിന്റെ പൂർണ്ണസ്വഭാവത്തിലെത്തുന്നതു വരെയും-- നമ്മിൽ പ്രത്യാശ കൈവെടിയുകയില്ല ! ഹല്ലേലുയ്യാ!

നാം ഒരുപക്ഷേ അണയാറായി പുകഞ്ഞു കത്തുന്ന ഒരു തിരിയെപ്പോലെയായിരിക്കാം. പരിശുദ്ധാത്മാവിന്റെ അഗ്നിയാൽ നാം ജ്വലിച്ചുകത്തണമെന്നു കർത്താവ് ആഗ്രഹിക്കുമ്പോൾ, നാം 'ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും' എന്ന അവസ്ഥയിൽ പുകഞ്ഞു കത്തുകയായിരിക്കും! ഒരു പക്ഷേ, നാം നമ്മെത്തന്നെ ഒരു കെട്ടുപോയ തിരിയായിട്ടായിരിക്കാം കരുതുന്നത്. എന്നാൽ പാപത്തെക്കുറിച്ചു മനഃസാക്ഷിക്കുത്ത് ഉള്ളിടത്തോളം ഒരു

**ലോകത്തിന്റെയും സാത്താന്റെയും ജഡത്തിന്റെയും സമ്മർദ്ദങ്ങൾ നമ്മെ നിരാശ നിറഞ്ഞ 'ചതഞ്ഞ' ഒരവസ്ഥയിലായിരിക്കാം കൊണ്ടെത്തിച്ചിരിക്കുന്നത ! സാരമില്ല; യേശു ഈ 'ചതഞ്ഞ ഓട' ഒരിക്കലും ഒടിച്ചുകളയുകയില്ല... അവിടുന്ന് 'ന്യായത്തെ വിജയത്തിലെത്തിക്കുന്നതു വരെ'— അതായത്, നാം യേശുവിന്റെ പൂർണ്ണസ്വഭാവത്തിലെത്തുന്നതു വരെയും— നമ്മിൽ പ്രത്യാശ കൈവെടിയുകയില്ല ! ഹല്ലേലുയ്യാ!**

ദൈവപൈതലിന്റെ ഉള്ളിൽ പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യമുണ്ടെന്നുള്ളത് നിസ്തർക്കമാണ്. അതേ, നമ്മെക്കുറിച്ച് ഇനിയും സ്നേഹനാഥന് ഒട്ടേറെ പ്രതീക്ഷയുണ്ട്!! യേശുവായിട്ട് ഒരിക്കലും നമ്മെ കെടുത്തിക്കളയുകയില്ല. മറിച്ച്, ദീർഘക്ഷമയുള്ള അവിടുന്ന് നമ്മെ ഓരോരോ സാഹചര്യങ്ങളിലൂടെയും പരിശുദ്ധാത്മാവിനെ പകർന്ന് കൂടുതൽ കൂടുതൽ ആളിക്കത്തുന്ന ഒരു തേജസ്സേറിയ സാക്ഷിയാക്കുവാൻ നമ്മിൽ പ്രവർത്തിച്ചുകൊണ്ടേയിരിക്കുന്നു.......

നാം യേശുവിന്റെ സ്വഭാവത്തിലേക്ക് രൂപാന്തരപ്പെടുന്നവരാണെങ്കിൽ നാമും ജീവിച്ചിരിക്കുന്ന ആരെക്കുറിച്ചും പ്രതീക്ഷ കൈവിടില്ല. അതേ, സ്നേഹം "എല്ലാം പ്രത്യാശിക്കുന്നു" (1കൊരി.13:7). പിന്മാറ്റത്തിലായിരിക്കുന്നവരെക്കുറിച്ചും, കൂടെക്കൂടെ പിന്മാറ്റത്തിലേക്ക് പോകുന്നവരെക്കുറിച്ചും, സുവിശേഷം കൂടെക്കൂടെ കേട്ടിട്ടും കല്ലുപോലെ കഠിനഹൃദയത്തിൽത്തുടരുന്നവരെക്കുറിച്ചുമെല്ലാം നമ്മുടെയുള്ളിൽ ജീവനുള്ള പ്രതീക്ഷ കാണും. നമ്മോട് സ്വർഗ്ഗസ്ഥ പിതാവ് മനസ്സലിവോടും ദീർഘക്ഷമയോടും കൂടിയാണ് ഇടപെടുന്നതെന്ന് നാം





അനുഭവിച്ചറിയുന്ന അളവിൽ, നാം മറ്റുള്ളവരോടും മനസ്സലിവും ദീർഘക്ഷമയും ഉള്ളവരായിരിക്കും! (ലൂക്കോസ് 6:36, സങ്കീ. 103:8-14). അങ്ങനെയാകുമ്പോഴാണ് നാം യെശയ്യാപ്രവചനത്തിലെ 'ദൈവം പ്രസാദിക്കുന്ന , പ്രമോദിക്കുന്ന ദാസനാ'യിത്തീരുന്നത്. ജനങ്ങളെ വഴിനടത്തേണ്ടതായ മഹാപുരോഹിതനെക്കുറിച്ചു എബ്രായർ 5:2-ൽ നാം ഇപ്രകാരമാണ് വായിക്കുന്നത്: "താൻ ബലഹീനത ഉള്ളവനാകയാൽ അറിവില്ലാത്തവരോടും വഴിതെറ്റിപ്പോകുന്നവരോടും അവന് സഹതാപം കാണിക്കുവാൻ കഴിയും".

തന്റെ പുത്രനിൽ പിതാവ് പ്രസാദിച്ചതിന്റെ രണ്ടാമതൊരു കാരണം മത്തായി 12:15-21-ൽ നാം കാണുന്നത് 16-ാം വാക്യത്തിലാണ്: ''തന്നെ *പ്രസിദ്ധനാക്കരുതെന്ന്* (അവൻ) അവരോട് ആജ്ഞാപിച്ചു''. 'കലഹിക്കാത്ത, നിലവിളിക്കാത്ത, തെരുവുകളിൽ ശബ്ദം കേൾപ്പിക്കാത്ത ദാസനെ'ന്ന യെശയ്യാപ്രവചനത്തിന്റെ നിവൃത്തിയായിരുന്നത്രേ അത്! അതെ, "അറിയപ്പെടാതിരുന്നതിനെ സ്നേഹിച്ച" ഒരു ദൈവപുത്രൻ!!! ഹൊ! നമ്മിൽ നിന്നും എത്രയോ വിഭിന്നൻ ! പേരിനും പെരുമയ്ക്കും പിന്നാലെ പാതിരായ്ക്കും പായുന്ന ഇന്നത്തെ ക്രിസ്തീയ'ലോക'ത്തിന് തീരെ ചേർച്ചയില്ലാത്തവൻ !! "ഇതാ എന്റെ ഉള്ളം പ്രസാദിക്കുന്ന എന്റെ പ്രിയൻ...." --ദൈവം ഈ പുത്രനിൽ ആഹ്ലാദിച്ചതിൽ ഒരു അതിശയവുമില്ല തന്നെ.

യേശു ആരോടും കലഹിച്ചില്ല. 'മൗഢ്യവും അർത്ഥശൂന്യവുമായ, കലഹമുണ്ടാക്കുന്ന തർക്കങ്ങൾ ഒഴിഞ്ഞുകൊണ്ട്, എല്ലാവരോടും ദയയുള്ളവനും പഠിപ്പിക്കാൻ കഴിവുള്ളവനും തിന്മ സഹിക്കുന്നവനും, എതിർക്കുന്നവരെ സൗമ്യതയോടെ തിരുത്തുന്നവനുമായ കർത്തൃദാസ'ന്റെ മാതൃക (2 തിമൊ.2:23-26) കർത്താവിലുപരി മറ്റാരിലും നമുക്ക് കാണാൻ കഴിയുകയില്ലല്ലോ!


## സാക്പുന്നന്റെ പ്രസംഗങ്ങളുടെ താഴെപറയുന്ന MP 3 ഓഡിയോ സി.ഡികൾ വില്പനയ്ക്ക്

**ഒരു സി.ഡി വില 30/ രൂപ**

**ക്രിസ്തീയജീവിതത്തിലെ വൈരുദ്ധ്യങ്ങൾ**
**ശുശ്രൂഷകന്മാരെ അഗ്നിജ്വാലയാക്കുന്ന ദൈവം**
**ദൈവം നമ്മെ ശോധന ചെയ്യുന്നതെന്തിന്?**
**തേജസ്സിൽ നിന്ന് തേജസ്സിലേക്ക്**
**വിശ്വാസത്താലുള്ള ജീവിതം**
**ക്രിസ്തുവും സഭയും**
**അവനെ അറിയേണ്ടതിനും.....**
**ക്രൂശിന്റെ വചനം**
**യേശു നമ്മുടെ മുന്നോടി**
**ക്രിസ്തുവിന്റെ ശരീരം**
**ത്രിത്വത്തെ അറിയുക**
**ജീവസന്ദേശങ്ങൾ 2007**
**അന്ത്യകാലത്തിലെ വഞ്ചന**
**പുതിയനിയമത്തിലെ മർമ്മങ്ങൾ**
**മൗലികസത്യങ്ങൾ 1, 2** (ജോജി ടി. സാമുവൽ)

**താഴെപ്പറയുന്ന വിലാസത്തിൽ മണിഓർഡർ അയച്ചാൽ സി.ഡികൾ തപാലിൽ എത്തിച്ചുതരും.**

ജീവമൊഴി ഓഡിയോ സി.ഡി വിഭാഗം
കുമാരനല്ലൂർ പി.ഒ., കോട്ടയം-16.
ഫോൺ. 0481 2392963

## ക്രിസ്ത്യാനികളും പീഡനങ്ങളും... പേജ് 32 ൽ നിന്ന് തുടർച്ച

**ചൈനയിൽ ലക്ഷക്കണക്കിന് ക്രൈസ്തവർ കഠിനമായ പീഡയിലൂടെ മരണം വരിച്ച ദിവസങ്ങൾ വന്നു. ചൈനയിലെ ഒരു ക്രിസ്തീയ നേതാവ് പിന്നീട് പറയുന്നത് കേൾക്കാനിടയായി:"ഞങ്ങൾ പരാജയപ്പെട്ടു. യേശുവിൻ മടങ്ങിവരവിൽ മഹോപദ്രവത്തിനുമുമ്പ് നിങ്ങൾ എടുക്കപ്പെടും എന്ന് പറഞ്ഞ് അവരെ കബളിപ്പിക്കാതെ പീഡനങ്ങൾക്കായി അവരെ ശക്തരാക്കുകയായിരുന്നു ചെയ്യേണ്ടിയിരുന്നത്."**

ക്ഷികളായി. ഈ കാര്യങ്ങൾ ഒരിക്കലും വർത്തമാനപത്രങ്ങളിൽ അച്ചടിച്ചുവരികയില്ല. കാരണം ഈ വാർത്തകൾ രാഷ്ട്രീയബന്ധങ്ങളെ ഉലയ്ക്കും എന്നതുതന്നെ. ഞാൻ ഈ രാജ്യങ്ങൾ സന്ദർശിച്ച് ബോദ്ധ്യപ്പെട്ട കാര്യമാണിത്. നമ്മുടെ മനോഹരമായ വീടുകളിൽ നല്ല വസ്ത്രങ്ങൾ ധരിച്ച് സ്വാദിഷ്ഠമായ ഭക്ഷണങ്ങളും കഴിച്ച് നാം ജീവിക്കുമ്പോൾ മേൽപ്പറഞ്ഞ വസ്തുതകളെപ്പറ്റി നാം ചിന്തിക്കേണ്ടിയിരിക്കുന്നു. ഇതെഴുതുന്ന ഈ സമയത്തുതന്നെ ക്രിസ്തുവിന്റെ ശരീരത്തിന്റെ ഭാഗമായ നിരവധിപേർ മൃഗീയമായ പീഡയേറ്റ് മരണമടയുന്നുണ്ട്. അപ്പോഴും നാം മഹോപദ്രവത്തിൽ നിന്ന് രക്ഷപ്പെടും എന്ന് ചിന്തിച്ച് നിർവിചാരികളായി മുമ്പോട്ട് പോകുകയത്രേ.

വരാൻ പോകുന്ന മഹാപിഡയെ നമുക്ക് എങ്ങനെ അഭിമൂഖീകരിക്കാനും അതിജീവിക്കുവാനും കഴിയും? പീഡനത്തിന്റെ നാളുകൾക്കായി നമുക്ക് എങ്ങനെ ഒരുങ്ങാം?

1. ഒന്നാമതായി നാം ദൈവവചനം ഉൾക്കൊണ്ട്, അത് നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കിത്തീർക്കണം. തിരുവചനഭാഗങ്ങൾ ഹൃദിസ്ഥമാക്കാനായി അച്ചടക്കത്തോടെ ദിനംപ്രതി ബൈബിൾപഠനത്തിനായി സമയം കണ്ടെത്തണം.

2. രണ്ടാമതായി യേശുക്രിസ്തുവുമായി വ്യക്തിപരമായ ഒരു ബന്ധം നാം വളർത്തിയെടുക്കണം. അവിടുന്ന് എന്നേക്കും ജീവിക്കുന്നവനായി ദൈവത്തിന്റെ വലത്തുഭാഗത്ത് നമുക്കായിട്ടുണ്ട്.

3. മൂന്നാമതായി നാം പരിശുദ്ധാത്മാവിനാൽ നിറയപ്പെടണം. ആത്മനിറവ് നമ്മുടെ ഇഷ്ടാനിഷ്ടങ്ങൾ അനുസരിച്ച് തീരുമാനിക്കാവുന്നകാര്യമല്ല ദൈവകൽപനയാണ്! പരിശുദ്ധാത്മശക്തിലഭിച്ചിരുന്നില്ലെങ്കിൽ ആദിമ ക്രിസ്തീയശിഷ്യന്മാർക്ക് പീഡകളുടെ മദ്ധ്യേനിൽക്കാൻ കഴിയുമായിരുന്നില്ല. നാം ഒരോരുത്തർക്കും വ്യക്തിപരമായ ഒരു പെന്തക്കോസ്ത്-പരിശുദ്ധാത്മസ്നാനം-കൂടിയേ തീരൂ. മഹാപീഡയുടെ ദിനങ്ങളിൽ ക്രിസ്തുവിനോട് വിശ്വസ്തത പുലർത്താൻ അത് കൂടാതെ നമുക്ക് കഴിയുകയില്ല.

ബൈബിൾ പറയുന്നു: "ക്രിസ്തുവിന്റെ നാമം നിമിത്തം നിന്ദ സഹിക്കേണ്ടിവന്നാൻ നിങ്ങൾ ഭാഗ്യവാന്മാർ. മഹത്വത്തിന്റെ ആത്മാവായ ദൈവാത്മാവ് നിങ്ങളുടെ മേൽ ആവസിക്കുന്നുവല്ലോ." (1 പത്രോസ് 4:14) "ക്രിസ്ത്യാനിയായിട്ട് കഷ്ടം സഹിക്കേണ്ടിവന്നാൽ ലജ്ജിക്കരുത്; ഈ നാമം ധരിച്ച് ദൈവത്തെ മഹത്വപ്പെടുത്തുകയത്രേ വേണ്ടത്" (16).

"എന്റെ നിമിത്തം നിങ്ങളെ നിന്ദിക്കയും പീഡിപ്പിക്കുകയും, നിങ്ങൾക്കെതിരേ സകലവിധ തിന്മകളും കളവായി പറയുകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ. സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതാകകൊണ്ട് സന്തോഷിച്ചുല്ലസിക്കുവിൻ". (മത്തായി 5:11,12).

കർത്താവിന്റെ വിശുദ്ധന്മാർക്ക് അത്തരം 'സന്തോഷിച്ചുല്ലസിക്കുന്ന' ഒരു കാലം മുമ്പിലുണ്ട്, നിശ്ചയം!



# ആ പാദമുദ്രകളിൽ പദമൂന്നി...



ചാൾസ് എം. ഷെൽഡൺ
മൊഴിമാറ്റം:ബോബി ചെറിയാൻ

*വായിച്ചു തുടങ്ങുംമുൻപ്......*

***റെയ്മണ്ട് ഒന്നാം സഭയിലെ ശുശ്രൂഷകനാണ് ഹെൻട്രി മാക്സ്വെൽ.***

***ഞായറാഴ്ച. 'യേശുവിനെ അനുഗമിക്കുക' എന്ന പ്രസംഗത്തിനുശേഷം അദ്ദേഹം ഇരുന്നപ്പോൾ തൊഴിലന്വേഷിച്ച് നടന്ന ഒരാൾ പ്രസംഗപീഠത്തിലേക്ക് കയറിവന്നു. 'നിങ്ങൾ പ്രായോഗികതലത്തിൽ എങ്ങനെയാണ് യേശുവിനെ അനുഗമിക്കുന്നത്?' എന്ന ചോദ്യം സഭാജനങ്ങളോട് അയാൾ ഉന്നയിച്ചു. എന്നാൽ സംസാരം പൂർത്തിയാക്കുന്നതിനുമുമ്പുതന്നെ ഹൃദയാഘാതംമൂലം അയാൾ മരിച്ചു. പിറ്റേ ആഴ്ച റവ.ഹെൻട്രി മാക്സ്വെൽ തന്റെ സഭാജനങ്ങൾക്ക് ഒരു ആഹ്വാനം നൽകി-അടുത്ത ഒരു വർഷത്തേക്ക് നിങ്ങളുടെ സ്ഥാനത്ത് 'യേശു ആയിരുന്നെങ്കിൽ എന്തുചെയ്യുമായിരുന്നു' എന്നു ചോദിച്ചശേഷം മാത്രമേ ഏതു പ്രവൃത്തിയും ചെയ്യാവൂ എന്ന പ്രതിജ്ഞ എടുക്കുക. സഭയിലെ ഒരു സംഘം വിശ്വാസികൾ അങ്ങനെ പ്രതിജ്ഞയെടുത്തു. നഗരത്തിലെ ഡെയ്ലി ന്യൂസ് പത്രത്തിന്റെ പത്രാധിപർ നോർമൻ ആകൂട്ടത്തിൽ ഒരാളായിരുന്നു. അദ്ദേഹം തന്റെ പ്രതിജ്ഞയനുസരിച്ച് പത്രത്തിൽ ചില മാറ്റങ്ങൾ വരുത്തുവാൻ തുടങ്ങി. അത് ഓഫീസിൽ ചില കോളിളക്കങ്ങൾ ഉണ്ടാക്കിയെങ്കിലും അദ്ദേഹം മുന്നോട്ടുതന്നെ പോയി.***

***പ്രതിജ്ഞ എടുത്തവരിൽ ഒരാളായ അലക്സാണ്ടർ പവേഴ്സ് തന്റെ കമ്പനി ചില നികുതിവെട്ടിപ്പുകൾ നടത്തുന്നതായി യാദൃച്ഛികമായി മനസ്സിലാക്കി. എന്തുചെയ്യണമെന്നറിയാതെ പവേഴ്സ് കുഴങ്ങി.***

***സഭയിലെ ഗായികയായ റേച്ചലും ധനികയുവതിയായ വെർജീനിയായും പ്രതിജ്ഞയെടുത്ത മറ്റുരണ്ടുപേരാണ്. ഇതിനിടെ റേച്ചലിന് ഒരു സംഗീതട്രൂപ്പിൽ ജോലി ലഭിച്ചു. പക്ഷേ പ്രതിജ്ഞമൂലം അത് അവൾ സ്വീകരിക്കാൻ വിസമ്മതിക്കുന്നു. പകരം ടൗണിൽ അധോലോകസംഘങ്ങൾ വിഹരിക്കുന്ന ചത്വരത്തിൽ നടക്കുന്ന സുവിശേഷയോഗങ്ങളിൽ പാടാൻ അവൾ തയ്യാറായി......***

*തുടർന്നുവായിക്കുക....*

**8**

***"ആരെങ്കിലും എന്നെ അനുഗമിക്കുവാൻ ഇച്ഛിക്കുന്നുവെങ്കിൽ ദിനംതോറും സ്വയം തൃജിച്ച് സ്വന്തക്രൂശും എടുത്ത് എന്നെ അനുഗമിക്കട്ടെ".***

ഹെൻട്രിമാക്സ്വെൽ തന്റെ പഠനമുറിയിൽ ഉലാവിക്കൊണ്ടിരുന്നു. ബുധനാഴ്ചയായിരുന്നു. വൈകിട്ടുള്ള പ്രാർത്ഥനായോഗത്തെക്കുറിച്ചായിരുന്നു അദ്ദേഹത്തിന്റെ ചിന്ത. ഒടുവിൽ മേശയിലിരുന്ന് ഒരു കടലാസിൽ അദ്ദേഹം കുറിക്കാൻ തുടങ്ങി.

യേശു ആയിരുന്നെങ്കിൽ ഈ സഭയിൽ ചെയ്യുമായിരുന്ന ചില കാര്യങ്ങൾ

1. എല്ലാ ആഡംബരവും ഒഴിവാക്കിയും എന്നാൽ സ്വയംപീഡനത്തിന്റെ പരിധിയിലേക്കു കടക്കാതെയും ലളിതമായി ജീവിക്കുക.

2. കപടഭക്തരോട് അവരുടെ ധനസ്ഥിതിയോ പദവിയോ നോക്കാതെ നിർഭയം സംസാരിക്കുക.

3. സഭയിലെ ഭൂരിപക്ഷം വരുന്ന സാധാരണക്കാരോടും പരിഷ്കൃതരോടെന്ന പോലെ സഹാനുഭൂതി കാട്ടുക.

4. സ്വയംത്യാഗത്തിലൂടെയും സഹനത്തിലൂടെയും മറ്റുള്ളവരുടെ നന്മയ്ക്കുവേണ്ടി നിലകൊള്ളുക.

5. റെയ്മണ്ടിലെ മദ്യഷാപ്പുകൾക്കെതിരെ പ്രസംഗിക്കുക.

6. 'ചത്വര'ത്തിലെ പാപികളുടെ സ്നേഹിതനെന്നറിയപ്പെടുക.

7. യൂറോപ്പിലേക്കുള്ള വിനോദയാത്ര ഒഴിവാക്കി അർഹരായ ആർക്കെങ്കിലും ആ തുക നൽകുക.

തനിക്ക് അന്യമായിരുന്ന ഒരു താഴ്മയെക്കുറിച്ചുള്ള ബോധം തന്നിലേക്കു വന്നിരിക്കുന്നു. കാരണം, യേശു എന്തു ചെയ്യുമായിരുന്നു എന്നതു കണ്ടെത്തുന്നതിൽ തനിക്കു വേണ്ടത്ര ആഴമോ ശക്തിയോ ഇല്ലെന്നു വേദനയോടെ അദ്ദേഹം അറിഞ്ഞു. തന്റെ ചിന്തകൾ യേശുവിനോടു സമാനമാക്കുന്നതിനുള്ള വ്യക്തമായ ഒരു സരണി അദ്ദേഹം തേടിക്കൊണ്ടിരുന്നു. അനേകവർഷങ്ങളായി പിന്തുടർന്നു പോന്ന പലതിനെയും ഇപ്പോൾ ഓരോന്നായി പിഴുതെറിയേണ്ടിവന്നിരിക്കുന്നു. അതിനുപകരമായി യേശുക്രിസ്തുവിന്റെ ആത്മാവിനെ ആഴത്തിൽ അദ്ദേഹം അന്വേഷിച്ചുകൊണ്ടിരുന്നു. അധികമൊന്നും എഴുതാൻ അദ്ദേഹം തുനിഞ്ഞില്ല. അതിനുപകരമായി യേശുവിന്റെ ആത്മാവിനാൽ കൂടുതൽ ആഴത്തിൽ പിടിക്കപ്പെട്ടവനായിത്തീരാൻ അദ്ദേഹം ആഗ്രഹിച്ചു. പ്രാർത്ഥനായോഗത്തിനുവേണ്ടി നടത്തിയ പഠനവും അതിന്റെ വിഷയം പോലും അദ്ദേഹം മറന്നു.

ചിന്തകളിൽ മുഴുകിയിരുന്നതിനാൽ കോളിംഗ്ബെൽ മുഴങ്ങിയതു ശ്രദ്ധിച്ചില്ല. പരിചാരകൻ വന്ന് മിസ്റ്റർഗ്രേ എന്നൊരാൾ കാണാൻ വന്നിരിക്കുന്നു എന്നറിയിച്ചു.

മാക്സ്‌വെൽ എണീറ്റ് ഗ്രേയേ അകത്തേക്കു സ്വാഗതം ചെയ്തു. മിസ്റ്റർഗ്രേ കടന്നുവന്ന് തന്റെ ആഗമനോദ്ദേശ്യം അറിയിച്ചു.

"മി.മാക്സ്‌വെൽ, എനിക്കു താങ്കളുടെ സഹായം വേണം. കഴിഞ്ഞ രണ്ടു ദിവസങ്ങളായി മിസ്. വിൻസ്‌ലോ ഞങ്ങളോടൊപ്പമുണ്ടായിരുന്നു. വളരെ നല്ല യോഗങ്ങളായിരുന്നു. എനിക്കു ചെയ്യാൻ കഴിഞ്ഞതിലധികം മിസ്. വിൻസ്‌ലോയുടെ ശബ്ദത്തിനു കഴിഞ്ഞിരിക്കുന്നു. കൂടാരത്തിൽ സ്ഥലമില്ല."

"എനിക്കതിൽ അത്ഭുതമൊന്നും തോന്നുന്നില്ല. ഇപ്പോഴാണല്ലോ ആളുകൾ അവളെ കേൾക്കാൻ തുടങ്ങിയത്."

"ഞങ്ങൾക്ക് അതു അത്ഭുതകരമായ ഒരു അനുഭവമായിരുന്നു. ഞങ്ങൾ വലിയ ഉത്സാഹത്തിലാണ്. ഞാൻ വന്നത് ഇന്നു രാത്രി താങ്കളെ പ്രസംഗത്തിനു ക്ഷണിക്കാനാണ്. എനിക്കു ജലദോഷം കാരണം ശബ്ദമെടുക്കാൻ കഴിയുന്നില്ല. താങ്കളെപ്പോലെ തിരക്കുള്ള ഒരാളെ ബുദ്ധിമുട്ടിക്കുന്നതു അല്പം കടന്ന കയ്യാണെന്നെനിക്കറിയാം. താങ്കൾക്കു പ്രയാസമുണ്ടെങ്കിൽ അതു നേരേ പറയുന്നതിനു മടിക്കരുതേ."

"ഇന്നു രാത്രി ഞങ്ങളുടെ പതിവു പ്രാർത്ഥനായോഗമുള്ള ദിവസമാണ്. അതു പറയുന്നതിൽ എനിക്കു ഖേദമുണ്ട്. എങ്കിലും ഞാൻ ഏതെങ്കിലും വിധം എത്താൻ ശ്രമിക്കാം." ഗ്രേ നന്ദി പറഞ്ഞ് ഇറങ്ങാൻ ഒരുമ്പെട്ടു.

"ഒരു നിമിഷം നില്ക്കണേ. നമുക്ക് ഒരു വാക്ക് പ്രാർത്ഥിച്ചിട്ടു പിരിയാം."

രണ്ടുപേരും മുട്ടുകുത്തി.







ഒരു പാപിയെ സ്നേഹിക്കാൻ ഒരു പക്ഷേ എളുപ്പമായിരിക്കാം. പാപികളുടെ ഒരു സമൂഹത്തെ സ്നേഹിക്കാൻ എളുപ്പമല്ല. അവിടെ ക്രിസ്തുവിന്റെ സ്നേഹത്തിന്റെ നിറവ് നാം സ്പർശിക്കേണ്ടിയിരിക്കുന്നു.

ഹെൻട്രിമാക്സ്‌വെൽ ഒരു കുഞ്ഞിനെപ്പോലെ പ്രാർത്ഥിച്ചു. ഗ്രേയ്ക്ക് കണ്ണുനീരടക്കാൻ കഴിഞ്ഞില്ല. 'ചത്വര'ത്തിലെ ആളുകളോടു സംസാരിക്കുവാൻ വേണ്ട ജ്ഞാനത്തിനുവേണ്ടിയുള്ള ആ പ്രാർത്ഥനയിലെ ആവശ്യബോധവും നിസ്സഹായതയും അത്രയായിരുന്നു.

ഗ്രേ എണീറ്റു മാക്സ്‌വെല്ലിന്റെ കരം പിടിച്ചു. "ഇന്നു രാത്രി ആത്മാവിന്റെ ശക്തി താങ്കളിലൂടെ പ്രവഹിക്കുമെന്ന് എനിക്കുറപ്പുണ്ട് മിസ്റ്റർ മാക്സ്‌വെൽ."

ഹെൻട്രി ഒന്നും പറഞ്ഞില്ല. എന്നാൽ പോകാനെടുത്ത തീരുമാനം അദ്ദേഹത്തിന്റെ മനസ്സിൽ ഒരു സമാധാനം നിറച്ചിരുന്നു.

പ്രഥമസഭയുടെ പഠനമുറിയിൽ പ്രാർത്ഥനയ്ക്കായി ധാരാളംപേർ പതിവില്ലാതെ കടന്നുവന്നിരുന്നു. അവരെ കാത്ത് അപ്രതീക്ഷിതമായ ചില തീരുമാനങ്ങൾ ഹെൻട്രി മാക്സ്‌വെൽ എടുത്തിരുന്നു.

"ഞാൻ ഇന്നു രാത്രി 'ചത്വര'ത്തിലേക്കു പോവുകയാണ്. പ്രസംഗത്തിനായി എന്നെ ക്ഷണിച്ചിരിക്കുന്നു. എന്നോടൊപ്പം നിങ്ങൾ വരണോ എന്ന കാര്യം നിങ്ങൾ തന്നെ തീരുമാനിക്കുക. എന്റെ അഭിപ്രായത്തിൽ വോളണ്ടിയേഴ്സായി കുറച്ചു പേർ ചത്വരത്തിലേക്കു പോരികയും ബാക്കിയുള്ളവർ ഇവിടെ കൂടിയിരുന്ന് പരിശുദ്ധാത്മശക്തിയുടെ വ്യാപാരത്തിനായി പ്രാർത്ഥിക്കുകയുമായിരിക്കും നല്ലത്."

അങ്ങനെ ആറുപേർ മാത്രം ശുശ്രൂഷകനോടൊപ്പം ചത്വരത്തിലേക്കു പോയി. ബാക്കിയുള്ളവർ അവിടെകൂടിയിരുന്നു. തന്റെ സഭാജീവിതത്തിലൊരിക്കൽ പോലും സഭാംഗങ്ങളിലാരും തന്നെ പാപികളെ ക്രിസ്തുവിലേക്കു നടത്തുകയുണ്ടായിട്ടില്ല എന്നതായിരുന്നു മാക്സ്‌വെല്ലിന്റെ ചിന്താമണ്ഡലത്തെ ഭരിച്ച ചിന്ത. അതൊരു കുറ്റബോധമുണ്ടാക്കുന്ന ചിന്തയായിട്ടല്ല ശിഷ്യത്വത്തിന്റെ പാതയെക്കുറിച്ചുള്ള ഒരു പുതിയ അവബോധമുണർത്തിയ ചിന്തയായിട്ടത്രേ അദ്ദേഹത്തിൽ വ്യാപ

രിച്ചത്.

അവർ ചത്വരത്തിലെത്തുമ്പോൾ കൂടാരം നിറഞ്ഞു കവിഞ്ഞിരുന്നു. വേദിയിലേക്കു കടന്നു ചെല്ലുവാൻ പോലും കഴിയുമായിരുന്നില്ല. റേച്ചലും വെർജീനിയയും ജാസ്പർ ചേസും അവിടെയുണ്ടായിരുന്നു. റേച്ചലിന്റെ ഗാനലാപം തുടങ്ങിയതോടെ കൂടാരത്തിൽ തിരക്കേറി. കാലാവസ്ഥ തെളിഞ്ഞതായിരുന്നതിനാൽ കൂടാരത്തിന്റെ നാലുവശവും ഉയർത്തിവച്ച് കൂടുതലാളുകളെ ഉൾക്കൊള്ളിച്ചു.

പ്രാർത്ഥനയ്ക്കു ശേഷം മിസ്റ്റർ ഗ്രേ തന്റെ അനാരോഗ്യത്തെക്കുറിച്ചു പറഞ്ഞശേഷം പ്രഥമ സഭയിലെ മിസ്റ്റർ മാക്സ്‌വെൽ പ്രസംഗിക്കുന്നതാണെന്നറിയിച്ചു.

ഇതിനു പ്രതികരണമായി കൂവലും കമന്റുകളും ഒക്കെ ഉണ്ടായി. "ഞങ്ങൾക്കു പാട്ടുമതി" ചിലർ വിളിച്ചു പറഞ്ഞു.

ഹെൻട്രി മാക്സ്‌വെൽ പ്രസംഗിക്കാനെഴുന്നേറ്റപ്പോൾ ഭയം അദ്ദേഹത്തെ പൊതിഞ്ഞിരുന്നു. നല്ല സംസ്ക്കാരമുള്ളവരോടു മാത്രം സംസാരിച്ചു ശീലമുണ്ടായിരുന്ന അദ്ദേഹത്തിന് ഇതൊരു വ്യത്യസ്ത അനുഭവമായിരുന്നു. അദ്ദേഹം സംസാരിച്ചു തുടങ്ങിയതോടെ ആരവം കൂടിയതല്ലാതെ കുറഞ്ഞില്ല. ഒടുവിൽ റേച്ചലിനു വീണ്ടും പാടുക തന്നെ വേണ്ടി വന്നു. കൂടാരം നിശ്ശബ്ദമായി. പാട്ടിനുശേഷം മാക്സ്‌വെൽ എഴുന്നേറ്റപ്പോൾ വലിയ ഒരു ശാന്തത അദ്ദേഹത്തിനനുഭവിക്കാൻ കഴിഞ്ഞു.

പ്രസംഗമാരംഭിക്കുംമുൻപേ യേശു ആയിരുന്നെങ്കിൽ എന്ത് എന്ന ചിന്ത അദ്ദേഹത്തിലേക്കു കടന്നുവന്നു. ഈ ജനക്കൂട്ടം ആരാണ്? പാപികൾ, സമൂഹത്തിലെ പുഴുക്കുത്ത്. യേശു ആയിരുന്നെങ്കിലോ? അവരെ വിലപ്പെട്ട ആത്മാക്കളായി കാണുമായിരുന്നു. അപകടകാരികളും വൃത്തികെട്ടവരും സമൂഹദ്രോഹികളുമെന്ന പ്രഥമസഭയുടെ കാഴ്ചപ്പാടു തന്നെ എത്ര അക്രൈസ്തവമായിരുന്നു! ഇന്നു താൻ ഈ ജനത്തിന്റെ മുമ്പിൽ നിൽക്കുന്നത് യേശു ജനസമൂഹത്തിന്റെ മുമ്പിൽ നിന്ന ആർദ്രതയോടെയും സ്നേഹത്തോടെയുമാണോ? നിത്യജീവന്റെ ഹൃദയത്തോടും ചേർന്നു നില്ക്കുനന ഒരുവനായിട്ടായിരുന്നു യേശു ജനത്തിനിടയിൽ നിന്നിരുന്നത്. ഒരു പാപിയെ സ്നേഹിക്കാൻ ഒരു പക്ഷേ എളുപ്പമായിരിക്കാം. പാപികളുടെ ഒരു സമൂഹത്തെ സ്നേഹിക്കാൻ എളുപ്പമല്ല. അവിടെ ക്രിസ്തുവിന്റെ സ്നേഹത്തിന്റെ നിറവ് നാം സ്പർശിക്കേണ്ടിയിരിക്കുന്നു.

ആ മീറ്റിംഗ് യാതൊരു ചലനവും ചത്വരത്തിൽ ഉളവാക്കിയില്ല. യോഗത്തിനുശേഷം ആരും അവിടെ നിന്നില്ല. യോഗത്തിനു ശേഷം കുറച്ചു സമയത്തേക്കു മങ്ങിനിന്ന കച്ചവടം പൊടിപൊടിച്ചു. മദ്യശാലകൾ ഉണർന്നു തിമിർത്തു. മാക്സ്‌വെല്ലും കൂടെയുണ്ടായിരുന്ന റേച്ചൽ, വെർജീനിയ, ജാസ്പർ ചേസ് എന്നിവരും നടന്ന് വാഹനസഞ്ചാരമുള്ള നിരത്തോളം വന്നു.

"ഇതു ഭയങ്കരം തന്നെ. ഇത്രമാത്രം ബീഭത്സമാകുമെന്നു ഞാൻ കരുതിയിരുന്നില്ല." മാക്സ്‌വെൽ പറഞ്ഞു. "മദ്യം എന്ന നീരാളിയെ ഉച്ചാടനം ചെയ്യാൻ ആർക്കെങ്കിലും കഴിയുമെന്നു താങ്കൾ കരുതുന്നുണ്ടോ?"

ജാസ്പർ ചേസ് ചോദിച്ചു.

"എന്തുകൊണ്ടും നാം-ക്രിസ്ത്യാനികൾ-ഇതിനെതിരെ പോരാടിക്കൂടാ? റേയ്മണ്ടിലെ മുഴുവൻ സഭകളും ഒരൊറ്റമനസ്സോടെ പോരാടുമെങ്കിൽ-യേശു ആയിരുന്നെങ്കിൽ നിശ്ശബ്ദനായി നില കൊള്ളുമായിരുന്നോ?"

എല്ലാവരും ചിന്തകളിൽ മുഴുകി നട





ന്നിരുന്നതിനാൽ ആരും ആ ചോദ്യത്തിനു മറുപടി പറഞ്ഞില്ല.

* * * * * * * * * * * * *

സായാഹ്നപ്പത്രത്തിന്റെ മാറ്റം കൂടുതൽ ശ്രദ്ധേയമായിത്തുടർന്നു. പന്തയപ്പോരാട്ടത്തെക്കുറിച്ചുള്ള വാർത്തകൾ ഒഴിവാക്കിയതു കൂടാതെ കുറ്റകൃത്യങ്ങളെക്കുറിച്ചുള്ള സവിസ്തരമായ പ്രതിപാദനങ്ങൾ, വ്യക്തികളുടെ സ്വകാര്യതകളെക്കുറിച്ചുള്ള തരംതാണ വാർത്തകൾ, മദ്യത്തിന്റെയും പുകയിലയുടേയും പരസ്യങ്ങൾ ഒക്കെ ഒഴിവാക്കപ്പെട്ടു. ഞായറാഴ്ച്ചപ്പത്രം നിർത്തിവച്ചതുതന്നെ വിവാദമായിരുന്നു. ഇപ്പോൾ പത്രാധിപലേഖനങ്ങളും ശ്രദ്ധാകേന്ദ്രമായിത്തീർന്നുകൊണ്ടിരിക്കുന്നു.

'രാഷ്ട്രീയപ്രശ്നങ്ങളുടെ ധാർമ്മിക വശം' എന്ന തലക്കെട്ടിൽ എഴുതിയിരുന്ന ഒരു മുഖപ്രസംഗം ഇപ്രകാരമായിരുന്നു:

അധികാരത്തിലിരിക്കുന്ന രാഷ്ട്രീയ കക്ഷികളെ പിൻതാങ്ങിയിരുന്ന ഒരു വ്യക്തിയായിരുന്നു ഈ പത്രാധിപർ. ആ ഒരു ചായ്‌വിൽ നിന്നായിരുന്നു എല്ലാ പ്രശ്നങ്ങളെയും വിലയിരുത്തിയിരുന്നത്. ഇനിമേൽ എന്തു പ്രശ്നത്തെയും വിലയിരുത്തുക പാർട്ടിയുടെ താത്പര്യത്തിന്റെ അടിസ്ഥാനത്തിലോ പാർട്ടിയുടെ നയപ്രഖ്യാപനങ്ങളുടെ അടിസ്ഥാനത്തിലോ ആയിരിക്കയില്ലെന്നു വായനക്കാരെ ഓർമ്മിപ്പിക്കട്ടെ. നമുക്കറിയാൻ കഴിഞ്ഞിട്ടുള്ളതിൽവച്ചേറ്റം ഉയർന്ന നിലവാരം മനുഷ്യജീവിതത്തിനു കാട്ടിയ യേശുവിന്റെ ഉപദേശത്തിനും ആത്മാവിനും അനുസൃതമായിട്ടാണോ ഈ നിലപാട് എന്ന നിലയ്ക്കായിരിക്കും, പ്രശ്നങ്ങളെ വിലയിരുത്തുക. രാഷ്ട്രങ്ങളാകട്ടെ തങ്ങൾ ചെയ്യുന്നതെന്തും ദൈവത്തിന്റെ മഹത്വത്തിനായി ചെയ്യണമെന്നതാണ് അടിസ്ഥാനപരമായ നിയമം....

മുഖപ്രസംഗത്തിന്റെ സ്വഭാവം വ്യക്തമാക്കാൻ മാത്രം ഈ വരികൾ കുറിച്ചിരിക്കുന്നു. റെയ്മണ്ടിലെ ആളുകൾക്ക് ഇതു തികച്ചും അവിശ്വസനീയമായിരുന്നു. വായനക്കാരുടെ എണ്ണം കുറഞ്ഞെങ്കിലും പത്രം മുടങ്ങാതെ ഇറങ്ങുകയും ധാരാളം ആളുകൾ ശ്രദ്ധയോടെ വായിക്കുകയും ചെയ്തു പോന്നു.

"നോർമൻ തന്റെ വാക്കു പാലിക്കുന്നതിൽ അതീവ ശ്രദ്ധയുള്ളവനാണ്" മാക്സ്‌വെൽ പത്രത്തിനു വന്ന മാറ്റം ശ്രദ്ധിച്ചുകൊണ്ടു പറഞ്ഞു. അദ്ദേഹത്തിന്റെ ഭാര്യ അടുത്തുനിന്നു കേൾക്കുന്നുണ്ടായിരുന്നു.

"അലക്സാണ്ടർ പവേഴ്സ് റെയിൽ റോഡുകളുടെ സൂപ്രണ്ടുസ്ഥാനം രാജി വച്ചിരിക്കുന്നു."

തുടർന്ന് അദ്ദേഹം ആകാംക്ഷയോടെ ആ വാർത്ത വായിച്ചു കേൾപ്പിച്ചു. വ്യവസായനിയമത്തിന്റെ ലംഘകരാണു തന്റെ കമ്പനിയെന്നതിന് അദ്ദേഹത്തിനു ലഭിച്ച തെളിവുകളുടെ അടിസ്ഥാനത്തിലാണു രാജി.

ഒരു ക്രിസ്ത്യാനിക്ക് അങ്ങനെ മാത്രമേ ചെയ്യാൻ കഴിയുകയുള്ളൂ. അദ്ദേഹം ധീരമായ ഒരു നടപടി എടുത്തിരിക്കുന്നു. ഒരുപക്ഷേ അദ്ദേഹം തെറ്റിദ്ധരിക്കപ്പെട്ടേക്കാം. എന്നാൽ വലിയ ഒരു കോർപ്പറേഷനായിരുന്നാലും ഏറ്റവും ചെറിയ ഒരു വ്യക്തി ആയിരുന്നാലും നിയമത്തിനു മുമ്പിൽ ഒരുപോലെയാണെന്നു കാണാൻ കഴിയുന്നവർക്ക് ഒരിക്കലും അദ്ദേഹത്തിന്റെ നടപടിയെ അംഗീകരിക്കാതിരിക്കാൻ കഴിയില്ല. രാജ്യസ്നേഹിയും വിശ്വസ്തനുമായ ഏതൊരു പൗരനും ചെയ്യുന്ന ഒന്നു തന്നെയാണ് അദ്ദേഹവും ചെയ്തത്. അദ്ദേഹം നൽകുന്ന തെളിവുകളുടെ അടിസ്ഥാനത്തിൽ നിയമം കാര്യങ്ങളെ വിലയിരുത്തട്ടെ. നിയമം വാഴട്ടെ.

(തുടരും)

## ഞാൻ ക്രിസ്തുവിനോടുകൂടി... *പേജ് 15 ൽ നിന്ന് തുടർച്ച*

രുണം നിഷേധിക്കപ്പെട്ടു; അതിന്റെ ഏതെങ്കിലും ഒരു ഭാഗംപോലും ഒന്നിനും ഉപകരിക്കുന്നില്ല. പൂർണ്ണമായി നാം അതിനെ ത്യജിച്ചിരിക്കയാൽ അത് ഒരുതരത്തിലും മാന്യമല്ല. ഈ സത്യമാണ് അവർക്ക് ഇടർച്ച വരുത്തുന്നത്.

ഇത് അസഹ്യമാണ്; പ്രകോപനകരമാണ്. ഒരുവന് തന്നെക്കുറിച്ച് തന്നെയുള്ള മതിപ്പ് എത്രയേറുന്നുവോ, സ്വന്ത ദൃഷ്ടിയിൽ അയാൾ എത്ര സമർത്ഥൻ ആയിരിക്കുന്നുവോ, അത്രയ്ക്കു കൂടുതൽ പ്രകോപനം അത് ഉളവാക്കും. എന്നാൽ അത് സത്യമാണ്; എപ്പോഴും മാറ്റമില്ലാത്ത സത്യമായിത്തന്നെ ഇരിക്കയും ചെയ്യും. നമ്മുടെ സ്വയം (അഹന്ത) ഒന്നാകെ മരണകരമാണ്, അതിനാൽ അത് യേശു ക്രിസ്തുവിലൂടെ ക്രൂശിൽ തറയ്ക്കപ്പെട്ടിരിക്കുന്നു. അതിന്റെ സ്ഥാനം അവിടെ മാത്രമാണ്.

**ക്രൂശിന്റെ ശക്തി**

'ക്രിസ്തുവിന്റെ ക്രൂശു വ്യർത്ഥമാകാതിരിക്കേണ്ടതിന് (അതിന്റെ ശക്തി നഷ്ടപ്പെടാതിരിക്കുന്നതിന്') (1 കൊരി. 1:17) ക്രൂശിന്റെ വചനം.... ദൈവശക്തിയാകുന്നു (വാക്യം 18). ക്രൂശിൽ അഥവാ, ക്രൂശു പ്രസംഗിക്കുന്നതിൽ എന്തു ശക്തിയാണുള്ളത്? പഴയ മനുഷ്യനെയും അവന്റെ പ്രവൃത്തികളെയും തകർത്തുകളയുവാനുള്ള ശക്തി, ജഡത്തിന്റെ പ്രവൃത്തികളെ നീക്കിക്കളയുന്ന ശക്തി. പാപം എന്നു നാം കണ്ടുകഴിഞ്ഞ എല്ലാറ്റിൽനിന്നും, ഭാവിയിൽ കാണുവാൻ ഇടയുള്ളവയിൽ നിന്നും ഈ ശക്തി നമ്മെ സ്വതന്ത്രരാക്കുന്നു.

ക്രൂശിന്റെ പ്രവൃത്തിയിലുള്ള ശക്തി ഒരുവനെ ക്രൂശിൽ തറയ്ക്കുവാനുള്ള ശക്തിയാണ്. ക്രൂശിൽ തറയ്ക്കപ്പെട്ട വ്യക്തി എവിടെയെങ്കിലും പോയി രക്ഷപ്പെടുവാൻ ഇടയാകാതെ ആണികൾ അയാളെ ക്രൂശിനോടു ചേർത്തു ബന്ധിക്കുന്നു. അങ്ങനെ അൽപസമയത്തിനുള്ളിൽ അയാൾ മരിക്കുന്നു. തന്മൂലം ക്രൂശിന്റെ ശക്തി എന്നത് അതു നമ്മെ ജഡത്തിൽ മരണത്തിന് ഏൽപിച്ചുകൊടുക്കുന്നു എന്നതാണ്. ഒന്നാമതായി നാം നമ്മുടെ അഹന്തയിൽനിന്ന്-മഹാനും ശക്തനുമായ 'ഞാൻ' എന്നവനിൽനിന്ന്-നാം അതിനെ എത്രമാത്രം കാണുന്നുവോ അതിനനുസരിച്ച് എന്നേയ്ക്കുമായി മോചനം നേടുന്നു. അതിനുശേഷം നാം ക്രമാനുഗതമായി-കുറെശ്ശെ കുറെശ്ശെയായി-നമ്മിൽത്തന്നെ കണ്ടെത്തുകയും വിശ്വാസത്താൽ ക്രൂശിക്കുകയും ചെയ്യുന്ന പാപങ്ങൾക്കും മരിച്ചവരായിത്തീരുന്നു.

**ക്രൂശ് എടുക്കുക എന്നുവച്ചാൽ എന്ത്?**

'തന്റെ ക്രൂശെടുത്തുകൊണ്ട് എന്റെ പിന്നാലെ വരാത്തവനും എന്റെ ശിഷ്യനായിരിപ്പാൻ കഴികയില്ല' (ലൂക്കോസ് 14:2) 'അപ്പോൾ അവൻ അവനെ ക്രൂശിക്കേണ്ടതിന് അവർക്ക് ഏൽപിച്ചുകൊടുത്തു. അവർ യേശുവിനെ കൈയേറ്റു. അവൻ താൻതന്നെ ക്രൂശിനെ ചുമന്നുകൊണ്ട് എബ്രായഭാഷയിൽ ഗോൽഗോഥാ എന്നുപേരുള്ള തലയോടിടം എന്ന സ്ഥലത്തേയ്ക്കു പോയി' (യോഹ: 19:16-17). ഒരുവൻ തന്റെ ക്രൂശു വഹിക്കുക എന്നതിന്റെ അർത്ഥം ഒന്നുമാത്രം. അതല്ലാതെ മറ്റൊരർത്ഥവും അതിനുണ്ടാവുക സാധ്യമല്ല. അതെന്തെന്നാൽ തന്റെ തന്നെക്രൂശീകരണത്തിനു സഹായിക്കുക എന്നതുതന്നെ. താൻ ക്രൂശിക്കപ്പെടേണ്ടത് ആവശ്യമെന്നു മനസ്സിലാക്കുന്നയാൾ അത് സന്തോഷപൂർവ്വം ചെയ്യും.

നന്നാകുവാൻ സാധ്യതയില്ലാത്ത കുറ്റവാളികളാണ് ക്രൂശിൽ തറയ്ക്കപ്പെ





ടുന്നത്. താൻതന്നെ തറയ്ക്കപ്പെടുവാനുള്ള കുരിശിനെ വഹിക്കുവാൻ ആര് ആഗ്രഹിക്കും? ജഡപ്രകാരം താൻ നന്നാകാൻ സാധ്യതയില്ലെന്ന് തന്നെക്കുറിച്ചു തന്നെ മനസ്സിലാക്കുന്ന ഒരുവൻ, അതുനിമിത്തം തന്റെ കഥകഴിക്കുവാൻ സാധിക്കുന്നതിൽ സന്തുഷ്ടനായി അതിനു നന്ദി പ്രകാശിപ്പിക്കുന്ന ഒരുവൻതന്നെ. തന്റെ സന്തുഷ്ടിക്കും പുരോഗതിക്കും തടസ്സമായി നിൽക്കുന്നത് തന്റെതന്നെ അഹന്ത (സ്വയം) ആണെന്നു മനസ്സിലാക്കുന്ന ഏതൊരാളും തന്റെ ജഡത്തെ ക്രൂശിൽ തറയ്ക്കുകതന്നെ ചെയ്യും.

**ക്രൂശിന്റെ ചുവട്ടിലോ ക്രൂശിൻമേലോ?**

ഒരുവൻ ക്രൂശിന്റെ ചുവട്ടിലേക്കു വരണം എന്നു പലരും പറയുകയും ആ വിധത്തിൽ പാടുകയും ചെയ്യുന്നത് നാം കേൾക്കാറുണ്ട്. എങ്കിലും തിരുവചനത്തിൽ അതിനെപ്പറ്റി ഒന്നും പറഞ്ഞുകാണുന്നില്ല. നേരേമറിച്ച് ക്രിസ്തുവിനോടുകൂടി ക്രൂശിക്കപ്പെടുന്നതിനെപ്പറ്റി, അഥവാ ക്രൂശിന്മേൽ നാം മരിക്കുന്നതിനെപ്പറ്റി തിരുവെഴുത്തുകൾ പറയുന്നുണ്ട്. എന്നാൽ സാധാരണ ക്രിസ്ത്യാനികൾ സംസാരിക്കുമ്പോൾ ഈ കാര്യം പരാമർശിക്കാറില്ല.

എല്ലാതരത്തിലുള്ള ആളുകൾക്കും ക്രൂശിന്റെ ചുവട്ടിൽ നിൽക്കുവാൻ കഴിയും. എന്നാൽ തങ്ങളുടെ ജീവനെ മരണപര്യന്തം വെറുക്കുകയും പൂർണ്ണഹൃദയത്തോടെ ദൈവത്തെ സ്നേഹിക്കുകയും ചെയ്യുന്നവർ മാത്രമേ ക്രൂശിൽ സ്വയം മരിക്കുന്നുള്ളു. വിശ്വാസത്താൽ ക്രിസ്തുവിന്റെ മരണത്തിലും ജീവനിലും പങ്കാളികളായിത്തീരുന്നവരും എന്തുവിലകൊടുത്തും അവിടുത്തെ കാല്പാടുകൾ പിന്തുടരുന്നവരുമാണ് അവർ.

ഏറ്റവും വലിയ ഭോഷന്മാരായിരിക്കുന്ന രണ്ടു കൂട്ടരുണ്ട്. ഒരു കൂട്ടർ ക്രിസ്തു നമുക്കുവേണ്ടി ക്രൂശിക്കപ്പെട്ടു എന്ന പ്രാരംഭസത്യത്തെ അവഗണിക്കുന്നവരാണ്. മറ്റേ കൂട്ടർ ഈ ആരംഭത്തെ പ്രശംസിക്കുകയും എന്നാൽ അതിന്റെ തുടർച്ചയെ അതായത് ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെടുക എന്ന അനുഭവത്തെ നിരാകരിക്കയും ചെയ്യുന്നു. രണ്ടു കൂട്ടരും ഒരുപോലെ തന്നെ ഭോഷന്മാരാണ്.

ദൈവം ഈ ദിവസങ്ങളിൽ നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്ന അനേകം ഹൃദയങ്ങൾക്ക് ഈ അത്ഭുത രഹസ്യം വെളിപ്പെടുത്തട്ടെ. "ഞാൻ ക്രിസ്തുവിനോടുകൂടി ക്രൂശിക്കപ്പെട്ടിരിക്കുന്നു: ഇനി ജീവിക്കുന്നത് ഞാനല്ല, ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു."

**Just a Minute**



*Jesus said, "Heaven and earth will pass away, but My words will not pass away."* **(Mark 13:31.)**

**Pheba P.Cleetus, Kochi**

# അമ്മയുടെ ദൈവം

പ്രശസ്ത സുവിശേഷകനായിരുന്ന ആർ. എ. ടോറി ചെറുപ്പത്തിൽ പാപവഴികളിൽ അലഞ്ഞുനടന്ന ഒരുവനായിരുന്നു. ടോറിക്ക് ദൈവത്തിലോ ബൈബിളിലോ യാതൊരു വിശ്വാസവും ഉണ്ടായിരുന്നില്ല.

അതേസമയം വളരെ ഭക്തയായ ഒരു സ്ത്രീരത്നമായിരുന്നു ടോറിയുടെ അമ്മ. അവർ പലപാവശ്യം ടോറിയോട് യേശുക്രിസ്തുവിനെക്കുറിച്ച് പറയുമായിരുന്നു. പക്ഷേ ഇതൊന്നും അവനെ അനുതാപത്തിലേക്കു നയിച്ചില്ല.

ഒരുദിവസം ടോറിയുടെ അമ്മ അവനോടു വീണ്ടും സുവിശേഷം പറയുവാൻ തുടങ്ങി. പക്ഷേ ഇപ്രാവശ്യം ടോറി പതിവിലേറെ ക്രുദ്ധനായി. “നിങ്ങളുടെ പ്രാർത്ഥനയെക്കുറിച്ചോ എന്റെ പാപത്തെക്കുറിച്ചോ ഒന്നും ഇനി മിണ്ടരുത്. എനിക്കൊന്നും കേൾക്കണ്ട. ഞാൻ നിങ്ങളെ ആരെയും കൂടുതൽ ബുദ്ധിമുട്ടിക്കാതെ ഈ വീട്ടിൽ നിന്നും പോകുകയാണ്”.

അതുകേട്ടപ്പോൾ അമ്മയുടെ ഹൃദയം തകർന്നുപോയി. വീടുവിട്ടു പോകരുതെന്ന് അവർ ടോറിയോടു കണ്ണുനീരോടെ അപേക്ഷിച്ചു. പക്ഷേ ടോറി തന്റെ തീരുമാനത്തിൽ ഉറച്ചു നിന്നു.

ഒടുവിൽ ടോറി ദേഷ്യത്തോടെ വീടുവിട്ടിറങ്ങിപ്പോകാൻ നേരം ആ അമ്മ ഉച്ചത്തിൽ ഇപ്രകാരം വിളിച്ചു പറഞ്ഞു: “മോനെ, നീ തീർത്തും തെറ്റായ മാർഗ്ഗത്തിലൂടെയാണ് പോകുന്നത്. എങ്കിലും നിന്റെ പ്രതീക്ഷകളെല്ലാം ഒരുനാൾ അസ്തമിക്കുമ്പോൾ, നീ പിടിച്ചിരിക്കുന്ന കയറിന്റെ അങ്ങേ അറ്റത്തെത്തുമ്പോൾ, നിന്റെ അമ്മയുടെ ദൈവത്തെ പൂർണഹൃദയത്തോടെ വിളിച്ചപേക്ഷിക്കുക. തീർച്ചയായും അവിടുന്നു നിന്നെ സഹായിക്കും.”

വീടുവിട്ടുപോയ ടോറി കൂടുതൽ മോശമായ വഴികളിലേക്കു തിരിഞ്ഞു. ലോകസുഖങ്ങളുടെ മായച്ചന്തയിലൂടെ അവൻ ലക്കും ലഗാനുമില്ലാതെ അലഞ്ഞു. ഒടുവിൽ അവൻ ലോകസുഖങ്ങളുടെ വ്യർത്ഥത തിരിച്ചറിഞ്ഞു. അവൻ വലിയ നിരാശതയിലും ദുഃഖത്തിലുമായി. പ്രതീക്ഷകളെല്ലാം അസ്തമിച്ചു. താൻ മുറുകെപ്പിടിച്ചിരുന്ന ലോകാശ്രയത്തിന്റെ അങ്ങേത്തലയ്ക്കൽ എത്തിയതുപോലെ.... അടച്ചിട്ട ഹോട്ടൽ മുറിയിൽ കൈത്തോക്കുകൊണ്ടു ജീവനൊടുക്കിക്കളയാം എന്നു ടോറി തീരുമാനിച്ചു. അവൻ അലമാരയിൽ നിന്നു തോക്കെടുക്കാനായി കൈ നീട്ടി... പെട്ടെന്ന് അവന്റെ ഹൃദയത്തിൽ അമ്മയുടെ വാക്കുകൾ അലയടിച്ചു “മോനെ... പ്രതീക്ഷ എല്ലാം അസ്തമിക്കുമ്പോൾ, നിന്റെ അമ്മയുടെ ദൈവത്തെ വിളിച്ചപേക്ഷിക്കുക. ”

ടോറി പാപബോധത്തോടെ മുട്ടിന്മേൽ വീണു. നിലവിളിയോടെ ഇങ്ങനെയവൻ പ്രാർത്ഥിച്ചു “എന്റെ അമ്മയുടെ ദൈവമേ, അങ്ങനെയൊരാളുണ്ടെങ്കിൽ, അങ്ങയുടെ സഹായം ഇപ്പോൾ എനിക്കാവശ്യമാണ്. അങ്ങെന്നെ സഹായിച്ചാൽ ഞാൻ എന്നും അങ്ങയെ പിൻപറ്റാം” പൊടുന്നനെ, ടോറിയുടെ ഹൃദയത്തിലെ നിരാശത മാറി. യേശുക്രിസ്തുവിനെ അവൻ ഹൃദയത്തിൽ നാഥനും കർത്താവുമായി വാഴിച്ചതോടെ കൂരിരുൾ ഒഴിഞ്ഞുപോയതുപോലെ. ടോറി ഒരു പുതിയ സൃഷ്ടിയായിത്തീർന്നു. പില്ക്കാലത്ത് ടോറി അനേകായിരങ്ങളെ ക്രിസ്തുവിനായി നേടുന്ന സുവിശേഷകനും എഴുത്തുകാരനുമായിത്തീർന്നു. “മകനേ, നിന്റെ ഹൃദയം എനിക്കു തരിക”(സദൃശ വാക്യം 23:26) (വെളിപ്പാട് 3:20, 21)